മലയാളരാജ്യം
ആഴ്ചപ്പതിപ്പ്



# THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII As. 2 No. 208

13th February 1950

# മനുഷ്യത്വവും പുരോഗതിയും

വക്കം അബ്ദുൽഖാദർ

മനുഷ്യത്വത്തെയും മനുഷ്യലോകത്തെയും ഉന്നമിപ്പിക്കുന്നതിന് ചിന്തകന്മാർ പണ്ടുമുതൽക്കേ പല സിദ്ധാന്തങ്ങളെ ഉന്നയിച്ചിട്ടുണ്ട്. മനുഷ്യത്വത്തെസംബന്ധിച്ച തങ്ങളുടെ ആശയങ്ങളും വീക്ഷണങ്ങളും അനുസരിച്ച് അവരുടെ സിദ്ധാന്തങ്ങൾക്ക് തമ്മിൽ പൊരുത്തവും പൊരുത്തക്കേടും കാണാവുന്നതാണ്. ലക്ഷ്യങ്ങളെയും മാർഗ്ഗങ്ങളെയും അധികരിച്ച് ചിന്തകന്മാരുടെ ഇടയ്ക്കുള്ള അനൈക്യത്തിന് ഇന്നുവരെ അറുതിവന്നിട്ടില്ല. മൂല്യങ്ങൾക്കും മാനദണ്ഡങ്ങൾക്കും ഈ കാലഘട്ടത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനം ചിന്തകന്മാരെ പലവിധത്തിൽ വിഷമിപ്പിക്കുന്നുവെന്നുകാണാം. ആശയപരമായ സംഘട്ടനങ്ങളും വിഭിന്നതകളും പുരോഗതിയുടെ പുതിയ വീഥികളെ തുറക്കുന്നതിന് അനുപേക്ഷണീയമാണ്. വൈരുദ്ധ്യങ്ങളുടെ ഏറ്റുമുട്ടലിൽ പഴയതു് ക്ഷയിക്കയും പുതിയതു് ആവിർഭവിക്കയും ചെയ്യുന്നു. ആഘാത-പ്രത്യാഘാത-സമാഘാതങ്ങളിൽകൂടി നാം പുരോഗതിയെ വിവരിക്കുന്നു.

സാമ്പത്തികക്കുഴപ്പങ്ങളും രാഷ്ട്രീയ-സാമൂഹ്യവിപ്ലവങ്ങളും മഹായുദ്ധങ്ങളും വന്നു് മനുഷ്യന്റെ മനോഭാവത്തെയും താല്പര്യങ്ങളെയും വികാരവിചാരഗതിയേയും മൗലികമായി പരിവർത്തിപ്പിച്ചിട്ടുണ്ട്. വ്യക്തിയുടേയും സമുദായത്തിന്റേയും ജീവിതത്തെ വിചാരപരവും കർമ്മപരവും ആയ ഒരു വിപ്ലവബോധം ചലിപ്പിച്ചുകൊണ്ടിരിക്കയാണ്. ആസ്തികമായ പൂർണ്ണത ലഭിച്ചുകഴിഞ്ഞിട്ടില്ലെങ്കിലും ആയതു ഭാവത്തെയും ആവശ്യത്തെയും സംബന്ധിച്ചിടത്തോളം അതിശക്തവും അഗാധവുമാണെന്നുള്ളതിൽ സംശയമില്ല. ആധുനികഭൗതികശാസ്ത്രങ്ങളുടെ കണ്ടുപിടിത്തങ്ങളും അവയുടെ സത്യത്തെ അവലംബിച്ച് ആവിർഭവിച്ചിട്ടുള്ള നവീന തത്വചിന്തയും പ്രകൃതവിപ്ലവബോധത്തിന് വീര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. പുതിയ മൂല്യങ്ങളും മാനദണ്ഡങ്ങളുംവെച്ചുകൊണ്ട് വിശാലസഞ്ചാരങ്ങളിൽ ഒരു നവീനമനുഷ്യസമുദായത്തെ സൃഷ്ടിക്കുവാനുള്ള സംരംഭങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ചിലപ്രകാരങ്ങളിൽ പ്രത്യാശയും ചിലപ്രകാരങ്ങളിൽ നിരാശയും മററുചിലപ്രകാരങ്ങളിൽ ഭീതിയും ആശങ്കയും അങ്കുരിച്ചിരിക്കുന്ന പരീക്ഷണങ്ങൾ നടത്തപ്പെടുന്ന കുഴപ്പംപിടിച്ച ഒരു കാലഘട്ടമാണിതു്.

ഇന്നു് 'മനുഷ്യത്വ'ത്തിനും 'പുരോഗതി'ക്കുംവേണ്ടി ആവേശംകൊണ്ട ആക്രന്ദനങ്ങൾ നമ്മിൽ വന്നലച്ചുകൊണ്ടിരിക്കുന്നു. അവയ്ക്കു് ഇന്നു നൽകപ്പെട്ടുകൊണ്ടിരിക്കുന്ന രൂപഭാവങ്ങൾ പലതാണ്. അതായതു്, മനുഷ്യത്വവും പുരോഗതിയും നാനാവിധേനയുള്ള അർത്ഥനിരൂപണങ്ങൾക്കും ചിത്രീകരണങ്ങൾക്കും വിവരണങ്ങൾക്കും വിധേയമായിരിക്കുന്നു. ചിന്തകന്മാർ അവയെസംബന്ധിച്ചിടത്തോളം കൈക്കൊണ്ടിട്ടുള്ള മൂല്യങ്ങളും മാനദണ്ഡങ്ങളും അവരുടെ കാലഘട്ടങ്ങളിലെ വിജ്ഞാനപ്രസ്ഥാനങ്ങൾ ഉല്പാദിപ്പിച്ചിട്ടുള്ള ഫലങ്ങളെയും തദനുസരണം അവർ അവലംബിച്ചിട്ടുള്ള വീക്ഷണകോടികളെയും ആശ്രയിച്ചിരിക്കുന്നു. വിഭിന്ന വീക്ഷണകോടികളിലും നിലപാടുകളിലും നിന്നുകൊണ്ട് ചിന്തകന്മാർ പുരോഗതിയേയും മനുഷ്യത്വത്തെയുംസംബന്ധിച്ച് ആവിഷ്കരിച്ചിട്ടുള്ള വിചാരസംഹിതകളെയെല്ലാം ഒരാൾക്ക് ഒരേകാലത്തു കൈക്കൊള്ളുക സാധ്യമല്ലല്ലോ. ഏതു് അധിഷ്ഠാനത്തിലാണ് മനുഷ്യത്വത്തെ ഉന്നമിപ്പിക്കേണ്ടതെന്നും ഏതുവഴിക്കാണ് പുരോഗതിയെ നയിക്കേണ്ടതെന്നും ഉള്ള പ്രശ്നങ്ങളെ ഒരേവിധത്തിലല്ല ചിന്തകന്മാർ കൈകാര്യംചെയ്തുവരുന്നതു്. നിരീക്ഷകന്മാരുടെ വീക്ഷണകോടികളും നിലപാടുകളും പരസ്പരഭിന്നങ്ങളായിരിക്കുന്നതിനനുസരണം അവരുടെ നിരീക്ഷണഫലങ്ങളും വ്യത്യസ്തമായിരിക്കും.

സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവും ആയ വിപ്ലവങ്ങൾക്കും മഹായുദ്ധങ്ങൾക്കും ഭൗതികശാസ്ത്രങ്ങളുടെ ആധുനികവികാസത്തിനും മുമ്പുള്ള കാലഘട്ടങ്ങളിൽ മനുഷ്യത്വത്തിനും മനുഷ്യാഭിവൃദ്ധിക്കും നൽകപ്പെട്ടിരുന്ന അർത്ഥവും വിവരണങ്ങളും ഇന്നത്തേതിൽനിന്നു് വ്യത്യസ്തമാണെന്നു വ്യക്തമായി മനസ്സിലാക്കാം. മതപരവും സദാചാരപരവും ആയ പഴയ മൂല്യങ്ങൾക്ക് ഇന്നുണ്ടായിരിക്കുന്ന പരിവർത്തനവും പുരോഗതിയുടെ അർത്ഥത്തിന് സാരമായ അന്തരം വരുത്തിയിട്ടുണ്ട്.

ഇന്നത്തെ ജീവിതാംശങ്ങളിൽ അനുഭവപ്പെടുന്ന ഞെരുക്കവും അന്തരവും ബുദ്ധിമുട്ടുകളും സംഘട്ടനങ്ങളും ഒരു നവീനവ്യവസ്ഥിതിയുടെ ആവശ്യകതയെ വിളിച്ചുപറയുന്നു. അനീതിയുടെയും അഴിമതിയുടേയും നിയമങ്ങളിൽ കെട്ടിപ്പടുത്ത ദുഷിച്ച വ്യവസ്ഥിതിയാണ് ഇന്നത്തെ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായ ജീവിതരംഗങ്ങളിൽ നിലനിന്നുവരുന്നതു്. മുതലാളിത്തത്തിന്റെയും ആദർശപരതയുടേയും അസ്ഥിവാരങ്ങളിൽ കെട്ടിപ്പടുത്തിട്ടുള്ള വ്യവസ്ഥിതികളെ തകർത്തു സ്ഥിതിസമത്വത്തിന്റെയും റിയലിസത്തിന്റെയും സിദ്ധാന്തങ്ങൾക്കനുസരണമായ വ്യവസ്ഥിതിയെ നടപ്പിലാക്കാനുള്ള മഹാസംരംഭങ്ങൾ ഇന്നു് ലോകത്തെങ്ങും നടന്നുകൊണ്ടിരിക്കുന്നു. പ്രായോഗികജീവിതത്തിന് പ്രയോജനപ്രദമല്ലെന്നു് കാണപ്പെടുന്ന എല്ലാററിനെയും അധിക്ഷേപിക്കയും ധ്വംസിക്കയുംചെയ്ക എന്നതു പുതിയ മനുഷ്യത്വത്തിനും പുരോഗതിക്കുംവേണ്ടിപ്രയത്നിക്കുന്നവരിൽ ഒരു വിഭാഗക്കാരുടെ പതിവായിത്തീർന്നിട്ടുണ്ട്. തങ്ങളുടെ യൂട്ടിലിറ്റേറിയൻ വീക്ഷണവുമായി ഉരസിനോക്കിയിട്ടാണ് അവർ ഒരു സിദ്ധാന്തത്തെ കൊള്ളുകയോ തള്ളുകയോ ചെയ്യുന്നതു്. ഈ മനോഭാവം മനുഷ്യനെയും മനുഷ്യജീവിതത്തെയും സംബന്ധിച്ച് സങ്കുചിതവും അപൂർണ്ണവും ആയ ഒരു വീക്ഷണത്തെ പ്രചരിപ്പിക്കയും ചെയ്യുന്നുണ്ട്. മനുഷ്യജീവിതം എന്നതു കേവലം കായികവ്യാപാരങ്ങളുടെ അർത്ഥത്തിൽമാത്രം ഒതുങ്ങുന്ന ഒന്നല്ല. ജീവിതത്തിന്റെ സ്ഥൂലവശങ്ങളെ തൃപ്തിപ്പെടുത്തുകയും കൊഴുപ്പിക്കയും ചെയ്യുന്നതുകൊണ്ട് ജീവിതസംതൃപ്തി കൈവരികയില്ല. ഉദരപരിപൂരണംകൊണ്ട് പൂർണ്ണമനുഷ്യത്വം പുലരുമെന്ന വിചാരം മനുഷ്യത്വത്തിന്റെ വിചാരമല്ല. മതിയാവോളം തിന്നുകുടിച്ചുകഴിയുന്നവരെല്ലാം മനുഷ്യരാണെങ്കിൽ കഴുതകളിലും പന്നികളിലും മനുഷ്യരുണ്ടെന്നു് സമ്മതിക്കണം. പട്ടാപ്പട്ടിണിക്കാരനും വിയർത്തൊലിക്കുന്നവനുമാണു് ശരിയായ മനുഷ്യൻ എന്നൊരു ധാരണപരത്തുവാൻ വേലക്കാരുടെ ഇന്നത്തെ ചില കപടപ്രവാചകന്മാർ ശ്രമിക്കുന്നതും കാണാം. ഉള്ളവരൊക്കെ കള്ളന്മാരായ കൊള്ളക്കാരാണെന്നും ഇല്ലാത്തവരാണ് ഭൂമിയുടെ അവകാശികളെന്നും അവർ തങ്ങളുടെ വേദം പ്രസംഗിച്ചുനടക്കുന്നുണ്ട്. ഇന്നത്തെ ദുഷിച്ച വ്യവസ്ഥിതിയും അതിനുത്തരം പറയേണ്ടതുണ്ട്. സാമ്പത്തികസമത്വമോ സ്ഥിതിസമത്വമോ കൈവന്നാൽ മനുഷ്യത്വം കൈവരുമെന്ന ധാരണ ശരിയല്ല. കുടിലോ കൊട്ടാരമോ ദാരിദ്ര്യമോ കുബേരത്വമോ അല്ല മനുഷ്യത്വത്തെ സ്ഥാപിക്കുന്നതു്. അവയ്ക്കു മനുഷ്യത്വത്തിന്റെമേൽ സ്വാധീനശക്തി ചെലുത്തുവാൻ കഴിയുമെന്നേയുള്ളു. മനുഷ്യസ്വഭാവത്തെ നിർണ്ണയിക്കുന്ന സാമ്പത്തികഹേതുക്കളാണെന്ന മാർക്സിന്റെ സിദ്ധാന്തം തികച്ചും ശരിയല്ല. പരിതാവസ്ഥകളുടെ സൃഷ്ടിയാണ് മനുഷ്യൻ എന്ന സോഷ്യലിസത്തിന്റെവാദം അനിഷേധ്യമാണെന്ന് വിചാരിക്കാൻ നിവൃത്തിയില്ല. ഇന്നത്തെ വിപ്ലവപ്രസ്ഥാനക്കാരും യഥാസ്ഥിതികരും മനുഷ്യത്വത്തെയും പുരോഗതിയേയും സംബന്ധിച്ച് ഉദ്ബോധിപ്പിക്കുന്ന കാര്യങ്ങളിൽ പലതും അസംബന്ധങ്ങളാകുന്നു.

ഇന്നത്തെ 'പാർട്ടി'ക്കാരും പ്രസ്ഥാനക്കാരും മനുഷ്യത്വത്തിനും പുരോഗതിക്കും നൽകിക്കൊണ്ടിരിക്കുന്ന വ്യാഖ്യാനങ്ങൾ അവയെ ഒന്നിൽനിന്ന് പലതിലേക്കു ചിതറിക്കുന്നവയാണ്. ഭൗതികവാദികളും ആത്മവാദികളും മനുഷ്യത്വത്തിനും പുരോഗതിക്കും നൽകുന്ന അർത്ഥം വിഭിന്നങ്ങളാണ്. ഇവരുടെ വാദങ്ങളിലെല്ലാം ധാരാളം പരസ്പരവിദ്വേഷവും അസഹിഷ്ണുതയും പക്ഷപാതബുദ്ധിയുടെ ലഹരിയും കലർന്നിരിക്കുന്നു. 'ഡയലക്ടിക്കൽ മെറ്റീരിയലിസ'വുമായി പൊരുത്തപ്പെടാത്ത സകലതിനെയും മാർക്സിസ്റ്റുകാർ അസംബന്ധമെന്നോ പഴഞ്ചനെന്നോ പട്ടുവിഡ്ഢിത്തമെന്നോ അല്പംകൂടാതെ വിളിച്ചധിക്ഷേപിക്കും. അരശതാബ്ദത്തിനിപ്പുറമുള്ള മനഃശാസ്ത്രം, ജീവശാസ്ത്രം, ഊർജ്ജതന്ത്രം, ജ്യോതിശ്ശാസ്ത്രം, ഗണിതം, തത്വജ്ഞാനീയം, എന്നിവയുടെ പല കണ്ടുപിടിത്തങ്ങളും സിദ്ധാന്തങ്ങളും ഡയലക്ടിക്കൽ മെറ്റീരിയലിസവുമായി പൊരുത്തപ്പെടാത്തവയാണ്. ജീവശാസ്ത്രത്തിൽ ഈയിടെ വലിയ കോളിളക്കങ്ങൾക്ക് കാരണമായ ലിസെൻകോ സിദ്ധാന്തം 'പാരമ്പര്യനിയമ'ത്തെ അഹിഷ്കാര്യമായി അസ്ഥിരപ്പെടുത്തിക്കഴിഞ്ഞുവെന്ന് ഒരു ധാരണ പരന്നിട്ടുണ്ട്. മെൻഡലിന്റെ സിദ്ധാന്തംഎന്നപോലെ ലിസെൻകോയുടെ സിദ്ധാന്തവും ശാസ്ത്രജ്ഞന്മാരുടെ ഗാഢമായ പരിചിന്തനത്തിനും ചർച്ചയ്ക്കും വിഷയമായിരിക്കയാണ്. ലിസെൻകോയുടെ സിദ്ധാന്തത്തെ മാർക്സിസത്തോട് ചാർത്തുനില്ക്കുന്ന ഹാൻഡയിൽ വിമർശിച്ചിട്ടുണ്ട്. അതേപ്പററിയുള്ള ഒരു വിചിന്തനം ഇവിടെ അപ്രസക്തമായിരിക്കും.

ജീൻസ്, എഡിങ്ടൺ, ഐൻസ്റ്റീൻ, പ്ലാങ്ക്, മില്ലികൻ, റസ്സൽ, വൈററ്ഹെഡ് മുതലായ സ്വതന്ത്രനിരീക്ഷകന്മാരും ശാസ്ത്രീയചിന്തകന്മാരും 'ചെപ്പടിവിദ്യ'ക്കാരായ കമ്യൂണിക്കാരാണെന്നു് ഡോഗ്മാറ്റിക് കമ്മ്യൂണിസ്റ്റുകാർ പറയുവാൻ ലജ്ജിക്കയില്ല. ഇവരെല്ലാം ബൂർഷ്വാവർഗ്ഗത്തിന്റെയും മുതലാളിവർഗ്ഗത്തിന്റെയും യഥാസ്ഥിതികവർഗ്ഗത്തിന്റെയും 'പിൻതിരിപ്പനാരായ പ്രചാരവേലക്കാരാ'ണെന്നും മാർക്സിസ്റ്റുകാർ വിധിക്കും. ഭാവനാശൂന്യരും ദാർശനികമായ കഴിവുകളില്ലാത്തവരും വികാരരഹിതരും ആയ ഒരു തരം 'യുക്തിവാദി'കളും അവർക്ക് കൂട്ടിനുണ്ട്. ഡോഗ്മാറ്റിസത്തിലും കക്ഷിത്വത്തിലും നിന്നു് എത്രയോ നീങ്ങാതെ അവയിൽ താഴ്ന്നുകിടക്കുന്ന ഇന്നത്തെ ഒരു കൂട്ടം പാർട്ടിഭ്രാന്തന്മാരും അന്ധവിശ്വാസത്തെ പുലർത്തുന്ന മക്കടമുഷ്ടിക്കാരായ യഥാസ്ഥിതികരും അവരവരുടെ നിലയുറപ്പിക്കാൻ മനുഷ്യത്വത്തെയും പുരോഗതിയെയും അലങ്കോലപ്പെടുത്തുന്നവരാണ്. സത്യത്തെ മറയ്ക്കുകയും മറിച്ചുകെട്ടുകയും വിജ്ഞാനത്തെ വികലപ്പെടുത്തുകയും ചെയ്യുന്നതിൽ ഈ രണ്ടു കക്ഷികളും ഒട്ടും മോശക്കാരല്ല. ഈ രണ്ടു വിരുദ്ധക്യാമ്പുകളുടെ സീമകളിൽ ഒതുങ്ങുന്നവയല്ല മനുഷ്യത്വവും പുരോഗതിയും. ആധുനികമനുഷ്യവംശത്തെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നപരമ്പരകളെ പരിഹരിച്ച് ലോകസമാധാനവും ക്ഷേമവും പുലർത്തുവാൻ മുതലാളിത്തത്തിനോ സ്ഥാപിതമതങ്ങൾക്കോ ഇന്നത്തെ രാഷ്ട്രീയസാമ്പത്തികപ്രസ്ഥാനങ്ങൾക്കോ സാധ്യമല്ല. ഈ വസ്തുത എമെറി റീവ്സ് തന്റെ 'അനാട്ടമി ആഫ് പീസ്' എന്ന കൃതിയിലും റസ്സൽ അദ്ദേഹത്തിന്റെ പല കൃതികളിലും അസന്ദിഗ്ദ്ധമായി വെളിപ്പെടുത്തിയിട്ടുണ്ട്.

പരസ്പരവിദ്വേഷവും അസഹിഷ്ണുതയും വെറുപ്പും നിറഞ്ഞ അനേകം രാഷ്ട്രീയപാർട്ടികളും പ്രസ്ഥാനക്കാരുംകൂടി അധികാരം കരതിക്കവരുവാൻ, തങ്ങളുടെ മേധാവിത്വം സ്ഥാപിക്കുവാൻ നാനാവിധത്തിൽ ദുഷ്പ്രചരണങ്ങൾ നടത്തി, അടവുകളും തന്ത്രങ്ങളും പ്രയോഗിച്ച്, അഴിമതിയും കെടുതിയും വിതച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണിതു്. മനുഷ്യവംശപ്രണയത്തിന്റെ മൂർത്തിമദ്ഭാവങ്ങളെന്നും ലോകോദ്ധാരകന്മാരെന്നും നടിക്കുന്ന ഇവരാണ് ഇന്നത്തെ ഏററവും വലിയ മനുഷ്യദ്രോഹികൾ. കോപ്പർണിക്കസിന്റെ കാലത്തു പ്രകൃതിശാസ്ത്രത്തിന്റെ അവസ്ഥ എന്തായിരുന്നുവോ ആ അവസ്ഥയിലാണ് ഇന്നത്തെ രാജ്യതന്ത്രം എന്നു് എമെറി റീവ്സ് അനുസ്മരിപ്പിക്കുന്നതു തികച്ചും അർത്ഥവത്താണ്. അധികാരതൃഷ്ണയും ഔദ്ധത്യവും അജ്ഞതയും സ്വാർത്ഥലോലുപതയുംപൂണ്ട ഇന്നത്തെ രാഷ്ട്രീയമേധാവികൾ സയൻസിന്റെയും മററു വിജ്ഞാനപ്രസ്ഥാനങ്ങളുടെ ലോകത്തെ അമർത്തിവെച്ചിരിക്കുന്നതു മനുഷ്യത്വത്തിന്റെയും പുരോഗതിയുടേയും വിപത്തിനെയാണ് വിളിച്ചറിയിക്കുന്നതു്. തണ്ടന്മാരായും ഉദ്ധതന്മാരായും കാണപ്പെടുന്ന ഇന്നത്തെ രാഷ്ട്രീയലോകത്തിലെ പ്രസിഡണ്ടന്മാർ, മന്ത്രിമാർ, സിക്രട്ടറിമാർ, മററു 'വലിയ ആളുകൾ' എന്നിവർ അല്പബുദ്ധികളെന്നു് മാത്രമല്ല പലവിധത്തിലും ന്യൂറാട്ടിക്കുകളാണെന്നും അവരെ മാനസികാപഗ്രഥനപരമായ ചികിത്സയിലേല്പ്പെടുത്തണമെന്നും റസ്സൽ പ്രസ്താവിക്കുന്നതും ശ്രദ്ധേയമാണ്. ഇന്നത്തെ രാഷ്ട്രീയ-സാമൂഹ്യനേതാക്കന്മാരായി അംഗീകരിക്കപ്പെട്ടിട്ടുള്ളവർക്ക് ഇതിനേക്കാൾ വിവേകവും ബുദ്ധിയും മനുഷ്യസ്നേഹവും അവരുടെ ഭവനങ്ങളിലെ കട്ടിൽ, കസേര, മേശ മുതലായ ഉപകരണങ്ങൾക്കും നാല്ക്കാലിജന്തുക്കൾക്കും ഉണ്ടെന്ന് ഷാ പരിഹസിക്കുന്നു.

ജർമ്മൻനാസിസവും ഇററാലിയൻഫാസിസവും അവിടങ്ങളിലെ സയൻസിന്റെയും സംസ്കാരത്തിന്റെയും പുരോഗതിയെ എത്രമാത്രം സ്തംഭിപ്പിച്ചുവെന്ന് വിവരിക്കേണ്ടതില്ല. സോവ്യററ് റഷ്യ സയൻസിന്റെ വളർച്ചയെ ഒരുവശത്തുകൂടി പ്രോത്സാഹിപ്പിച്ചപ്പോൾ മറെറാരുവശത്തുകൂടി അതിന്റെ സ്വതന്ത്രമായ വികാസത്തെ നിരുത്സാഹപ്പെടുത്തി. സ്റ്റേററിന്റെ താല്പര്യത്തിനും ഹിതത്തിനും ആവശ്യത്തിനും അനുസരണമായി സോവ്യററ് റഷ്യ അവിടത്തെ ശാസ്ത്രീയപ്രവർത്തനങ്ങളെയും മററു ധിഷണാപരമായ വ്യാപാരങ്ങളെയും എങ്ങനെ എത്രമാത്രം നിയന്ത്രിക്കുന്നുവെന്ന് എറിക് ആഷ്ബി "സയൻറിസ്റ്റ് ഇൻ റഷ്യ" എന്ന തന്റെ ഗ്രന്ഥത്തിൽ നിഷ്പക്ഷമായി എടുത്തുകാണിച്ചിട്ടുണ്ട്. സ്വേച്ഛാധിപത്യത്തിന്റെ രാജ്യങ്ങളിലെന്നപോലെ മുതലാളിത്തവ്യവസ്ഥിതിയെ പുലർത്തുന്ന രാജ്യങ്ങളിലും സ്വതന്ത്രചിന്തയ്ക്കും സയൻസിനും സാഹിത്യകലകൾക്കും നിർവിഘ്നം വളരാൻ കഴികയില്ല. തൊഴിലാളിമേധാവിത്വത്തിന്റെ രാജ്യങ്ങളിൽ അവരുടെ താല്പര്യത്തിനെതിരായിട്ടുള്ള എല്ലാം മർദ്ദിക്കപ്പെടുന്നു. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവും ആയ മതഭ്രാന്തുപിടിച്ച സിദ്ധാന്തങ്ങളെയും നിയമങ്ങളെയും അവലംബിച്ച് പ്രവർത്തനംനടത്തുന്ന യാതൊരുവിധ ഗവർമ്മെന്റിന്റെ കീഴിലും മനുഷ്യത്വത്തിന് പൂർണ്ണമായി വികസിക്കാൻ കഴികയില്ല. പരീക്ഷണങ്ങളിലിരിക്കുന്ന ഇന്നത്തെ കമ്മ്യൂണിസത്തിനോ സോഷ്യലിസത്തിനോ ഡെമോക്രസിക്കോ മാതൃകായോഗ്യമായ മനുഷ്യസമുദായത്തെ സൃഷ്ടിക്കാനുള്ള കഴിവുപോരാ. ചില കോണങ്ങളിൽ അവ നമുക്കു ആശയും ആശ്വാസവും നൽകുന്നു. നമുക്കു വികസിക്കുവാനുള്ള വഴികൾ തുറന്നുതരുന്നു. അപ്രകാരങ്ങളിൽ അവ സ്വാഗതാർഹങ്ങളാണ്. എന്നാൽ മററുചിലപ്രകാരങ്ങളിൽ അവ ആശങ്കയ്ക്കും ആപത്തിനും കാരണമാവുന്നു; നമ്മുടെ ചില ജീവിതവശങ്ങളെ അവ വരട്ടിക്കളയുന്നു. അപ്രകാരങ്ങളിൽ അവ എതിർക്കപ്പെടേണ്ടവയുമാണ്. വ്യക്തിയേയും സമുദായത്തെയും തമ്മിൽ അവരുടെ ഉന്നമനത്തിന് വിഘാതം വരുത്താത്തവിധത്തിൽ അനുരഞ്ജിപ്പിക്കുവാൻ പ്രാപ്തമായ രാഷ്ട്രീയസാമ്പത്തികസിദ്ധാന്തങ്ങളും നിയമങ്ങളും നമുക്കു് സിദ്ധിക്കാത്ത കാലത്തോളം രാഷ്ട്രീയാധികാരികളുടെ കീഴിൽ മനുഷ്യത്വത്തിനും പുരോഗതിക്കും ഉടവുകളും കോട്ടങ്ങളും സംഭവിച്ചുകൊണ്ടിരിക്കും. 'രാഷ്ട്രീയാധികാരികൾ നല്ലവരായിത്തീരുകയോ നല്ലവരുടെ കയ്യിൽ രാഷ്ട്രീയാധികാരം വന്നുചേരുകയോ ചെയ്യാത്ത കാലത്തോളം മനുഷ്യവർഗ്ഗത്തിന് ആശയ്ക്കു വകയില്ല' എന്നു പണ്ടു് പ്ലേറേറാ പറഞ്ഞ വാക്കുകൾ ഇന്നും അർത്ഥഗർഭമാണ്. വ്യക്തിസ്വാതന്ത്ര്യം സാമൂഹ്യപരിധിയിൽ വീണടിയുകയോ സാമൂഹ്യാധികാരം വ്യക്തിയുടെ കുത്തകയായിത്തീരുകയോ ചെയ്യുന്ന അവസ്ഥ മനുഷ്യപുരോഗതിക്കു ഒരിക്കലും പ്രേരകമല്ല. സാമൂഹ്യപ്രബുദ്ധതയും സാമൂഹ്യസാമ്പത്തികഭദ്രതയും ഇല്ലാത്ത ആ സ്ഥിതിയിൽ കേവലജനാധിപത്യം പുരോഗതിയുടെ ഒരു ശാപമായിരിക്കും.

ശാസ്ത്രീയവും സാഹിത്യകലാപരവും തത്വചിന്താപരവും വിദ്യാഭ്യാസപരവും ആയ കാര്യങ്ങളുടെ മേൽനോട്ടം ഇന്നത്തെ കമ്മിററികളോ സംഘടനകളോ വഹിക്കുകയാണെങ്കിൽ അവയുടെ പുരോഗതി മഹാകുഴപ്പത്തിലാകാതിരിക്കയില്ല. ഇന്നത്തെ സംഘടനകളുടെ കൈയിൽ ശാസ്ത്രീയവകുപ്പ് അകപ്പെടുന്നതിന്റെ വിപത്തിനെപ്പററി ഐൻസ്റ്റീൻ ഈയിടെ ചെയ്ത പ്രസ്താവം ശ്രദ്ധേയമാണ്. ടിക്കോ, ബ്രിഹി, കെപ്ലർ, ബ്രൂണോ, ഗലീലിയോ, ന്യൂട്ടൺ, ഡാർവ്വിൻ, ഐൻസ്റ്റീൻ, ഫ്രായിഡ്, മാർക്സ്, റസ്സൽ തുടങ്ങിയ സ്വതന്ത്രനിരീക്ഷകന്മാർക്കും വിജ്ഞാനത്തിന്റെ നായകന്മാർക്കും വളരാൻ സാധിക്കാത്ത അവസ്ഥ മനുഷ്യത്വത്തിനും പുരോഗതിക്കും ഒരിക്കലും അഭിലഷണീയമല്ല. വിജ്ഞാനപരവും ചിന്താപരവും ആയ പുരോഗതിയുടെ ഓരോ ചുവടും വ്യക്തികളുടെ സൃഷ്ടിയാണ്. വിജ്ഞാനപുരോഗതിയുടെ അവകാശികൾ വ്യക്തികളാണ്. 'ഉല്പാദനത്തിന്റെ ചരിത്രമാണ് വ്യക്തിയുടെ ചരിത്ര'മെന്ന മാർക്സിന്റെ വീക്ഷണം തകർന്നുപോയിട്ടുണ്ട്.

പുരോഗതിക്കും മനുഷ്യത്വത്തിനും ഇന്നു് സംഭവിച്ചിരിക്കുന്ന അപകടങ്ങളിൽ ഒന്നു് അവയെ സംബന്ധിച്ച ബോധത്തിൽ കടന്നുകൂടിയിട്ടുള്ള വൈകല്യങ്ങളാണ്. മനുഷ്യത്വം ഒന്നേയുള്ളു. പുരോഗതി ഒന്നേയുള്ളു. ഈ സത്യം നാം ഇന്നു് വിസ്മരിച്ചിരിക്കുന്നതുപോലെ തോന്നുന്നു. പാരമ്പര്യസംസ്കാരത്തിന്റെ പ്രണേതാക്കളും നവീനസാംസ്കാരികമൂല്യങ്ങളുടെ വിധാതാക്കളും മനുഷ്യത്വത്തെയും പുരോഗതിയേയും വിഭാവനചെയ്യുന്നതു വ്യത്യസ്തസ്വഭാവങ്ങളിലാണല്ലോ.

അഭികാമ്യമായ ഒരു വളർച്ചയെ പ്രാപിക്കുവാൻ മനുഷ്യവർഗ്ഗം ഇനിയും ലക്ഷക്കണക്കിനുള്ള സംവത്സരകാലത്തെ തരണം ചെയ്യണമെന്നു് ശാസ്ത്രീയവും തത്വചിന്താപരവും ആയ നിരീക്ഷണങ്ങളുടേയും ഭാവനയുടേയും വിചാരങ്ങളുടേയും വലയങ്ങളിൽനിന്നു് നോക്കുമ്പോൾ കാണാം. മനുഷ്യൻ അവന്റെ പ്രാഥമികദശവിട്ടു് അല്പദൂരമേ സഞ്ചരിച്ചിട്ടുള്ളു. 'സൂപ്പർമെൻ' എന്നു് വിളിക്കപ്പെടാവുന്നവരുടെ ദൃഷ്ടിക്കു് മററു മനുഷ്യർ ഇന്നും കുരങ്ങമനുഷ്യരാണ്. "തീർച്ചയായും പരിണാമത്തെസംബന്ധിച്ച പഠനങ്ങൾ പുരോഗതിയിലേക്കുള്ള ഒരു ജീവിയുടെ പൊതുപ്രവർത്തനത്തെ ചൂണ്ടിക്കാണിക്കുന്നില്ല... ...... അഭിവൃദ്ധിയെക്കാൾ ക്ഷയമാണ് കൂടുതൽ സാധാരണമായിരിക്കുന്ന പ്രതിഭാസം. ഇന്നത്തെ മനുഷ്യൻ ഏററവും പുരാതനവും അപൂർണ്ണവും ആയ തരത്തിലുള്ള ഒരു യുക്തിജീവിയാണ്. അവൻ ഒരു കുരങ്ങിനെക്കാൾ താഴ്ന്നവനാണ്. മനുഷ്യപരിണാമത്തിന്റെ ഒടുവിലത്തെ ദശയ്ക്കു് ഒരു ഇരുണ്ടവശമുണ്ടെന്നു്

(ശേഷം നാലാംപേജിൽ)

# മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ | കൊല്ലം. ൧൧൨൫ കുംഭം ൨-ാംനു- തിങ്കളാഴ്ച 13th February 1950. | ലക്കം ൨൦൭

## മി: ഗോപിനാഥനും പാർട്ടിയും കൽക്കത്തയിൽ

### അവരുടെ നൃത്തത്തിനു ഗവർണ്ണർ കട്ജുവിന്റെ പ്രശംസ—6 വയസ്സുപ്രായമുള്ള വാസന്തിക്കു പാരിതോഷികങ്ങൾ



നടനകലാനിധി, ശ്രീ: ഗോപിനാഥനും ശ്രീമതി തങ്കമണിയും അവരുടെ പുതിയ നൃത്തസംഘവുമായി കഴിഞ്ഞ ഡിസംബർ മദ്ധ്യത്തിൽ കല്ക്കത്തയിലെത്തിയിരുന്ന വിവരം പ്രസ്താവ്യമാണ്. ഇവിടത്തെ പ്രധാന തിയേറ്ററായ ഗ്ലോബിൽവച്ച് കഴിഞ്ഞ ൧൬-ാംനു മുതൽ ൨൫-ാംനുവരെ അവരുടെ നൃത്തനാട്യപ്രകടനങ്ങൾ നടക്കുകയുണ്ടായി. ദിവസം രണ്ടു പ്രദർശനങ്ങൾ വീതമാണ് നടത്തപ്പെട്ടതു്. ഭസ്മാസുരമോഹിനി, മയിൽഡാൻസ്, സീതാപഹരണം, ഭഗവത്ഗീത, ശ്രീകൃഷ്ണലീല എന്നീ രംഗങ്ങളെക്കുറിച്ച് കല്ക്കത്തയിലുള്ള കലാരസികന്മാർക്കു പൊതുവെ നല്ല അഭിപ്രായമാണുള്ളതു്. പ്രത്യേകിച്ചും ശ്രീകൃഷ്ണലീലയിൽ ശ്രീകൃഷ്ണന്റെ ഭാഗം അഭിനയിച്ച ആറു വയസ്സുമാത്രം പ്രായമുള്ള വാസന്തി (മി: ഗോപിനാഥന്റെ പുത്രി)യുടെ അഭിനയസാമർത്ഥ്യവും, സ്റ്റേജിലുള്ള തന്റേടവും കാണികളെ അത്ഭുതപരതന്ത്രരാക്കി. സന്ദർശകരിൽ പലരും വാസന്തിക്കു പാരിതോഷികം നൽകുകയുണ്ടായി. ഇവിടത്തെ പ്രധാന പത്ര

# തക്ഷശില

പി. സി. എം. രാജ ബി. ഏ. എൽ. ടി:

പുരാതനഗ്രീക്കുകാർക്ക് ഏതൻസും റോമൻകാർക്ക് റോമും ഇന്നത്തെ ആംഗ്ലേയർക്ക് ഓക്സ്ഫോർഡും കേംബ്രിഡ്ജും എന്നപോലെ പണ്ടത്തെ ഭാരതീയർക്ക് തക്ഷശിലയും നളന്ദയും സംസ്കാരനിലയങ്ങളായിരുന്നു. റോമും ഏതൻസും പാശ്ചാത്യർക്ക് അറിവും പരിഷ്കാരവും വിതരണം ചെയ്യുന്നതിൽ വഹിച്ച പങ്കിനെക്കാളും പൌരസ്ത്യർക്ക് സംസ്കാരവും സദാചാരവും ഉൽബോധിപ്പിക്കുന്നതിൽ തക്ഷശിലയും പണ്ടത്തെ 'രാജഗൃഹ'മായിരുന്ന നളന്ദയും എടുത്ത പങ്കാണ് അധികം. ഇന്ത്യയിലെ ഒന്നാമത്തെ സർവ്വകലാശാല നളന്ദാ സർവ്വകലാശാലയാണെന്ന് ചിലർ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ആ പ്രഥമസ്ഥാനമർഹിക്കുന്നത് തക്ഷശിലയാണെന്നു തെളിയുന്നതാണ്.

ഇക്കാലം "ഷാഡേറി" എന്നാണ തക്ഷശിലയ്ക്കുള്ള പേർ. മഗധാ സാമ്രാജ്യതലസ്ഥാനമായിരുന്ന കാലത്ത് ഇന്നത്തെ പഞ്ചാബിന്റെയും വടക്കു-പടിഞ്ഞാറ് അതിർത്തിസംസ്ഥാനത്തിന്റേയും പല ഭാഗവും ഉൾക്കൊണ്ടതായിരുന്നു തക്ഷശില. രാമായണകാലത്ത് അതു ഒരു ഗന്ധർവ്വനഗരമായിരുന്നതായും വളരെ നല്ല പാട്ടുകാരും, നാനാതരം ചെടികളുള്ള ഉദ്യാനങ്ങളും നിറഞ്ഞ മനോഹരനഗരിയായും വർണ്ണിക്കപ്പെട്ടിരുന്നു. കേകയരാജാവായ യുധാജിത്തിന്റെ അപേക്ഷയനുസരിച്ച് ശ്രീരാമൻ ഭരതനന്ദനന്മാരായ തക്ഷനേയും പുഷ്കലനേയും ഗന്ധർവ്വന്മാരെ പുറത്താക്കുവാനായി വലിയ സൈന്യങ്ങളോടുകൂടി അങ്ങോട്ടയച്ചതായും യുദ്ധവിദഗ്ദ്ധന്മാരായ ഗന്ധർവ്വന്മാർ ഒടുവിൽ തോറ്റോടിയതായും പുരാണങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. തന്റെ പുത്രന്മാരുടെ ഈ പ്രശസ്തവിജയത്തിന്റെ ഓർമ്മ നിലനിർത്താനായി ഭരതൻ ൨ നഗരങ്ങൾ സ്ഥാപിച്ച് അവയ്ക്കു തന്റെ മക്കളുടെ പേർ കൊടുത്തു അവിടെ അവരെ വാഴിച്ചുവത്രെ. ഇങ്ങിനെയാണു തക്ഷശിലയും പുഷ്കലവട്ടവും ഉണ്ടായത്. ശ്രീരാമപുത്രനായ 'ലവ'നാൽ നിർമ്മിച്ചതിനാൽ ലാഹോർ നഗരവും വേറൊരു പുത്രനായ 'കുശ'നാൽ നിർമ്മിച്ചതിനാൽ കസൂർ എന്ന നഗരവും ആവിർഭവിച്ച കിംവദന്തികൾ ഈ ഘട്ടത്തിൽ സ്മരണീയമാണ്. ഏതായാലും തക്ഷശില സംഗീതമധുരധ്വനികളാലും മനോഹര സസ്യലതാദികളിൽനിന്നും പുഷ്പവൃക്ഷങ്ങളിൽനിന്നും ഇറങ്ങി വീശിയ സുഗന്ധമാരുതനാലും യഥാർത്ഥഗന്ധർവ്വപുരിയായി പരിലസിച്ചിരുന്നുവെന്ന് കാളിദാസമഹാകവിയുടെ ശ്ലോകങ്ങൾ ഘോഷിക്കുന്നുണ്ട്.

എവിടെയായിരുന്നു പുഷ്കലവട്ടമെന്ന് ഇനിയും അത്ര തീർച്ചപ്പെട്ടിട്ടില്ല. പഴയ ഗാന്ധാരത്തിന്നടുത്തുള്ള "പെഷ്‌വാർ" പുഷ്കലവട്ടമായിരുന്നുവെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഏതായാലും ശ്രീരാമന്റെയും ഭരതന്റേയും മററു കുടുംബക്കാർ സ്ഥാപിച്ച ആ പാവനനഗരങ്ങൾ അവരുടെ ന്യായമായ അവകാശികളെന്നഭിമാനിക്കുന്ന നമുക്ക് ചേരാതെ പാകിസ്ഥാനിലേക്കു ലയിക്കുവാനോ അഥവാ പാകിസ്ഥാന്റെ വിഷബീജം രാമരാജ്യത്തിൽ പാകാൻവേണ്ടി ആയിരം കൊല്ലംമുമ്പ് ഇന്ത്യ ആക്രമിച്ച ആദിമുഹമ്മദീയരാലും മററും തീരെ തകർക്കപ്പെടുവാനോ സംഗതിയായി എന്നുമാത്രം തീർത്തുപറയാം.

മഹാഭാരത കഥാകാലത്ത് ജനമേജയൻ തക്ഷശില ആക്രമിച്ച് അവിടെവെച്ച് പ്രസിദ്ധ 'സർപ്പയജ്ഞം' നിറവേററിയതായി പറയപ്പെടുന്നു. എന്നാൽ ബുദ്ധമതപ്രാബല്യകാലത്ത് തക്ഷശില ചരിത്രദൃഷ്ട്യാ മുന്നണിയിൽവന്നു. ബുദ്ധമതതത്വങ്ങളും മററും പ്രതിപാദിക്കുന്ന 'ജാതക'ങ്ങളിൽ തക്ഷശിലയെപ്പററി പ്രശംസിക്കുന്നതിനാൽ ക്രിസ്തുവിനു നാലു നൂററാണ്ടുകൾ മുമ്പ് മുതൽക്കേ ആ നഗരം ബുദ്ധമതസംസ്കാരകേന്ദ്രമായിരുന്നുവെന്നു നിർണ്ണയിക്കാം. അക്കാലം പല കലകളും ശാസ്ത്രങ്ങളും അഭിവൃദ്ധിപ്പെടുത്താനുള്ള ഒരു സർവ്വകലാശാലയായിട്ടാണ് തക്ഷശില പ്രാധാന്യമർഹിച്ചത്. "യോഗവും ഐശ്വര്യവും" ആയിരുന്നു ആ കലാശാലയിലെ പ്രമാണങ്ങൾ. പഠിപ്പിച്ചിരുന്ന പ്രാസംഗികന്മാർപോലും ദിവസേന ഭൃത്യപ്രവൃത്തികൾപോലും ചെയ്തു വിനയത്തിൽ വിദ്യാർത്ഥികൾക്കു മാതൃകകളായിരുന്നുവത്രെ. സർവ്വലോകസ്നേഹം പുലർത്തുകയായിരുന്നു തക്ഷശിലാസർവ്വകലാശാലയുടെ പ്രധാനാദർശം. എല്ലാ രാജ്യക്കാർക്കും അവിടെ സ്വാഗതമരുളി. പഠിപ്പുള്ള വിദേശീയരെ ഏവരും ആദരിച്ചു. വിദ്യാർത്ഥികൾ തമാശയിലും ആഹ്ലാദത്തിലും കഴിയണമെന്ന് നിർബ്ബന്ധമായിരുന്നുവെങ്കിലും ലഘുജീവിതത്തിലും അച്ചടക്കത്തിലും ആത്മസംയമനത്തിലും സ്വാമേധയാ അഭികാമ്യമായ നിഷ്കർഷപ്രദർശിപ്പിച്ചു. സർവ്വകലാശാലയ്ക്കു സ്വന്തമായിരുന്ന പരമോൽകൃഷ്ടഭാവം.

ഹൂറാ (Huro) നദീമുഖത്തായി പർവ്വതങ്ങളുടെ താഴ്‌വാരപ്രദേശത്ത് സ്ഥിതിചെയ്തതിനാൽ തക്ഷശില ഒരു വ്യാപാരകേന്ദ്രമാവാനിടയായി. ഇന്ത്യയെ പശ്ചിമേഷ്യയും മദ്ധ്യേഷ്യയും തമ്മിലിണക്കുന്ന വലിയ നിരത്തിന്മേൽ സ്ഥിതിചെയ്തത് വാണിജ്യപരമായി തക്ഷശിലയെ അഭിവൃദ്ധിപ്പെടുത്താൻ പര്യാപ്തമാക്കിയെന്നിരിക്കിലും അതേ നിരത്താണ് വിദേശാക്രമണത്തിനു ഇന്ത്യയെ എളുപ്പത്തിൽ പാത്രമാക്കിയതും. ഒടുവിൽ ആ തക്ഷശിലയുടെ നാശത്തെക്കൂടി ക്ഷണിച്ചുവരുത്തിയതും എന്നു വ്യസനിക്കേണ്ടതുമുണ്ട്.

൩൨൬ ബി. സി. യിൽ ഗ്രീസിലെ വിഖ്യാതനായ അലക്സാണ്ടർ ഭാരതമാക്രമിച്ചപ്പോൾ തക്ഷശില ഭരിച്ച രാജാവ് അംഭിയായിരുന്നു. ഈ അംഭി മററു ഹിന്ദുരാജാക്കന്മാരായ പോറസിനോടും (പൌരവൻ) അഭിസാരനോടും യുദ്ധംചെയ്കമാത്രമല്ല വിദേശീയനായ അലക്സാണ്ടർ പോറസിനേയും മററും ആക്രമിച്ചപ്പോൾ അലക്സാണ്ടരുടെഭാഗം ചേരുകകൂടിചെയ്തു. ധീരനായ പോറസിനെ തക്ഷശില യുദ്ധത്തിൽ അലക്സാണ്ടർക്ക് തോല്പിക്കാൻ സാധിച്ചതിന്റെ രഹസ്യമിതാണ്. ഇദംപ്രഥമമായി മുഹമ്മദീയർ ൭൧൨ എ. ഡി. യിൽ ഇന്ത്യ ആക്രമിച്ചത് സിന്ധിനെയാണല്ലോ. ഹിന്ദുരാജാവിന്റെ സൈന്യാധിപൻ മുഹമ്മദീയരിൽനിന്നു കയ്ക്കൂലിവാങ്ങി മററു ഹിന്ദുരാജാക്കന്മാരെ സിന്ധിലെ രാജാവിൽനിന്നും വേർപെടുത്തിയതാണു മഹമ്മദീയാക്രമണത്തെ വിജയിപ്പിച്ചത്. ജയചന്ദ്രനെന്ന രജപുത്രരാജാവ് തന്റെ പുത്രീഭർത്താവായ പ്രഥ്വീരാജനെ ഒതുക്കാനാണല്ലോ വിദേശീയനായ ഗോറിമുഹമ്മദിനെ ഇങ്ങോട്ടുക്ഷണിച്ച് അവസാനം ജയചന്ദ്രന്റെ അധഃപതനത്തിനുപോലുമിടയാക്കിയത്. ഘസ്നിമുഹമ്മദിനു ക്ഷേത്രങ്ങൾ കൊള്ളചെയ്ത് ഹിന്ദുരാജ്യങ്ങളെ ഓരോന്നായി ആക്രമിക്കാൻ ക്ഷണം സാധിച്ചത് എത്രയോ രജപുത്രരാജാക്കന്മാർ അദ്ദേഹത്തിനു പോകേണ്ട വഴി കാണിക്കാൻ തയ്യാറുള്ളതിനാലായിരുന്നു.

അലക്സാണ്ടർ ഇന്ത്യ വിട്ടു ഏറെത്താമസിയാതെ അലക്സാണ്ടറിൽനിന്നും യുദ്ധതന്ത്രങ്ങൾ കൂടുതൽ ഗ്രഹിച്ച മഗധരാജാവ് ചന്ദ്രഗുപ്തൻ അലക്സാണ്ടർ നിർത്തിയ യവനസൈന്യങ്ങളെ തോല്പിച്ച് തക്ഷശിലയെ മഗധയോടുചേർത്തു. അശോകൻ പിതാവിന്റെകാലത്ത് തക്ഷശിലയിലെ വൈസ്രോയിയായിരുന്നു. താൻ രാജാവായപ്പോഴും തക്ഷശിലയിലെ സംസ്കാരസന്നാഹങ്ങളെ പോഷിപ്പിച്ചു. ൨൩൨ ബി. സി-യിൽ അശോകൻ മരിച്ചതിനാൽ താമസിയാതെ തക്ഷശിലയും സ്വതന്ത്രയായി. എങ്കിലും ബാക്ട്രിയായിലെ യവനസൈന്യം ഹിന്ദുരാജാവിൽനിന്നും തക്ഷശിലയെ പിടിച്ചെടുത്തു. പിന്നെ സുമാർ ഒരു ശതാബ്ദക്കാലം അതു അവരധീനമായിരുന്നു. അതിനുശേഷം സിത്തിയൻവർഗ്ഗക്കാരായ ശകന്മാർ ഗ്രീക്കുകാരെ തോല്പിച്ച് തക്ഷശില ഭരിച്ചുവരികെ പാർത്തിയൻ രാജാവായ 'ഗൊണ്ടഫാറസ്' തക്ഷശിലയാക്രമിച്ച് തന്റെ അരചോഷ്യാരാജ്യത്തിന്റെ ഭാഗമാക്കിത്തീർത്തു. ഈ ഘട്ടത്തിൽ സുമാർ ൫൦ എ. ഡി. യിൽ ചൈനയുടെ ഏററവും വടക്കുപടിഞ്ഞാറുഭാഗത്തു നിവസിച്ച കുഷാൻവർഗ്ഗക്കാർ കനിഷ്കൻ എന്നരാജാവിന്റെ നേതൃത്വത്തിൽ തക്ഷശിലയും മററും ആക്രമിച്ച് ഏതാണ്ടു ൱ കൊല്ലം തക്ഷശില കൈവശംവെച്ചു. കനിഷ്കൻ ഇന്നത്തെ പേഷ്‌വാറായ പുഷ്പപുരത്തെ വർഷകാലതലസ്ഥാനമാക്കി. കുഷാൻവർഗ്ഗക്കാരെ പിന്നെ ഇന്ത്യ ആക്രമിച്ച വെള്ളഹൂണർ പരാജയപ്പെടുത്തിയതും തക്ഷശിലയെ നശിപ്പിച്ചതും ഒരേനിമിഷസംഭവങ്ങളത്രേ. ൭-ാം നൂററാണ്ടിൽ ബുദ്ധമതകേന്ദ്രമായിരുന്ന നളന്ദയുംമററും സന്ദർശിച്ച ചീനയിലെ ഹ്യുയാൻട്സാങ്ങ് എന്ന സഞ്ചാരി തക്ഷശിലയെ അധഃപതിച്ചനിലയിലാണുകണ്ടതു. അന്ന് അതു കാശ്മീരിന്റെ ഒരു സാമന്തരാജ്യമായിരുന്നു. തക്ഷശില അഥവാ "താക്ഷീല" എത്രയോ ബുദ്ധമതാവശിഷ്ടങ്ങളുള്ള ഒരു നശിച്ച പുരിയാണെന്ന് ഇന്നും സമാധാനിക്കാം.

—o—

ങ്ങൾ എല്ലാം അവരുടെ നടനവൈദഗ്ദ്ധ്യത്തെ പ്രശംസിച്ചു. ഗവർമ്മെന്റു ഹൗസിൽവെച്ച് ഗവർണ്ണർ ശ്രീ: കൈലാസ്‌നാഥ്കട്ജു, കമാൻഡർ ഇൻചീഫ് ജനറൽ കരിയപ്പാ, ലാഡ് സിൻഹാ എന്നിവരുടെ ആഭിമുഖ്യത്തിൽ ഈസ്റ്റ് ആൻഡ് വെസ്റ്റ് സൊസൈററിക്കാർ മുഖ്യതലവഹിച്ചു മി: ഗോപിനാഥന്റേയും പാർട്ടിയുടേയും ഒരു നൃത്തപ്രകടനം നടത്തുകയുണ്ടായി. ഉദ്യോഗസ്ഥന്മാരാലും അതിഥികളാലും ഗവർമ്മെന്റു മന്ദിരം ജനനിബിഡമായിരുന്നു. പ്രദർശനത്തിന്റെ അവസാനത്തിൽ മി: ഗോപിനാഥനേയും പാർട്ടിയേയും പ്രശംസിച്ചു ഗവർണ്ണർ ഒരു പ്രസംഗംചെയ്കയും, ഈസ്റ്റ് ആൻഡ് വെസ്റ്റ് സൊസൈററിക്കാരുടെ വക ഒരു സ്വർണ്ണമെഡൽ സമ്മാനിക്കുകയുംചെയ്തു. കൽക്കത്തായിൽ ഏതാനും ഡാൻസുപ്രോഗ്രാംകൂടി നടത്തിയശേഷം ഗോപിനാഥനും പാർട്ടിയും, അസൺസോൾ, ടാട്ടാനഗർ, കംട്ടി മുതലായ സ്ഥലങ്ങളിലേയ്ക്കു യാത്രയാവുകയും ജനുവരി ൨൫-ാംനു-യോടുകൂടി ഡൽഹിയിൽ എത്തുകയുമുണ്ടായി. അഖിലേന്ത്യാസഞ്ചാരത്തിനിടയിൽ ഗോപിനാഥനും പാർട്ടിയും മലയാ സന്ദർശിക്കാനിടയുണ്ട്.

—o—

ദേവാലയ
ത്തിന്നായ
പരിശുദ്ധം



ദൈവികതപത്തിനു ശുചിത്വം അത്യാവശ്യമാണ്. പരിപൂർണ്ണശുദ്ധി നൽകുന്ന കർമ്മാനുഷ്ഠാന സ്നാനങ്ങൾക്ക് തനിച്ചും ശുദ്ധമായ സോപ്പുമാത്രമേ ഉപയോഗിക്കാവൂ. സോപ്പിൽ ഏതെങ്കിലും കലന്നിരിക്കാം. എന്നാൽ ഗോദ്റേജ് സാൻഡലിൽ, എല്ലാം ഗോദ്റേജ് സൌന്ദര്യവർദ്ധനസാധനങ്ങളിലുമുള്ളപോലെ, കലർപ്പില്ലാത്തതും, ഗുണകരവുമായ സസ്യഎണ്ണകളും, സത്തുക്കളും മാത്രമേ കൂട്ടിച്ചേർത്തിട്ടുള്ളൂ. യാതൊരു മൃഗക്കൊഴുപ്പുകളും അവകളിൽ കാണുന്നില്ല. ശുദ്ധമായ മൈസൂർ ചന്ദനതൈലം ധാരാളം ചേർത്തിട്ടുള്ള ഗോദ്റേജ് ചന്ദനസോപ്പ്, ആനന്ദകരമായ കുളിർമ്മയും, സുഖദായകവും പരിമളവുമുള്ളതായ പത നൽകുന്നു. ഈ പതയുടെ പശിമയുള്ള സസ്യഎണ്ണ രോമസുഷിരങ്ങളെ ശുദ്ധീകരിച്ച്, ത്വക്കിന് മൃദുലതയും നിലനില്ക്കുന്നതായ കുളിർമ്മയും പ്രദാനംചെയ്യുന്നു. ദേവാലയമായ നമ്മുടെ ശരീരത്തെ ദിവസേന ശുദ്ധീകരിപ്പാൻ ഗോദ്റേജ് സസ്യസാൻഡൽസോപ്പില്ലാതെ മററു സോപ്പുകളുണ്ടോ?



ഗോദ്റേജ് ലിംഡാ- രോഗാണുക്കളെ നശിപ്പിക്കുന്നതിനും, ത്വക്ക് രോഗം ശമിപ്പിക്കുന്നതിനും വേപ്പിന്റെ ഗുണങ്ങളുമുള്ള സോപ്പ്. നമ്പ്ര് 1. നമ്പ്ര് 2. 'വതി', സാൻഡൽ, ലിംഡാ ടർക്കിഷ് ബാത്ത് ഷേവിങ്ങ്സ്റ്റിക്ക് ഷേവിങ്ങ് റൗണ്ട് 100 ശതമാനം പരിശുദ്ധവും മൃഗക്കൊഴുപ്പ് ചേർക്കാത്തതുമാണെന്ന് ഏററുപറയാവുന്നത്

Godrej Sandal

ഗോദ്റേജ് സാൻഡൽ
രജിസ്റ്റേർഡ്. (ചന്ദന)
ടായിലെററ് (സ്നാന) സോപ്പ്
മററു ചന്ദനസോപ്പുകളേക്കാൾ കുറഞ്ഞ വിലയ്ക്ക് വലുതും മേന്മയേറിയതുമായ സോപ്പ്

ഗോദ്റേജ് സോപ്പ്സ്, ലിമിററഡ് കൊച്ചി: 6 36. കൽവത്തി.

റബ്ബർമുദ്രകൾ

വിവിധ ഡിസൈനുകളിൽ ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ മിതമായ നിരക്കിൽ ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

(രണ്ടാംപേജിൽ നിന്നു തുടർച്ച)

തീർച്ചയാണ്'' എന്ന് ഹാൻഡയിൽ പ്രസ്താവിക്കുന്നു. ആധുനികമനുഷ്യൻ അവന്റെ പൂർവ്വികന്മാരെ അപേക്ഷിച്ച് ഉയർന്ന പടിയിലല്ലെന്നും അവൻ യുക്തിഹീനനും വികാരാധീനനുമായെന്നും നാശോന്മുഖനും ക്രൂരനുമാണെന്നും ആധുനികനാഗരികത അവന്റെ ചർമ്മത്തിന്നപ്പുറം കടക്കാതെ അവന്റെ വേഷങ്ങളിൽമാത്രം പററിനില്ക്കുന്നതേയുള്ളുവെന്നും ഷില്ലർ രേഖപ്പെടുത്തുന്നു.

മനുഷ്യപുരോഗതി ഒരു യാഥാർത്ഥ്യമാണെന്നും അല്ല, ഒരു സ്വപ്നമാണെന്നും ചിന്തകന്മാരുടെ ഇടയിൽ തീവ്രമായ ഒരു വാദമുണ്ട്. നാഗരികതയുടെ ചൈതന്യത്തെ സംബന്ധിച്ചിടത്തോളം പുരോഗതി എന്നതു അനിഷേദ്ധ്യമായ ഒരു യാഥാർത്ഥ്യമാണെന്ന് ഒരു കൂട്ടർ; അല്ലെന്നു മറെറാരുകൂട്ടർ. മൗലികമായ അഭിപ്രായഭിന്നതകൾക്ക് ഈ പ്രശ്നം വിഷയമായിരിക്കുന്നു. എന്നാൽ ഒരു കാര്യം തീർച്ച: പ്രപഞ്ചത്തെയും ജീവന്റെയും ബുദ്ധിയുടേയും പരിണാമത്തെയും സംബന്ധിച്ച മനുഷ്യന്റെ അറിവ് വർദ്ധിച്ചിട്ടുണ്ട്. അതുപോലെ മനുഷ്യപ്രകൃതിയെ അധികരിച്ചു അറിവിനും വളർച്ചലഭിച്ചിട്ടുണ്ട്. അറിവിനെ വ്യവസ്ഥാപൂർവ്വം തരംതിരിക്കുന്നതിലും മനുഷ്യൻ പുരോഗമിച്ചിട്ടുണ്ട്.

# ബ്രിട്ടനിലെ തെരഞ്ഞെടുപ്പ്

റാബർട്ട് ബ്രൗൺ

ലേബർ എല്ലാവർക്കും തൊഴിൽ ഉറപ്പുചെയ്യുന്നു. യാഥാസ്ഥിതികകക്ഷി പാഴ്ച്ചിലവുകൾ കുറയ്ക്കാമെന്നേല്ക്കുന്നു. ലിബറൽകക്ഷി വെയിത്സിനും സ്കാട്ട്ലൻറിനും പ്രത്യേക പാർലമെൻറുകൾ പ്രതിജ്ഞചെയ്യുന്നു. നാഷനൽ ലിബറൽ ഫെഡറേഷൻ നിർബന്ധിതസൈനികസേവനം നിർത്തലാക്കുമെന്നു ഉൽഘോഷിക്കുന്നു. കമ്മ്യൂണിസ്റ്റ്കക്ഷി കഷ്ടപ്പെടുകയും അദ്ധ്വാനിക്കുകയും ചെയ്യുന്നവർക്ക് സുഖൈശ്വര്യങ്ങൾ ഉറപ്പുചെയ്യുന്നു. ഇങ്ങനെ ഈ പ്രാവശ്യത്തെ തിരഞ്ഞെടുപ്പിൽ അഞ്ചുരാഷ്ട്രീയകക്ഷികളാണ് മത്സരിക്കുവാൻ പോകുന്നത്. തിരഞ്ഞെടുപ്പ് ഫെബ്രുവരി 23-ാംനു നടക്കുന്നതാണ്. ഫെബ്രുവരി 3-ാംനു ബ്രിട്ടീഷ്പാർലമെൻറ് രാജാവ് പിരിച്ചുവിട്ടു. മാർച്ച് 1-ാംനു പുതിയ പാർലമെൻറ് സമ്മേളിക്കുന്നതുമാണ്. ഓരോ കക്ഷിയും അവരുടെ വാഗ്ദാനങ്ങളുമായി നിയോജകമണ്ഡലങ്ങളെ സമീപിച്ചുതുടങ്ങിയിരിക്കുന്നു. ബ്രിട്ടനിൽ എവിടെയും സജീവമായ തിരഞ്ഞെടുപ്പുപ്രചരണം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു.

ബ്രിട്ടനിലെ മുഖ്യ മൂന്നുരാഷ്ട്രീയകക്ഷികൾ പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതു സംബന്ധിച്ചുള്ള നയപ്രഖ്യാപനങ്ങൾ ഫൻറൻ-ൽ തയാറാക്കപ്പെട്ടിരുന്നു. അവ ലക്ഷക്കണക്കിനു രാജ്യമൊട്ടുക്ക് വിതരണംനടത്തുകയും ചെയ്തിരിക്കുന്നു. ലേബർകക്ഷി യുദ്ധാനന്തരകാലങ്ങളിലെ ഒരു വിശേഷതയായിരിക്കുന്ന എല്ലാവർക്കും തൊഴിൽ എന്ന പ്രതിജ്ഞയുമായി ഇറങ്ങിയിരിക്കുന്നു. തുടർന്നുള്ള ദേശീയസമ്പത്തികപ്ലാനിൽ അതു വിശ്വസിക്കുന്നു. ദേശീകരിച്ചുകഴിഞ്ഞ പ്രധാന വ്യവസായങ്ങൾ ദൃഢീകരിക്കുവാനും സിമൻറുവ്യവസായം, പഞ്ചസാരശുദ്ധീകരണം, കോൾഡ്സ്റ്റോറേജ്സൗകര്യങ്ങൾ ഇറച്ചി പഴവർഗ്ഗങ്ങൾ, സസ്യങ്ങൾ എന്നിവയുടെ മൊത്തവ്യാപാരം എന്നിവയെ പബ്ലിക്ക് ഉടമയിൽ ആക്കുവാനും ലേബർ ഉദ്ദേശിക്കുന്നു. യുദ്ധത്തിനുമുമ്പുള്ള ബ്രിട്ടീഷ് ഉല്പാദനത്തെ ഫൻഡെ-നകം നൂറു ശതമാനം കൂടുതലായി ഉയർത്തുവാൻ ലേബർപദ്ധതി വിഭാവനചെയ്യുന്നു. വ്യാവസായികജനായത്തം വിപുലീകരിക്കാനും ആവശ്യമെന്നു തെളിഞ്ഞിരിക്കുന്നയിടങ്ങളിൽ എല്ലാം സ്വകാര്യഉദ്യമങ്ങളോടു മത്സരിക്കാൻ പുതിയ പൊതുസമുദ്യമങ്ങൾ ഏർപ്പെടുത്താനും പ്രതിജ്ഞചെയ്യുന്നു. ഫാമുകളുടെ വീണ്ടുമുള്ള യാന്ത്രീകരണംകൊണ്ടും കാർഷികതൊഴിലാളികളുടെ ജീവിതമാനദണ്ഡം അഭിവൃദ്ധിപ്പെടുത്തിയും പുരോഗതിക്കുള്ള കൂടുതൽ സന്ദർഭങ്ങൾ പ്രദാനംചെയ്തുകൊണ്ടും ലേബർ വമ്പിച്ച കാർഷികോൽപ്പാദനം വാഗ്ദാനംചെയ്യുന്നു. സോഷ്യൽസർവീസുകൾ തുടർന്നുകൊണ്ടുപോകാനും വർദ്ധമാനമായ ഉല്പാദനംകൊണ്ട് അവ വിപുലപ്പെടുത്തുവാനും ലേബർ ഏല്ക്കുന്നു. നിബന്ധിച്ചുകഴിഞ്ഞിട്ടുള്ള രീതിയിൽ സൗജന്യമായ നാഷനൽഹെൽത്ത്സർവീസ് ഒരു വ്യാവസായികഹെൽത്ത് സർവീസിൻെറ പിന്തുണയോടെ വികസിപ്പിക്കുന്നതാണ്. ഫാമിലിഹാളിഡേ സെൻററുകൾ എന്നറിയപ്പെടുന്ന വിശ്രമകേന്ദ്രങ്ങൾ ഏർപ്പെടുത്തുവാൻ ഔദ്യോഗികപിന്തുണയുള്ള ഒരു ഹാളിഡേസ് കൗൺസിൽ സൃഷ്ടിക്കുന്നതും നാഷനൽ പാർക്കുകൾ സ്ഥാപിക്കുന്നതുമാണ്. വിദേശകാര്യാദികളിൽ ലേബറിൻെറ മൂന്നു പ്രമുഖലക്ഷ്യങ്ങൾ സമാധാനവും ഐക്യരാഷ്ട്രസംഘടനയ്ക്കു പിൻതുണയും സ്വന്തം കാലിൽനില്ക്കുകയും പുറമേനിന്നും അസാധാരണമായ സാമ്പത്തികസഹായത്തിൻെറ ആവശ്യത്തിൽനിന്നും മുക്തമായിരിക്കുകയും ലോകമൊട്ടുക്ക് ദാരിദ്ര്യത്തിനെതിരായ നിരന്തരസമരം നടത്തുകയും ചെയ്യുന്ന ഒരു ബ്രിട്ടനുമാണ്. കൂടുതൽ സഹകരണപരമായ ഒരു മനോഭാവത്തിനു സോവിയററ് യൂണിയനെ പ്രേരിപ്പിക്കാൻ കഴിയാത്തിടത്തോളംകാലം ഡിഫൻസ്കാര്യം തുടർന്നു ശ്രദ്ധിക്കുവാനും മററു പശ്ചിമയൂറോപ്യൻ രാഷ്ട്രങ്ങളുമായി ഉററ സഹകരണത്തിൽ ഏർപ്പെടുവാനും കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ കാമൺവെൽത്തും കോളോണിയലും നയം തുടർന്നുകൊണ്ടുപോകുവാനും കക്ഷി പ്രതിജ്ഞ ചെയ്യുന്നു.

## യാഥാസ്ഥിതികകക്ഷി

യാഥാസ്ഥിതികകക്ഷി ഇരുമ്പും ഉരുക്കും വ്യവസായമുൾപ്പെടെ മേലാലുള്ള ദേശീയവല്ക്കരണത്തിനുള്ള എല്ലാ പദ്ധതികളും നിർത്തലാക്കുമെന്നു പ്രസ്താവിച്ചിരിക്കുന്നു. സാദ്ധ്യമുള്ളിടത്തെല്ലാം റോഡ്ട്രാൻസ്പോർട്ട് ഉദ്യമങ്ങൾപോലെ ദേശീയവ്യവസായങ്ങൾ സ്വകാര്യഉടമകൾക്കു തിരിച്ചുകൊടുക്കുന്നതാണ്. സ്റ്റേററിൻെറ നിയന്ത്രണത്തിൽ വ്യവസായങ്ങൾ ശേഷിക്കുന്നയിടത്ത് അവയുടെ സംഘടനയെ കൂടുതൽ കാര്യക്ഷമമാക്കുകയും കേന്ദ്രീകൃതമല്ലാതാക്കുകയുംചെയ്യാൻ അടിമുടിപുതുക്കുന്നതാണ്. ലിവർപൂൾകാട്ടൺമാർക്കററ് ഉൾപ്പെടെയുള്ള കമ്പോളങ്ങൾ വീണ്ടും ഏർപ്പെടുത്തും. പാഴ്ച്ചിലവുകൾ വെട്ടിക്കുറച്ച് ചിലവു ചുരുക്കാൻ യാഥാസ്ഥിതികകക്ഷി പ്രതിജ്ഞചെയ്യുന്നു. ഗവൺമെൻറിൻെറ ചിലവിലുള്ള ഈ മാററംകൊണ്ട് ഒരു യാഥാസ്ഥിതിക ഗവൺമെൻറ് നികുതിചുമത്തലിലും അതിനനുസരണമായ കുറവുകൾ വരുത്തുന്നതാണ്. കൺട്രോളുകൾ പടിപടിയായിക്കുറയും. കെട്ടിടങ്ങളുടെ മേലുള്ള കൺട്രോളുകൾ അയവുചെയ്യും. സ്വകാര്യഗൃഹനിർമ്മാതാക്കൾക്ക് കെട്ടിടനിർമ്മാണത്തിനു കൂടുതൽ സാദ്ധ്യതകൾ നൽകും. വൻതോതിൽ കൂട്ടത്തോടെ വാങ്ങുന്ന തത്വം യാഥാസ്ഥിതികർ എതിർക്കുന്നതും സ്വകാര്യവ്യാപാരികൾക്ക് കൂടുതൽ അവസരങ്ങൾ നൽകുന്നതുമാണ്. അതേയവസരത്തിൽ വില ഒരേനിലയ്ക്കു നിർത്തുവാൻ ഗവൺമെൻറ് യഥായോഗ്യം പ്രവർത്തിക്കുന്നതുമായിരിക്കും. കന്നുകാലികളുടെ എണ്ണംവർദ്ധിപ്പിച്ചുകൊണ്ടും ഗ്രാമീണസ്ഥിതി അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടും ഒന്നാംതരംകൃഷിഭൂമി നഷ്ടപ്പെടുന്നതിനെതടഞ്ഞുകൊണ്ടും യുദ്ധത്തിനുമുമ്പുള്ള കാർഷികോല്പാദനത്തിൻെറ ൫൦ ശതമാനം വർദ്ധിപ്പിക്കാൻ കക്ഷി ഉദ്ദേശിക്കുന്നു. നിലവിലിരിക്കുന്ന സോഷ്യൽ സർവീസുകളുടെ വ്യാപ്തിയും സാദ്ധ്യതയും അതിൻെറ പ്രയോജനങ്ങളും പാലിക്കുവാൻ യത്നിക്കുന്നതാണെന്നു അവർ പ്രതിജ്ഞചെയ്യുന്നു. പാരമ്പര്യത്തെ അടിസ്ഥാനമാക്കിമാത്രമുള്ള അംഗത്വം അവസാനിപ്പിക്കാൻ പ്രഭുസഭ പരിഷ്കരിക്കുന്നതിനായി അവർ ഒരു അഖിലകക്ഷിസമ്മേളനം വിളിച്ചുകൂട്ടുന്നതാണ്. പണനിക്ഷേപം, സുപ്രധാന സാധനങ്ങളുടെ മുതൽമുടക്ക്, കുടിയേററം, ഗവേഷണം, വ്യാപാരം ഇത്യാദികളിൽ കക്ഷി സാമ്രാജ്യമുൻഗണനയാവശ്യപ്പെടുന്നു. അതിൻെറ സാമ്രാജ്യനയം കാമൺവെൽത്തു പ്രധാനമന്ത്രിമാർ തമ്മിൽ കൂടക്കൂടെയുള്ള കൂടിയാലോചനകളും ബ്രിട്ടീഷ്കാമൺവെൽത്തു ഡിഫൻസ്കൗൺസിലിൻെറ സൃഷ്ടിയും ഒരു കാമൺവെൽത്ത് സംയുക്തസ്റ്റാഫും കാമൺവെൽത്ത് സായുധസേനാവകുപ്പുകളുടെ സജ്ജീകരണങ്ങൾ, സംഘടന പരിശീലനം എന്നിവയുടെ ക്രമീകരണവും കക്ഷിവിഭാവനചെയ്യുന്നു. കാമൺവെൽത്ത് അംഗങ്ങൾക്ക് മററുതരത്തിൽ പരിഹരിക്കാൻവയ്യാത്ത കലഹങ്ങൾ സമർപ്പിക്കുവാൻ ഒരു ഉപദേശകസമിതിയെന്നനിലയിൽ ഒരു പുതിയ കാമൺവെൽത്ത് ട്രിബ്യൂണലിനെ ഏർപ്പെടുത്തുന്നതാണ്. യാഥാസ്ഥിതിക വിദേശനയത്തിൻെറ ലക്ഷ്യം ബ്രിട്ടനെ അതിൻെറതന്നെ മഹത്വത്തിലേക്കു നയിക്കുകയും സംഭ്രമിച്ചിരിക്കുന്ന ഒരു ലോകത്തിനു ധൈര്യവും വിശ്വാസവും പ്രദാനംചെയ്യുകയുമാണ്. ഐക്യരാഷ്ട്രസംഘടനയിൽ പൂർണ്ണമായും ഭാഗഭാക്കായിരിക്കുക, യു. എസ്സുമായി വർദ്ധമാനമായുള്ള സഹകരണവും മൈത്രിയും റഷ്യയുടെ 'കമ്മ്യൂണിസ്'കയററുമതിയിൽ എതിർപ്പ് എന്നിവ കക്ഷിയുടെ മററുപരിപാടികളാണ്. വർദ്ധമാനമായ ചിലവു ഒഴിവാക്കാൻ ശ്രമിക്കവെ സായുധസേനകളുടെ പ്രവർത്തനകാര്യശേഷി വർദ്ധിപ്പിക്കുവാനും യാഥാസ്ഥിതികർ ഉദ്ദേശിക്കുന്നു. സൈന്യത്തിലേക്കു നിർബന്ധിതമായി ആളെടുക്കുന്നത് അത്യന്താപേക്ഷിതമാണെന്നു അവർ കരുതുന്നു.

## ലിബറൽകക്ഷി

വിവിധപക്ഷക്കാർക്ക് വ്യാപാരസ്വാതന്ത്ര്യം അനുവദിക്കുവാനും നികുതികുറയ്ക്കുവാനും ആദായനികുതിയേയും സോഷ്യൽസെക്യൂരിട്ടിയേയും കൂട്ടിയിണക്കുവാനും ലിബറൽകക്ഷി ഉദ്ദേശിക്കുന്നു. മേലാലുള്ള ദേശീയവൽക്കരണത്തെ അവർ എതിർക്കുന്നു. എല്ലാവരുടേയും ഉടമയും ദേശീയവ്യവസായമുൾപ്പെടെയുള്ള വ്യവസായങ്ങളിൽ തൊഴിലാളികളുടേയും മാനേജുമെൻറിൻെറയും സംയുക്തഉടമസ്ഥതയും അവർ അനുകൂലിക്കുന്നു. കൃഷിക്കുവേണ്ടിയുള്ള അവരുടെ നിർദ്ദേശങ്ങളിൽ കൃഷിയും ഭക്ഷ്യവും വകുപ്പുകളുടെ സംയോജനവും മൂലധനസഹായവും വായ്പയും ലഭിക്കുന്നതിനു ഒരു കാർഷികബാങ്ക്സ്ഥാപനവും ഫാമിങ്ങിലും മാർക്കററിങ്ങിലും സഹകരണപദ്ധതികളുടെ പ്രോത്സാഹനം എന്നിവ ഉൾപ്പെടുന്നു. പുരുഷന്മാരോടൊപ്പം തുല്യജോലി നടത്തുന്ന സ്ത്രീകൾക്കു തുല്യശമ്പളവും വിവാഹിതരായ സ്ത്രീകൾക്ക് തങ്ങളുടെ ഭർത്താക്കന്മാരുമായി തുല്യപങ്കാളികൾക്കുള്ള നിയമാനുസൃതമായ പദവിയും കക്ഷി പ്രതിജ്ഞചെയ്യുന്നു. സ്കാട്ട്ലൻറിനും വെയിൽസിനും അവയുടെ ആഭ്യന്തരകാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ ലിബറൽകക്ഷി പ്രത്യേകപാർലമെൻറുകൾ സൃഷ്ടിക്കുന്നതാണ്. പ്രഭുസഭ പരിഷ്കരിക്കുവാൻ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടുന്നതാണ്. തദ്ദേശീയാധികൃതരുടെ അധികാരങ്ങൾ വർദ്ധിപ്പിക്കാൻ കേന്ദ്രഗവൺമെൻറിൻെറ ജോലികൾ പുനർവിതരണം ചെയ്യുന്നതായിരിക്കും. ലിബറൽഗവ: പാർലമെൻറിലേയ്ക്കു നിരവധി മെമ്പറന്മാരെ തിരഞ്ഞെടുത്തയയ്ക്കുന്ന പുതിയതും വലുതുമായ നിയോജകമണ്ഡലങ്ങളായി രാജ്യത്തെ വീണ്ടുംവിഭജിക്കും. വോട്ടിംഗ് സിംഗിൾ ട്രാൻസ്ഫറബിൾ വോട്ടുകൊണ്ട് ആനുപാതികപ്രാതിനിധ്യത്തിലായിരിക്കും. ലിബറൽ വിദേശനയത്തിൻെറ അവസാനലക്ഷ്യം ലോകഗവൺമെൻറാണത്രെ. ഐക്യരാഷ്ട്രങ്ങളുടെ പിൻതുണ, കാമൺവെൽത്തുമായും യു. എസ്സുമായുമുള്ള ഉററ സംസർഗ്ഗം, ഒരു ഐക്യയൂറോപ്പിൻെറ പുരോഗമിപ്പിക്കൽ, സ്വാതന്ത്ര്യവും വിപുലീകൃതവുമായ സാർവ്വരാഷ്ട്രീകവ്യാപാരം, ഒരു സാർവ്വരാഷ്ട്രീകപോലീസ് സൈന്യത്തിൻെറ സ്ഥാപനം ഉണ്ടാകുംവരെ സുശക്തമായ ദേശീയ സൈന്യത്തിൻെറ പരിപാലനം എന്നവയിലൂടെ ആ ലോകഗവൺമെൻറുരൂപീകരണത്തെ സമീപിക്കുന്നതുമാണ്.

(പി. ററി. ഐ. കാപ്പിററൽ)

—o—



യു. എസ്സ്-ലെ "കൺസാളിഡേററഡ് സ്കൂളു"കളിൽ ഒന്നായ കോററാംമരിഡിയൻ സെൻട്രൽസ്കൂളാണു ചിത്രത്തിൽ കാണുന്നത്. ഇടതുവശത്തു നിരത്തി നിർത്തിയിരിക്കുന്നത് അദ്ധ്യാപകന്മാരുടെ വക കാറുകളും അതിനു വലത്തായി വിദ്യാർത്ഥികളെ സ്കൂളുകളിലേയ്ക്കു കൊണ്ടുവരുന്നതിനുള്ള ബസ്സുകളുമാണ്. സാദ്ധ്യാവധിവസങ്ങളിൽ യു. എസ്. ലെ 6000000 വിദ്യാർത്ഥിവിദ്യാർത്ഥിനികൾ കൂലികൂടാതെ ബസ്സിൽ യാത്രചെയ്യുന്നതിനു ഏർപ്പാടുണ്ട്. അതിനുള്ള ചിലവു നികുതിയിൽ നിന്നാണ്. മെരിഡിയൻഎന്ന സ്ഥലത്തെ 28 ചെറിയ സ്കൂളുകളും 2 ഹൈസ്കൂളുകളും ചേർത്താണ് മേൽകാണുന്ന കെട്ടിടത്തിൽ സ്ഥാപിച്ചിരിക്കുന്ന സ്കൂൾ. 28 വിദ്യാലയഡിസ്ട്രിക്ടുകളുടെവിദ്യാഭ്യാസപരവും സാമ്പത്തികവും മററുവിധത്തിലുള്ളതുമായ വിഭവങ്ങൾ കൂട്ടിയിണക്കിയാണ ഇവിടെ വിവിധവിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്കു യോജിച്ച പാഠപദ്ധതികൾ ഏർപ്പെടുത്തിയതു. വിദ്യാർത്ഥികൾക്കു സൗജന്യമായി ബസ്സയാത്രകൂടാതെ ഉച്ചഭക്ഷണവും നൽകപ്പെടുന്നുണ്ട്. കിൻറർഗാർട്ടൻ, പ്രൈമറി, സെക്കൻഡറി ഈ വകുപ്പുകളിലുള്ള 950 വിദ്യാർത്ഥികൾക്കു ഇവിടെ സൗകര്യങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. ആഡിറേറാറിയം, ജിംനാഷിയം, വർക്ക്ഷാപ്പു, ലാബററികൾ എന്നിവയുൾപ്പെടെ ഈ സ്കൂൾകെട്ടിടത്തിനു 103 ക്ലാസ്സുമുറികളാണുള്ളത്.

WE SUPPLY, ERECT AND SERVICE
HOUSEHOLD AND COMMERCIAL REFRIGERATORS.
BOTTLE COOLERS, ICE MAKING PLANTS,
ICE CREAM FREEZERS, MILK COOLERS, WATER COOLERS.
ASSOCIATED ENGINEERING CORPORATION,
BAKTIVILAS ROAD, TRIVANDRUM.

# ഒരു രാഗരംഗം

ചെങ്ങന്നൂർ, ശങ്കരവാര്യർ

(പുതുതായി തർജ്ജിമചെയ്ത അഭിജ്ഞാനശാകുന്തളം നാടകത്തിലെ ഒന്നാമങ്കത്തിന്റെ ഒരു ഭാഗം)

രംഗം: കണ്വാശ്രമത്തിന്റെ ഒരുവശത്തുള്ള ഒരു മരത്തോപ്പ്.

സമയം: രംഗം തീരാറാകുമ്പോൾ സമയം ഏതാണ്ട് സന്ധ്യയോടടുക്കും.

നായാട്ടിനായി വനത്തിലെത്തിയ ദുഷ്ഷന്തമഹാരാജാവ് സന്ദർശനാർത്ഥം കണ്വാശ്രമത്തിലേയ്ക്കു പോകുന്നവഴി ഈ മരത്തോപ്പിൽ ചെന്നുചേരുന്നു.

(അണിയറയിൽ)

തോഴിമാരെ, ഇങ്ങോട്ട്, ഇങ്ങോട്ട്.

രാജാവ്—(കേട്ടതായി നടിച്ച്) ഏയ്, ഈ മരത്തോപ്പിന്റെ തെക്കുവശത്തു ആരോ സംസാരിക്കുന്നതുപോലെ തോന്നുന്നു. അങ്ങോട്ടുചെല്ലാം (ചുറ്റിനടന്നു നോക്കിയിട്ട്) ഇതാ മുനികന്യകമാർ അവരവരുടെ പ്രായത്തിനു ചേർന്ന തണ്ണീർക്കുടങ്ങളുമായി തൈച്ചെടികളെ നനയ്ക്കാൻ ഇങ്ങോട്ടുവരുന്നു. (സൂക്ഷിച്ചു നോക്കിയിട്ട്) അഹോ, മധുരമായ കാഴ്ച!

അരമനയിലപൂർവ്വമിപ്രകാരം
വരുന്നുവാശ്രമവാസികൾക്കുവന്നാൽ
വിപിനലതകൾ തൻഗുണങ്ങളാല-
ങ്ങുപവനവല്ലികളേയകറ്റിട്ടുരെ.

ആകട്ടെ, ഈ തണലിൽ മാറി കാത്തുനില്ക്കാം. (നോക്കിക്കൊണ്ടു നില്ക്കുന്നു.)

(മുൻപറഞ്ഞവണ്ണം ശകുന്തളയും രണ്ടു തോഴിമാരും പ്രവേശിക്കുന്നു.)

ശകുന്തള—തോഴിമാരേ, ഇങ്ങോട്ട് ഇങ്ങോട്ട്.

ഒരുവൾ—ശകുന്തളേ, നിന്നേക്കാൾ പ്രിയം താതകാശ്യപനു ഈ ആശ്രമത്തെവൃക്ഷങ്ങളേയാണെന്നു തോന്നുന്നു. മുല്ലമലർപോലെ മൃദുലയായ നിന്നെയും ഇവയുടെ തടങ്ങൾ നിറയ്ക്കുന്നതിന് നിയോഗിച്ചിരിക്കുന്നുവല്ലോ.

ശകുന്തള—അച്ഛന്റെ നിയോഗം മാത്രമല്ല; എനിക്കും ഇവയോട് സഹോദരനിർവ്വിശേഷമായ സ്നേഹമുണ്ട്. (ചെടികൾക്ക് വെള്ളമൊഴിക്കുന്നു).

രാജാവ്—ഇവൾതന്നെയോ ആ കണ്വപുത്രി! ഇവളെ ആശ്രമധർമ്മങ്ങൾക്കു നിയോഗിക്കുന്ന കണ്വമഹർഷി ഔചിത്യവിഹീനൻതന്നെ. നിശ്ചയം.

വപുസ്സിങ്ങിതററം പ്രകൃത്യാമനോജ്ഞം
തപസ്സിന്നൊരുക്കാനൊരുങ്ങും തപസ്വീ
കരിങ്കൂവളപ്പൂവിതൾത്തുമ്പിനാലേ
മുറിക്കാൻശ്രമിക്കും സമിത്തും ദൃഢംതാൻ.

ആകട്ടെ, ഈ മരങ്ങളുടെ മറവിൽനിന്നു ഇവരുടെ വൈസ്രമ്ഭസല്ലാപം കേൾക്കാം. (അപ്രകാരം ചെയ്യുന്നു.)

ശകുന്തള—സഖി, അനസൂയേ, ഈ പ്രിയംവദ എന്റെ മാറത്തെ മരവുരിതന്നെ ഇറുക്കിക്കെട്ടുകയാൽ എനിക്ക് വളരെ അസ്വാധീനമുണ്ട്; ഇതൊന്നയച്ചുതരൂ.

അനസൂയ—ശരി, അങ്ങനെതന്നെ. (അയച്ചുകെട്ടുന്നു.)

പ്രിയംവദ—ഇതിൽ ക്ഷണംതോറും നിന്റെ കുചങ്ങളെ മുറിച്ചുകൊണ്ടിരിക്കുന്ന യൗവനത്തെയാണ് പഴിക്കേണ്ടത്.

രാജാവ്—ഇവളുടെ പ്രായത്തിന് മരവുരി ഒട്ടുംചേർന്നതല്ലെങ്കിലും അതു അഴകിനു ഒട്ടുംതന്നെ കുറവു വരുത്തുന്നില്ല. എന്തെന്നാൽ,

ചെന്താർപായലണിഞ്ഞുമേവിടുകിലും
കാന്തിത്തഴപ്പേന്തിടും
പൂന്തിങ്കൾക്കൊളിചേർത്തിടും മലിനമാ-
ണങ്കക്കറപ്പെങ്കിലും
ചന്തം തന്വിയിവൾക്കു വൽകലമതും
ചേർക്കുന്നിതല്ലേതരം
കാന്തിപ്പെട്ടൊരുടല്ക്കലങ്കരണമാ-
യെന്തെന്തു താൻതീർന്നിടാ?

ശകുന്തള—തെന്നലിൽ ചാഞ്ചാടുന്ന തളിരുകളാകുന്ന വിരലുകൾകൊണ്ട് ഈ ഇലഞ്ഞിത്തയ്യ് എന്നെ തെരുതെരെ മാടിവിളിക്കുകയാണെന്നു തോന്നുന്നു. അതുകൊണ്ട് ഞാനങ്ങോട്ടു ചെന്നതിനെ സൽക്കരിക്കട്ടെ (അങ്ങോട്ടു ചെല്ലുന്നു.)

പ്രിയംവദ—സഖി, ശകുന്തളെ, നീ ക്ഷണനേരം അവിടെത്തന്നെ ഒന്നു നിൽക്കണേ. നീ അടുത്തുനിൽക്കുമ്പോൾ ഈ ഇലഞ്ഞിത്തയ്യ് ഒരു വള്ളിയുമായി ഇണങ്ങിച്ചേർന്നപോലെ ശോഭിക്കുന്നുണ്ട്.

ശകുന്തള—ഇതുകൊണ്ടുതന്നെയാണ് നിന്നെ പ്രിയംവദ എന്നു വിളിക്കുന്നത്.

രാജാവ്—പ്രിയമെങ്കിലും സത്യമാണ് പ്രിയംവദ പറഞ്ഞത്. ഇവൾക്കാകട്ടെ,

അരുണം തളിർപോൽ അധരം; ലളിതം
തരുശാഖകളോടിടയും ഭുജവും
നിറയുന്നതിയായ് മലർപോൽ മധുരം
നറുമേനിയതിൽപ്പുതുയൗവനവും.

അനസൂയ—തോഴി, ശകുന്തളെ, ഇതാ നീ വനജ്യോത്സ്ന എന്നു പേരിട്ടതും തേന്മാവിന്റെ സ്വയംവരവധുവുമായ മുല്ലച്ചെടി. ഇതിനെ നീ മറന്നുപോയോ?

ശകുന്തള—എന്നാൽ ഞാൻ എന്നെത്തന്നെയും മറന്നുപോകും (മുല്ലയുടെ അടുത്തുചെന്നിട്ട്) ഹാ! രമണീയമായ സമയത്താണ് ഈ ലതാവൃക്ഷദമ്പതികൾ ഇണചേർന്നത്. പുതുപ്പൂക്കളണിഞ്ഞ് വനജ്യോത്സ്ന തഴച്ചുനില്ക്കുന്നു; തേന്മാവോ, കായ്ച്ച് അനുഭവയോഗ്യനായും തീർന്നിരിക്കുന്നു. (നോക്കിക്കൊണ്ടു നില്ക്കുന്നു.)

പ്രിയംവദ—അനസൂയേ, നിനക്കറിയാമോ ശകുന്തള വനജ്യോത്സ്നയെ ഇത്രമാത്രം സൂക്ഷിച്ച് നോക്കുന്നതെന്താണെന്ന്?

അനസൂയ—മനസ്സിലായില്ല; പറയൂ.

പ്രിയംവദ—"വനജ്യോത്സ്ന തനിക്കൊത്ത തേന്മാവിനോടു ചേർന്നിരിക്കുന്നതുപോലെ എനിക്കും സ്വാനുരൂപനായ ഒരു വരനെ ലഭിക്കുമോ" എന്നാണ്.

ശകുന്തള—ഇത് നിന്റെ ഉള്ളിലെ ആഗ്രഹമാണ് (തണ്ണീർക്കുടം ചരിക്കുന്നു)

രാജാവ്—ഇവൾ കുലപതിക്ക്. വിജാതീയസ്ത്രീയിൽ ജനിച്ചവളായിരുന്നെങ്കിൽ! അഥവാ എന്തിനു സംശയിക്കുന്നു.

എന്നാശ്ശചേരസ്സനുരക്തമാകയാൽ
തന്വാംഗിയാൾ ക്ഷത്രകളത്രയോഗ്യതാൻ
സന്മാനസക്കുള്ളൊരു സംശയങ്ങളിൽ
തന്മാനസപ്രേരണതാൻപ്രമാണമാം

എന്നാലും ഇവളുടെ വാസ്തവം മനസ്സിലാക്കണം.

ശകുന്തള—(സംഭ്രമത്തോടെ) ഇതാ വെള്ളമൊഴിച്ചപ്പോൾ പരിഭ്രമിച്ച ഒരു വണ്ട് മുല്ലയിൽനിന്നും ഇളകി എന്റെ മുഖത്തിനുനേരേ പാഞ്ഞുവരുന്നു. (വണ്ടിന്റെ ഉപദ്രവം നടിക്കുന്നു.

രാജാവ്—(സാഭിലാഷം)

ലോലംകൺമുനയേററു നീ തരളമാം
നന്മേനിയിൽതൊട്ടിടും
മെല്ലെശ്ശ്രോത്രസമക്ഷമെത്തിമുരളും
ഗൂഢം കഥി ചൊല്ലുന്നപോൽ
കൈത്താർ വീശിടവേസ്വദിപ്പൂ രതിതൻ
സർവ്വസ്വമാം ചുണ്ടുനീ
തത്വാന്വേഷണ വഞ്ചിതൻഭ്രമരമേ!
നാം ഭാഗ്യവാൻ താൻഭവാൻ.

ശകുന്തള—ഈ ദുഷ്ടൻ വിട്ടൊഴിയുന്നില്ലല്ലോ. ഞാൻതന്നെ മാറിപ്പോയേക്കാം (മാറിനിന്നു ദൃഷ്ടിക്ഷേപത്തോടെ) ഹാ ഇവിടെയും എന്നെ ഇവൻ പിന്തുടരുന്നല്ലോ. തോഴിമാരെ രക്ഷിക്കണെ രക്ഷിക്കണെ.

സഖിമാർ—(പുഞ്ചിരിയോടെ) ഞങ്ങൾ ആരാണ് രക്ഷിക്കാൻ. ദുഷ്ഷന്തനെ വിളിച്ചു കരയൂ. രാജാവത്രെ തപോവനങ്ങളെ രക്ഷിക്കേണ്ടത്.

രാജാവ്—ഇതുതന്നെ പ്രത്യക്ഷപ്പെടാനുള്ള അവസരം. പേടിക്കേണ്ടാ (എന്നു പകുതി പറഞ്ഞിട്ട്, സ്വഗതം) രാജാവാണെന്ന് വെളിപ്പെട്ടുപോകുമല്ലോ. ആകട്ടെ ഇപ്രകാരം പറയാം.

ശകുന്തള—(അന്യത്രമാറിനിന്നു ദൃഷ്ടിക്ഷേപത്തോടെ) എന്നിട്ടും പിന്തുടരുന്നല്ലോ.

രാജാവ്—(പെട്ടെന്നു അടുത്തുചെന്നിട്ട്)

ആരത്ര, ദുർമ്മാർഗ്ഗികളെത്തകർത്തു
പോരുന്നൊരപ്പൗരവനുഴിവാഴ്കെ
നേരിട്ടധിക്ഷേപമിയററിടുന്നു
ഭീരുക്കളാം താപസകന്യമാരിൽ

(എല്ലാവരും രാജാവിനെക്കണ്ട് കുറഞ്ഞൊന്നു പരിഭ്രമിക്കുന്നു).

അനസൂയ—ആര്യ, ആപത്തൊന്നുമുണ്ടായില്ല. ഞങ്ങളുടെ ഈ ഇഷ്ടതോഴി വണ്ടിന്റെ ഉപദ്രവംനിമിത്തം തെല്ലൊന്നു പരിഭ്രമിച്ചുപോയി. (ശകുന്തളയെ ചൂണ്ടിക്കാണിക്കുന്നു.)

രാജാവ്—(ശകുന്തളയ്ക്കഭിമുഖമായി നിന്നിട്ട്) തപസ്സ് ശരിയാംവണ്ണം നടക്കുന്നുണ്ടല്ലോ. (ശകുന്തള പരിഭ്രമിച്ച് മിണ്ടാതെനിൽക്കുന്നു.)

അനസൂയ—ഉണ്ട്; ഇപ്പോൾ ഒരു വിശിഷ്ടാതിഥിയെ ലഭിക്കയാൽ പ്രത്യേകിച്ചും. തോഴി, ശകുന്തളെ, ആശ്രമത്തിൽച്ചെന്ന് പഴങ്ങളും അർഗ്ഘ്യവും കൊണ്ടുവരിക. പാദ്യത്തിന് ഈ വെള്ളംതന്നെ മതിയാകും.

രാജാവ്—നിങ്ങളുടെ സ്നേഹവും ഉണ്മയും നിറഞ്ഞ വാക്കുകൾകൊണ്ടുതന്നെ എനിക്ക് അതിഥിസൽക്കാരം സിദ്ധിച്ചുകഴിഞ്ഞു.

പ്രിയംവദ:—എന്നാൽ ആര്യൻ തണലും കുളിർമ്മയും ഉള്ള ഈ ഏഴിലംപാലയുടെ തറമേൽ ഇരുന്നു അല്പമൊന്നു് വിശ്രമിച്ചാലും.

രാജാവ്—നിങ്ങളും വേലചെയ്ത് വളരെ തളർന്നിരിക്കുന്നുവല്ലോ.

അനസൂയ—സഖി, ശകുന്തളെ, അതിഥികളെ പൂജിക്കേണ്ടത് നമ്മുടെ കർത്തവ്യമാണെല്ലോ. നമുക്കും ഇരിക്കാം. (എല്ലാവരും ഇരിക്കുന്നു.)

ശകുന്തള—(സ്വഗതം) എന്താണിതു? ഇദ്ദേഹത്തിനെ കണ്ടമാത്രയിൽ ഋഷിവാടത്തിന് യോജിക്കാത്തതായ ഒരു വികാരം എന്റെ മനസ്സിനെ ഗ്രസിച്ചിരിക്കുന്നത്.

രാജാവ്—(എല്ലാവരേയും നോക്കിയിട്ട്) ആകൃതിയിലും പ്രായത്തിലും ഉള്ള ഇണക്കം കൊണ്ട് നിങ്ങളുടെ ചേർച്ച വളരെ രമണീയമായിരിക്കുന്നു.

പ്രിയംവദ—(നിഗൂഢമായി) അനസൂയേ, ആരായിരിക്കാം കോമളനും എന്നാൽ ഗംഭീരാകൃതിയുമായ ഇദ്ദേഹം? സരസമായും മധുരമായും സംസാരിക്കുന്നുണ്ട്. ഒരു പ്രഭുവാണെന്നു തോന്നുന്നു; നല്ല ദാക്ഷിണ്യവുമുണ്ട്.

അനസൂയ—എനിക്കും അറിയാൻ കൗതുകമുണ്ട്. അദ്ദേഹത്തോട് ഞാൻ ചോദിക്കാം. (പ്രകാശം) ആര്യന്റെ മധുരമായ സംഭാഷണത്തിൽനിന്നും ഉളവായ വിശ്വാസംകൊണ്ട് ചോദിച്ചുപോകുന്നതാണ്: ഏതൊരു രാജർഷിവംശത്തെയാണ് ആര്യൻ അലങ്കരിക്കുന്നതു? ഏതൊരു നാട്ടുകാരാണ് ആര്യന്റെ വേർപാടുകൊണ്ട് ഉൽകണ്ഠിതരായി തീർന്നിരിക്കുന്നതു? എന്തുകൊണ്ടാണ് ഈ മൃദുലകോമളമായ കാലുകൾ തപോവനപര്യടനക്ലേശത്തിന് പാത്രമാക്കിയതു?

ശകുന്തള—(സ്വഗതം) ഹൃദയമേ! പരിഭ്രമിക്കേണ്ട. നീ അഭിലഷിച്ചതു് അനസൂയ ചോദിക്കുന്നുണ്ട്.

രാജാവ്—(സ്വഗതം) എങ്ങിനെയാണ് പരമാർത്ഥം വെളിപ്പെടുത്തുന്നതു്; മറയ്ക്കുന്നതു എങ്ങിനെയാണ്? ആകട്ടെ ഇപ്രകാരം പറയാം. (പ്രകാശം) ഭദ്രേ, പൗരവരാജാവിനാൽ ധർമ്മാധികാരിയായി നിയമിക്കപ്പെട്ടവനാണ് ഞാൻ. ക്രിയകളെല്ലാം മുടക്കങ്ങൾകൂടാതെ നടക്കുന്നുവോ എന്നറിയുന്നതിനായിട്ടാണ് ഈ ധർമ്മാരണ്യത്തിൽ വന്നുചേർന്നതു്.

അനസൂയ—സനാഥരായി ഇപ്പോൾ ധർമ്മചാരികൾ,

(ശകുന്തള ശൃംഗാരലജ്ജ നടിക്കുന്നു)

സഖിമാർ—(ശകുന്തളാദുഷ്ഷന്തന്മാരുടെ ചേഷ്ടകണ്ടിട്ട് നിഗൂഢമായി) ശകുന്തള, അച്ഛൻ ഇന്നിവിടെ ഉണ്ടായിരുന്നെങ്കിൽ......

ശകുന്തള—എന്നാലെന്താണ?

സഖിമാർ—ഈ മാന്യാതിഥിയെ തന്റെ ജീവിതസർവ്വസ്വംകൊണ്ടും തൃപ്തിപ്പെടുത്തുമായിരുന്നു.

ശകുന്തള—പോകുവിൻ. നിങ്ങൾ എന്തൊക്കെയോ മനസ്സിൽ കരുതി സംസാരിക്കുകയാണ്. നിങ്ങളുടെ സംസാരം എനിക്കു കേൾക്കേണ്ട.

രാജാവ്—ഞാനും നിങ്ങളുടെ തോഴിയെക്കുറിച്ച് ഒന്നു ചോദിച്ചുകൊള്ളട്ടെയോ?

സഖിമാർ—ആര്യാ ഈ അഭ്യർത്ഥന ഞങ്ങൾക്ക് ഒരനുഗ്രഹംതന്നെയാണ്.

രാജാവ്—ഭഗവാൻ കാശ്യപൻ നിത്യബ്രഹ്മചാരിയാണെന്ന് സുപ്രസിദ്ധമാണല്ലോ. നിങ്ങളുടെ ഈ തോഴി അദ്ദേഹത്തിന്റെ പുത്രിയും—ഇതെങ്ങനെ?

അനസൂയ—ആര്യൻ കേട്ടുകൊള്ളുക. കൗശികൻ എന്നു ഗോത്രപ്പേരുള്ള മഹാപ്രഭാവനായ ഒരു രാജർഷി ഉണ്ട്.

രാജാവ്—ഉണ്ട്; കേട്ടിട്ടുണ്ട്.

അനസൂയ—ഞങ്ങളുടെ ഇഷ്ടതോഴിയുടെ അച്ഛൻ അദ്ദേഹമാണ്. ഉപേക്ഷിക്കപ്പെട്ട ഇവളെ എടുത്തു വളർത്തുകയാലാണ് താതകാശ്യപൻ ഇവളുടെ അച്ഛനായതു്.

രാജാവ്—ഉപേക്ഷിക്കപ്പെട്ട എന്നു പറഞ്ഞതുകൊണ്ട് എനിക്കു കൗതുകംതോന്നുന്നു. ആദ്യംമുതല്ക്കു കേട്ടാൽ കൊള്ളാം.

അനസൂയ—ആര്യൻ കേട്ടാലും. പണ്ട് ഘോരതപസ്സ് ചെയ്തുകൊണ്ടിരുന്ന ആ രാജർഷിയുടെ അടുക്കലേയ്ക്കു എന്തൊക്കെയോ ശങ്കിച്ച ദേവന്മാർ മേനക എന്ന അപ്സരസ്ത്രീയെ തപസ്സുമുടക്കുന്നതിനായി പറഞ്ഞയച്ചു.

രാജാവ്—അന്യരുടെ തപസ്സിനെക്കുറിച്ചു ദേവന്മാർക്ക് പേടി പതിവുള്ളതാണ്.

അനസൂയ—അനന്തരം ഉദാരമായ വസന്തവേളയിൽ മത്തുപിടിപ്പിക്കുന്ന അവളുടെ രൂപലാവണ്യംകണ്ടിട്ട് (അർദ്ധോക്തിയിൽ മന്ദാക്ഷഭാവത്തോടെ വിരമിക്കുന്നു)

രാജാവ്—അപ്പുറം മനസ്സിലായി. സർവ്വഥാ അപ്സരസ്ത്രീക്കു പിറന്നവളാണിവൾ.

അനസൂയ—അതെ.

രാജാവ്—യോജിക്കുന്നു.

മനുഷ്യസ്ത്രീയിലുണ്ടാമോ
മനോജ്ഞം രൂപമിങ്ങനെ
ഒളി ചിന്തുന്ന തേജസ്സ-
ങ്ങിള തന്നിലുദിക്കുമോ?

(ശകുന്തള ലജ്ജിച്ചു മുഖംതാഴ്ത്തുന്നു.)

രാജാവ്—(ആത്മഗതം) എന്റെ അഭിലാഷത്തിനിടംകിട്ടി. എന്നാൽ വരപ്രാർത്ഥനയെപ്പററി സഖി കളിയായിപ്പറഞ്ഞതുകേട്ടിട്ട് എന്റെ മനസ്സ് പിടയ്ക്കുന്നു.

പ്രിയംവദ—(പുഞ്ചിരിയിട്ട് ശകുന്തളയെ നോക്കി നായകന്റെ നേരേ തിരിഞ്ഞു) വീണ്ടും ആര്യന് എന്തോ പറയാനുള്ളതുപോലെ തോന്നുന്നു.

(ശകുന്തള പ്രിയംവദയെ ചൂണ്ടുവിരൽകാട്ടി ശാസിക്കുന്നു.)

രാജാവ്—ഭവതിക്കു തോന്നിയതു ശരിതന്നെ. സച്ചരിതം കേൾക്കാനുള്ള ആഗ്രഹംനിമിത്തം നമുക്കു വേറൊന്നുകൂടി ചോദിപ്പാനുണ്ട്.

പ്രിയംവദ—ശങ്കിക്കേണ്ട; തപസ്വിജനങ്ങളോടെന്തുംചോദിക്കുന്നതിനുതടസ്സംഇല്ലല്ലോ.

രാജാവ്—ഇതുംകൂടി നിങ്ങളുടെ സഖിയെപ്പററി അറിയണമെന്നുണ്ട്.

വേളിപ്പോളമത്രമതിയേ കമനിക്കനംഗ
വ്യാപാരലീലകളെഴാത്ത മുനിവ്രതങ്ങൾ
അന്ത്യംവരെയ്ക്കു മദിരേക്ഷണരെമത്രിപൂണ്ട
മാന്തന്വിമാരുമൊരുമിച്ചു വസിക്കവേണോ?

പ്രിയംവദ—ആര്യ ധർമ്മാചരണത്തിൽ പോലും ഈയുള്ളവർ പരതന്ത്രകളാണ്. എന്നാൽ അനുരൂപനായ ഒരു വരന് കൊടുക്കണമെന്നാണ് അച്ഛന്റെ ആഗ്രഹം.

രാജാവ്—ദുസ്സാധമല്ല, ഈ കാമിതം.

ആശതേടുമനമേ! ഇനിയും നീ
സംശയംസകലതുംമമനീങ്ങി.
അഗ്നിയെന്നു നിനവാർന്നപദാർത്ഥം
രത്നമാണ കരലാളനയോഗ്യം.

ശകുന്തള—(കോപിച്ചെന്നപോൽ) അനസൂയേ, ഞാൻ പോകുന്നു.

അനസൂയ—എന്തിനു?

ശകുന്തള—ഈ പ്രിയംവദ അസംബന്ധം പുലമ്പുന്നതു ആര്യഗൗതമിയെ ധരിപ്പിക്കാൻ.

അനസൂയ—ഈ മാന്യനായ അതിഥിയെ സൽക്കരിക്കാതെ അദ്ദേഹത്തെ വിട്ടിട്ട് തോന്നിയതുപോലെ പോകുന്നതു യുക്തമല്ല.

ശകുന്തള ഒന്നുംപറയാതെ പോകാൻ ഭാവിക്കുന്നു.

രാജാവ്—(പിടിച്ചുനിർത്താൻ ആയുന്നു; പക്ഷേ പിൻവാങ്ങുന്നു. വിചാരം) അഹോ കാമിജനങ്ങളുടെ മനോവിചാരം തദനുസരണമായ ശരീരചേഷ്ടയോടുകൂടിയതായി തോന്നിപ്പോകുന്നു. എനിക്കാകട്ടെ!

മുനീന്ദ്രകന്യ നശരിക്കു ഞാൻദൃഢം
ഉന്നിഞ്ഞു; പക്ഷേ വിനയംവിലക്കയാൽ
ചരിച്ചതില്ലെങ്കിലുമത്രപോയിതാം
തിരിച്ചുവന്നീടിനപോലെ ചിന്തയിൽ.

പ്രിയംവദ—(ശകുന്തളയെ വിലക്കിയിട്ട്) തോഴി, നീ പോകാൻപാടില്ല.

ശകുന്തള—എന്തുകൊണ്ട്?

പ്രിയംവദ—ഞാൻ നിനക്കുവേണ്ടി രണ്ടു ചെടികൾ നനച്ചിട്ടുണ്ട്. ആ കടം വീട്ടിയിട്ടുവേണം പോകാൻ. (ബലാൽക്കാരേണ തടഞ്ഞുനിർത്തുന്നു.)

രാജാവ്—ഭദ്രേ, ചെടികൾക്കു വെള്ളം കോരി ഇപ്പോൾതന്നെ ഈ ശ്രീമതി വളരെ ക്ഷീണിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇവൾക്ക്,

ചോന്നുബാഹുതലങ്ങളങ്ങധികമായ്;
തണ്ണീർക്കുടം താങ്ങിയും
താന്തുതോളുകൾ; വീർപ്പുമൂലമിളകു-
ന്നിപ്പോഴുമിക്കൊങ്കകൾ;
ചിന്നീ കർണ്ണികപാറുമാറുവദനേ-
തുവേർപ്പണിത്തുള്ളികൾ.
ഛിന്നം വാർമുടിയകഹസ്തമതിനാൽ
ബന്ധിക്കയാലാകുലം

അതിനാൽ ഇവളുടെ കടം ഞാൻ വീട്ടാം. (മോതിരം ഊരി നീട്ടുന്നു; രണ്ടുപേരും മോതിരത്തിൽ കൊത്തിയിട്ടുള്ള പേരു വായിച്ചു പരസ്പരം നോക്കുന്നു)

രാജാവ്—അന്യഥാ ശങ്കിക്കേണ്ട. രാജാവിന്റെ സമ്മാനമാണിതു്.

പ്രിയംവദ—എന്നാൽ ആര്യന്റെ വിരലിൽനിന്നും ഈ മോതിരം വേർപെടുത്തുന്നതു് ശരിയല്ല. അങ്ങയുടെ വാക്കുകൊണ്ടുതന്നെ ഇവളുടെ കടംതീർന്നിരിക്കുന്നു. (പുഞ്ചിരിച്ച്), സഖി, ശകുന്തളെ, ഈ ദയാലുവായ ആര്യൻ അല്ലെങ്കിൽ മഹാരാജാവ് നിന്റെ കടം തീർത്തിരിക്കുന്നു. നിനക്കു പോകാം.

ശകുന്തള (സ്വഗതം) എനിക്കു കഴിയുമായിരുന്നെങ്കിൽ (വെളിവായി) നീയാരാണ് നില്ക്കാനും പോകാനും പറയാൻ?

രാജാവ്—(ശകുന്തളയെനോക്കിവിചാരം) നമുക്കു ഇവളെക്കുറിച്ചു തോന്നുന്നതുപോലെ ഇവൾക്കു എന്നിലും തോന്നുന്നുണ്ടായിരിക്കുമോ? അല്ലെങ്കിൽ അഭിലാഷത്തിനിടം കിട്ടിയിട്ടുണ്ട്. എന്തെന്നാൽ,

ഒന്നും മാമകഭാഷണത്തിനിടചേ-
ർത്താതുന്നതല്ലെങ്കിലും
കണ്ണാനൽകുവതുണ്ടിവൾക്കഭിമുഖം
ഞാനങ്ങുഭാഷിക്കവേ
നില്ക്കുന്നില്ല മമാനനാഭിമുഖിയായ്
തന്വാംഗിയെന്നാകിലും
ചേർക്കുന്നില്ലധികം മന്യേവിഷയം
തന്നിൽസ്സമാലോകനം.

(അണിയറയിൽ)

അല്ലയോ തപസ്വികളേ, തപോവനമൃഗങ്ങളെ രക്ഷിക്കുന്നതിനു ഒരുങ്ങിക്കൊള്ളുവിൻ. ദുഷ്ഷന്തമഹാരാജാവ് വേട്ടയാടിക്കൊണ്ടു സമീപമെത്തിയിരിക്കുന്നു.

തുരഗഖുരമിളക്കും രേണു, കൊമ്പിങ്കലീറൻ
മരവുരിനിരചേരും പർണ്ണഗേഹദ്രുമാളം
അരുണകിരണസാന്ധ്യം കാന്തിപൂരംചമഞ്ഞി-
ട്ടുരിയശലഭസംഘം പോലവേവീണിടുന്നു.

അത്രതന്നെയുമല്ല,

ഒററക്കൊമ്പിലിടിച്ചുടൻതരുവിൻ-
സ്കന്ധത്തെയാങ്ങന്തിയും
ചുററിപ്പററിയെഴുന്ന വഞ്ചിവളയം
കാലിൽപ്പിണച്ചുംസ്വയം





ന്യൂയാർക്കിൽ ലേക്സക്സസിൽവച്ചു നടത്തപ്പെട്ട യുണൈറഡ് നേഷൻസ് സയൻറിഫിക്ക് കാൺഫറൻസ് ആൺ കൺസർവേഷൻ ആൻഡ് യൂട്ടിലൈസേഷൻ അഫ് റിസോഴ്സസ് എന്ന സമ്മേളനത്തിൽ ലോകത്തിലെ ൫൦ രാജ്യങ്ങളിൽനിന്നു ൬൦൦-ഓളം ശാസ്ത്രജ്ഞന്മാരും എഞ്ചിനീയറന്മാരും സംബന്ധിച്ചിരുന്നു. വിഭവങ്ങൾ സംഭരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതു സംബന്ധിച്ചുള്ള ഒരു സംഘടനയാണിതു്. ഫൻർന്ന-ൽ പ്രസിഡൻറ ട്രൂമൻ പുറപ്പെടുവിച്ച ഒരു നിർദ്ദേശമനസരിച്ചാണ് പ്രസ്തുത സമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായതു്. വിഭവങ്ങളുടെ ശാസ്ത്രീയമായ സംഭരണത്തെയും പ്രയോജനപ്പെടുത്തലിനെയും സംബന്ധിച്ച് സയൻസിനു ചെയ്യാവുന്ന സഹായങ്ങളെപ്പററി ആലോചിക്കുകയാണ് ഇതുകൊണ്ടു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ലോകത്തിലെ ജനങ്ങളുടെ ജീവിതത്തോതു ഉയർത്തുന്നതിനു വിഭവങ്ങൾ ശാസ്ത്രീയമായി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനായി ഏർപ്പെടുത്തിയ പ്രസ്തുത സമ്മേളനമാണ് യു. എൻ. ആഭിമുഖ്യത്തിൽ ആദ്യമായി ഏർപ്പെടുത്തിയ ശാസ്ത്രജ്ഞരുടെ സംഘടന. ലേക്സക്സസിലെ സമ്മേളനാനന്തരം പ്രതിനിധികൾ യു. എസ്സിലെ പല പ്രദേശങ്ങളും സന്ദർശിക്കുകയുണ്ടായി. യു. എസ്സ്-ലെ വിഭവങ്ങൾ സംഭരിച്ച് സൂക്ഷിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നതിനു അവലംബിച്ചുവരുന്ന പദ്ധതികളെ നേരിട്ടു കാണുന്നതിനു ഗവമ്മെൻറിൻെറ ചിലവിലാണ് പര്യടനങ്ങൾ നടത്തപ്പെട്ടതു്. ജലവിഭവങ്ങളുടെ സംഭരണം ഉപയോഗപ്പെടുത്തൽ ഇവ സംബന്ധിച്ചുള്ള പദ്ധതിയാണ് യു. എസ്സിൽ പ്രാധാന്യം അർഹിക്കുന്നതു്. ആറിസോണ, നെവാഡാ ഈ സ്റ്റേറ്റുകളിൽ കൊളറാഡോ നദീജലത്തെ നിയന്ത്രിക്കുന്ന പദ്ധതിയും ഉൾപ്പെട്ട ഹൂവർ അണയുടെ ചീപ്പുകളിൽനിന്നും ജലം നിർഗ്ഗമിക്കുന്നതാണ് ചിത്രത്തിൽ കാണുന്നതു്. ൭൨൬ അടി ഉയരമാണ് അണയ്ക്കുള്ളതു്. വെള്ളപ്പൊക്കം നിയന്ത്രിക്കുക, കാർഷികജലസേചനം, ജലമാർഗ്ഗഗതാഗതം, വൈദ്യുതശക്ത്യുല്പാദനം, വ്യവസായത്തിനും ഗൃഹാവശ്യങ്ങൾക്കും ജലവിതരണം എന്നിവയാണ് ഈ പദ്ധതിയിൽനിന്നു ലഭിക്കുന്ന ഗുണങ്ങൾ. ലോകത്തിലെ ഏറാവും വിസ്തൃതമായ കൃത്രിമതടാകമെന്നു വിശ്രുതമായ ലേക്ക്മീഡ് ആണ് ഈ പദ്ധതി സംബന്ധിച്ചുള്ള ജലസംഭരണതടാകം. ൩൨൦൦൦൦൦൦ ഏക്കർ അടി ജലമാണ് ഇതിൽ സംഭരിച്ചു നിറുത്തുന്നതു്. സമുദ്രാന്തർഭാഗത്തുനിന്നു എണ്ണ ഖനനംചെയ്തു (?) സംഭരിക്കുകയെന്നതാണ് മറെറാരു വിഭവസംഭരണമാർഗ്ഗം. സമുദ്രത്തിൻെറ അടിത്തട്ടിൽനിന്നു ൩൦൦ അടിയിൽ കൂടുതൽ ആഴമില്ലാത്ത ഭാഗങ്ങളിലുള്ള "ഭൂഖണ്ഡത്തട്ടുകളി"ലേയ്ക്കാണ് അദ്ദേ: ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ തിരിഞ്ഞതു്. മെക്സിക്കോ ഉൾക്കടലിൽ കരയിൽനിന്നു ൭ മൈലോളം ഉള്ളിൽ തുറന്നിട്ടുള്ള ഒരു എണ്ണക്കിണറിനുസമീപം ഒരു എണ്ണക്കപ്പൽ നില്ക്കുന്നതാണു ചിത്രം. ഈ ഭാഗത്തു കഴിഞ്ഞ ൫ വർഷത്തിനുള്ളിൽ ൫൦-ൽപരം "കിണറു"കൾ കുഴിച്ചിട്ടുണ്ട്.

---

വന്നീടുന്നതപോവനേ പുരുതപോ-
വിഘ്നംവപുസ്സാർന്നപോൽ
വന്യേഭം രഥവീക്ഷയാൽചകിത-
നായോടിച്ചു മാമ്പാററവും

(സ്ത്രീകൾ എല്ലാവരും കേട്ടതായി നടിച്ച് കറങ്ങുന്നു പരിഭ്രമിക്കുന്നു, അഹോ, കഷ്ടം പൗരന്മാർ നമ്മെ അന്വേഷിച്ച് തപോവനത്തിൽകയറി ലഹളകൂട്ടുകയാണ്. ആകട്ടെ, പോയി തിരിച്ചുവരാം.

സഖിമാർ—ഈ കാട്ടാനയുടെ കഥ കേട്ടിട്ട് ഞങ്ങൾക്കു ഭയമാകുന്നു. പർണ്ണശാലയിലേക്കുപോകുന്നതിനു് ഞങ്ങളെ അനുവദിക്കണം.

രാജാവു്—നിങ്ങൾ പൊയ്ക്കൊൾക. ആശ്രമത്തിനുപദ്രവം നേരിടാത്തവിധം നാം വേണ്ട ഏർപ്പാടുകൾ ചെയ്തുകൊള്ളാം. (എല്ലാവരും എഴുന്നേല്ക്കുന്നു.)

സഖിമാർ—അതിഥിപൂജകൊണ്ടു സൽകരിക്കാത്ത ആര്യനെ ഇനിയും കാണണമെന്നപേക്ഷിക്കുന്നതിനു ലജ്ജയായിരിക്കുന്നു.

രാജാവു്—അങ്ങനെയല്ല; നിങ്ങളുടെ ദർശനംകൊണ്ടുതന്നെ എനിക്കു സൽകാരം സിദ്ധിച്ചുകഴിഞ്ഞു.

(ശകുന്തള സവ്യാജം പിന്തിരിഞ്ഞു രാജാവിനെ കടാക്ഷിച്ച്, (സഖിമാരുമൊരുമിച്ചു പോകുന്നു.)

രാജാവു്—എനിക്കു നഗരത്തിലേക്കു പോകുന്നതിനു ഉത്സാഹം ഇല്ലാതായിരിക്കുന്നു. പരിവാരങ്ങളെക്കൊണ്ട് തപോവനത്തിനു വളരെയകലത്തല്ലാതെ താവളമുറപ്പിക്കണം. ശകുന്തളയെപ്പററിയുള്ള ചിന്തയിൽനിന്നും മനസ്സിനെ പിന്തിരിപ്പിക്കുന്നതിന് ഞാനശേഷം ശക്തനല്ല. എനിക്കാകട്ടെ—

മുൻപോട്ടുനീങ്ങുന്നു ശരീരമെന്നാൽ
പിൻപോട്ടുപായുന്നനധീനചിത്തം
വാതപ്രവാഹാഭിമുഖം നയിക്കും
കേതുസ്ഥിതംചീനപടംകണക്കു.

(യവനിക)   (പോയി)



മനോഹരമായ
തലമുടി
വളരുവാൻ
പ്രസിദ്ധണ്ടു്
വെജിററബിൾ
ഹെയർഓയിൽ
ഉപയോഗിയ്ക്കുവിൻ
RATHOD TRADING CO.,
SOWCARPET — MADRAS.

# മോചനം

(ടാഗോർ)

എൻ. ഭാർഗ്ഗവി

ഏറെയാണ്ടും യത്നങ്ങൾ ചെയ്തു ഞാൻ-
യമ്പലമൊന്നു പണികഴിച്ചു. [ഭംഗിയാ-
വാതിലുമില്ലൊരു വാതായനവുമി-
ല്ലാദിത്യരശ്മിയകത്തു കേറാൻ.
മേട്ടുഭിത്തികളെല്ലാം ശിലകളാൽ
വീതിയിൽ നിർമ്മിച്ചതായിരുന്നു.

ആകെമാനംഞാൻ വൈരാഗ്യചിന്തയാൽ
ലോകത്തിൽനിന്നുമകന്നുപോയി.
മാനസമേകാഗ്രമാകവേ നിശ്ചല-
ധ്യാനനിലീനമാം ലോചനങ്ങൾ.
പാവനവേദിയിലൻപിൽ പ്രതിഷ്ഠിച്ച
ദേവപ്രതിമയിലൂന്നിനിന്നു.
സൗരഭ്യംവീശുന്ന തൈലവിളക്കുകൾ
വാരൊളിചിന്നിത്തെളിഞ്ഞിരുന്നു.
ധൂപധൂമങ്ങളൻ ചേതസ്സിരകളിൽ
വ്യാപിച്ചുചുററിപ്പടന്നിരുന്നു.

ഊണുറക്കവുമില്ലാതെ വിഭ്രമം
കാണിയുംകൂടാതെ കൽച്ചുമരിൽ
കൃത്രിമമായ വരകളാൽ നൂതന-
ചിത്രങ്ങളേറെ രചിച്ചു ഹാ! ഞാൻ?
പക്ഷംവിരിച്ച പറക്കുംകുതിരകൾ
സപ്പത്തിൽ മെയ്യാന്ന സുന്ദരിമാർ
മത്സ്യമുഖമുള്ള പുഷ്പങ്ങൾ—എന്തിനെം-
രത്ഭുതസങ്കേതമായവിടം.

യാതൊരുമാർഗ്ഗവുമില്ലതിനുള്ളിലേ-
യ്ക്കേതുവിശേഷവും ചെന്നുപററാൻ.
ശ്യാമവനങ്ങൾതൻ മമ്മരഘോഷങ്ങൾ
ഗ്രാമരംഗത്തിലെതപംകാരങ്ങൾ
കുഞ്ജവിലോലവിഹംഗമഗാനങ്ങൾ
എന്നിവയെത്തുകയില്ലവിടെ.
കന്ദരംപോലവ മതിന്നകത്തെപ്പൊഴും
മന്ത്രജപങ്ങളേ കേൾക്കാറുള്ളു.

കാററിൽപ്പെടാത്തതാംകൈത്തിരിനാളം—
സൂക്ഷ്മനിലയിലുറച്ചചിത്തം. [പോൽ
ആശ്ചര്യമിന്ദ്രിയമഞ്ചുമൊരാനന്ദ-
മൂർച്ഛയിൽ വീണുമയങ്ങിപ്പോയ് ഞാൻ.

പിന്നെ ദിനങ്ങൾ കഴിയവേ പെട്ടെന്നു
മിന്നൽപ്പിണരൊന്നു വീഴുകയാലേ
അമ്പലംപാടേ പൊളിഞ്ഞുകറിന്നമാം
നെമ്പലമേറെൻ മനക്കരുന്നിൽ

നാണിച്ചുമങ്ങിവിളറീ വിളക്കുകൾ
ചേണററ ചിത്രങ്ങളമ്പരന്നു.
ഓടിയൊളിയ്ക്കാനമാവാതെ കണ്ണികൾ
കൂടിപ്പിണഞ്ഞ കിനാക്കൾപോലെ.

പൊന്മണിവേദിയിൽ വാഴുംപ്രതിഷ്ഠയി-
ലെൻമിഴിരണ്ടും പതിഞ്ഞുവീണ്ടും.
മന്ദഹസിക്കുന്നു വിണ്ണിൻപ്രകാശത്തിൽ
മിന്നിത്തിളങ്ങുമാ മഞ്ജുരൂപം.

ഹന്ത! പറന്നുപോയങ്ങിനെ ഞാൻ ചിരം
ബന്ധിച്ചുനിത്തിയ രാത്രികാലം.

—൦—

"ശരത്ചന്ദ്രാ ചിട്ടിഫണ്ടു് വക്കല"
എ. ബി. സി ക്ലാസ്സുകളിലായി
3500 രൂപായുടെ പ്രതിമാസലേലച്ചിട്ടി.
125 കുംഭത്തിൽ തുടങ്ങുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| എ. | പ്രതിമാസം | 20 | രൂപാ | വീതം | 50 | മാസം മുതൽ | രൂ: 1000×2 |
| ബി. | ,, | 10 | ,, | ,, | ,, | ,, ,, | 500×2 |
| സി. | ,, | 5 | ,, | ,, | ,, | ,, ,, | 250×2 |

വരിയോല ആവശ്യപ്പെട്ടാൽ ഉടൻ അയയ്ക്കുന്നതാണ്.
മാനേജർ, കെ. നീലകണ്ഠപ്പിള്ള,
ശരത്ചന്ദ്രാ ചിട്ടിഫണ്ടു്, വക്കല.

# "അച്ഛൻെറ ശ്രാദ്ധം"

—൦—

പട്ടം എൻ. ഗോപാലൻനായർ

വത്സരം രണ്ടായ്, വീണ്ടും രാഷ്ട്രത്തിൻപിതാ
[വിൻെറ
ശ്രാദ്ധമാം ജനവരിമുപ്പതിങ്ങടിക്കയായ്!
വിശ്വത്തിൻഹൃദയത്തിൽ ത്യാഗസൗഹൃദങ്ങൾ
[തൻ-,
നിത്യമാതൃക കുറിച്ചിട്ടൊരീദിനത്തിങ്കൽ,
തങ്ങിടുമന്നൊരുശോകച്ഛായയീനാട്ടിൽ നീളെ,
തേങ്ങിടുന്നഴലിനാൽ പുലരിത്തെന്നൽപോലും.
ഓർമ്മകളുണത്തുന്ന ചിന്തതൻനലച്ചാർത്തിൽ
കർമ്മഭൂമിതൻകരളാകുലം പിടയ്ക്കയാം.
ഏതൊരുനേട്ടത്തിനും നികത്താൻകഴിഞ്ഞതി-
ല്ലാമഹാനഷ്ടം, മായുകില്ലയാമഹാശോകം...

ആരുടെപ്രഭാവത്താലാത്മമൂർച്ഛയിലാണ്ട-
ഭാരതവീര്യം വീണ്ടുമുണർന്നുജ്ജ്വലിക്കയായ്,
ആരുടെചൈതന്യത്താൽ പാരതന്ത്ര്യങ്ങൾനീ
[ങ്ങി-
ഭാരതസ്വാതന്ത്ര്യത്തിൻസുപ്രഭാതമിങ്ങെത്തി?
ലോകത്തിന്നാശാകേന്ദ്രമായൊരാമഹാത്മാവിൻ
ത്യാഗമോഹനമായ ജീവിതാദർശം പേർത്തും,
പകത്തിക്കാണിക്കുന്നു ക്രൂരമാംപടപ്പെരുങ്ങ-
മക്കററിത്തിളങ്ങുന്ന ഭാനുവിൻമരീചികൾ...

കർമ്മയോഗീന്ദ്രന്മാരും, ബുദ്ധനും, അശോക
ജന്മമാർന്നതാമാർഷഭൂമിതൻമടിത്തട്ടിൽ [നം-
സ്നേഹത്താൽ, അഹിംസയാൽ, ത്യാഗത്താൽ, സ
[ത്യത്തിൻെറ
മോഹനമാർഗ്ഗംതെളിച്ചെത്തിയ മഹാചാര്യൻ,
പ്രാണനെപ്പോലുംദാനമേകി, ശാശ്വതമായ-
മാനവശ്രേയസ്സിനായ്, വിശ്വമംഗളത്തിനായ്.

പുത്തനാംറിപ്പബ്ലിക്കായ് ജനതയ്ക്കനവദ്യ-
ഹർഷമിന്നലെച്ചാർത്തനവ്യഭാരതരാഷ്ട്രം,
അച്ഛനെസ്മരിക്കുമ്പോൾ നിറയും നേത്രങ്ങളാ-
ലർപ്പണംചെയ്യുന്നശ്രുപൂജതൽപ്പാദങ്ങളിൽ.
കർമ്മയോഗത്താൽ വിശ്വവേദിയിൽസനാതന-
ധർമ്മത്തിൻപരിമളം പരിയമഹാത്മാവേ,
മിന്നിടുംഭവദ്രൂപം ഭാരതഹൃദയത്തി-
ലെന്നാളുമാദർശത്തിൻപൂനിലാവെളിവീശി.
മായുകില്ലൊരിക്കലും നിൻജീവൻകൊളുത്തിയ-
മാസ്മരചൈതന്യമീമർത്ത്യമാനസങ്ങളിൽ!

"ശാന്തി ശാന്തി"യെന്നുഴന്നീടുന്നലോകം—
[നാളെ-
പിൻതുടന്നീടാം കർമ്മയോഗിതൻ കാൽമുദ്രകൾ.

—൦—

















## മുഖചിത്രം

ചിംഗൽപ്പേട്ടിനും മഹാബലിപുരത്തിനും മദ്ധ്യേ ചിംഗൽപ്പേട്ടിന് ൯-മൈൽ തെക്കുകിഴക്കായി 'പരിശുദ്ധകങ്കങ്ങളുടെ മല' എന്നു വിളിക്കപ്പെടുന്ന തിരുക്കഴുകുൺഡ്രം സ്ഥിതിചെയ്യുന്നു. ഈ കുന്നിൻെറ അടിവാരത്തിൽ ഒരു വലിയ ക്ഷേത്രവും അവിടെനിന്നു ൫൦൦-അടി പൊക്കത്തിൽ ചെന്നാൽ കുന്നിൽ മറെറാരു ചെറിയ ക്ഷേത്രവുമുണ്ടു്. ഈ ചെറിയ ക്ഷേത്രത്തിലെ ഒരു വിശേഷസംഭവം; ദിവസവും മദ്ധ്യാഹ്നവേളയിൽ കുന്നിനുമുകളിൽ രണ്ടുകഴുകന്മാർ (കങ്കങ്ങൾ) പറക്കുന്ന കാഴ്ച ആരെയും അമ്പരപ്പിക്കും. ആ രണ്ടുകഴുകന്മാർ പതിവായി ക്ഷേത്രപുരോഹിതൻെറ കയ്യിൽനിന്നു ആഹാരം ഭക്ഷിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ മുഖചിത്രം ആ രണ്ടുകഴുകന്മാരിൽ ഒന്നു് ക്ഷേത്രപുരോഹിതനിൽ നിന്നു ആഹാരം കഴിക്കുന്നതാണു്. ഫോട്ടോ By ടി. ഏ. ജോസഫ്
By Courtesy, Information Director, Madras.

മുകളിൽ—മഹാബലിപുരം ക്ഷേത്രം. വലത്തു്—ഉദ്യാനവിരുന്നിൽ മി. മവ്ലങ്കറെ മി. പട്ടംതാണുപിള്ളയ്ക്കു് പരിചയപ്പെടുത്തുന്നതു്. അടുത്ത ചിത്രത്തിൽ ശ്രീ: മവ്ലങ്കറേയും പത്നിയേയും മെ: ടി. എം. വർഗ്ഗീസ്, ടി. കെ. നാരായണപിള്ള എന്നിവരേയും ഒരററത്തു് ശ്രീ. പട്ടത്തിനേയും കാണാം. നടുക്കു് മുകളിൽ രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് മെഡിക്കൽ കാളേജ് ശിലാസ്ഥാപനം നിർവഹിച്ചശേഷം കാളേജിൻെറ പ്ലാൻ പരിശോധിക്കുന്നു. രാജപ്രമുഖൻ ചീഫ് ഇൻജിനീയർ മി. ശിവരാമൻനായർ, ചീഫ് സെക്രട്ടറി മി: കെ. ജി. മേനോൻ എന്നിവരെ ചിത്രത്തിൽ കാണാം. നടുക്കു രണ്ടാമത്തെവരി—കൃഷിവ്യവസായപ്രദർശനത്തിൽ കൃഷിവകുപ്പുവക സ്റ്റാളിൽ ഒരു ചെടിയിൽ ൩൦-റാത്തൽവരെ കപ്പ കിട്ടുന്ന കപ്പത്തൈകൾ ശ്രീ. മാർത്താണ്ഡവർമ്മ ഇളയ മഹാരാജാവുതിരുമനസ്സുകൊണ്ടു പരിശോധിക്കുന്നു. താഴെ—ശ്രീശൈലത്തെ ശ്രീമല്ലികാർജ്ജുനക്ഷേത്രം. (മുൻവശം.)

തിരുക്കഴുകുൺഡ്രം ക്ഷേത്രത്തിൻെറ ഒരു വിഹഗവീക്ഷണം—ശ്രീ: മവ്ലങ്കറും പത്നിയും തിരുവനന്തപുരം സന്ദർശിച്ചയവസരത്തിൽ അവർക്കു നൽകിയ ഉദ്യാനവിരുന്നു്. സംബന്ധിച്ചിരുന്നവരുടെ കൂട്ടത്തിൽ തിരു-കൊച്ചി സംസ്ഥാനം യൂണിവേഴ്സിററി വൈസ്ചാൻസലർ ശ്രീ: നന്ദൻമേനവനും, മി: ദേവസ്സിയും.

താഴെ:—ശ്രീശൈലത്തിലേയ്ക്കുള്ള യാത്രയിൽ പാടലഗംഗയിലേയ്ക്കു പോകുന്നമദ്ധ്യേയുള്ള മണ്ഡപം. നടുക്കു് താഴത്തെവരിയിൽ മധുര മീനാക്ഷിക്ഷേത്രത്തിലെ ഒരു ഭാഗം. അവിടത്തെ കൊത്തുപണികളും, തൂണുകളുടെ രൂപവും അവയുടെ പൊക്കവും കാണിക്കുന്ന ഒരു ചിത്രമാണിതു്.







# ഗണിതവിഹാരം

എസ്സ്. പരമേശ്വരൻ

## II
### ബാബിലോണിയാക്കാർ

ഏഷ്യാഖണ്ഡത്തിൻെറ ഭൂപടമൊന്നു നോക്കുക. പേർസ്യൻഉൾക്കടലിൽ ചെന്നുവീഴുന്ന ഒരു നദി കാണുന്നില്ലേ? യൂഫ്രാറ്റീസ്സ് എന്ന പേരോടുകൂടിയ ഒരു നദി. അതിനു ടൈഗ്രീസ്സ് എന്നൊരു പോഷകനദിയുള്ളതായും കാണാം. യൂഫ്രാറ്റീസ്സിനും ടൈഗ്രീസ്സിനും ഇടയ്ക്കു നല്ല ഫലപുഷ്ടിയുള്ള ഒരു ഭൂഭാഗമുണ്ട്. ഈ പ്രദേശത്തിലാണു ബാബിലോൺ പട്ടണം സ്ഥിതിചെയ്തിരുന്നതു്. അവിടെ താമസിച്ചിരുന്നവരെ ബാബിലോണിയാക്കാരെന്നു വിളിച്ചുവന്നു. ഒരു പതിനായിരം കൊല്ലങ്ങൾക്കുമുമ്പുതന്നെ ബാബിലോണിയാക്കാർക്കു നല്ല സംസ്കാരം സിദ്ധിച്ചിരുന്നു. അവരുടെ ഇടയിൽ ഒരു ഭാഷ പ്രചരിച്ചുകഴിഞ്ഞിരുന്നു. എഴുതുന്നതിനു ഒരുതരം ചിഹ്നങ്ങളും അവർക്കു വശമായിരുന്നു.

അവർ ത്രികോണചിഹ്നംകൊണ്ടായിരുന്നു സംഖ്യകൾ എഴുതിപ്പോന്നതു്; '▽' എന്ന ചിഹ്നംകൊണ്ട്. ഇത്തരം എഴുത്തിനെ 'ക്യൂനിഫാം' എഴുത്തു് എന്നു പറയുന്നു. കൂർത്ത മുനയുള്ള ഒരുതരം കോലുകൊണ്ടാണു അവർ സാധാരണമായി എഴുതിവന്നതു്. ആ എഴുത്തുകോലു 'സ്റ്റൈലസ്സ്' എന്ന പേരിൽ അറിയപ്പെടുന്നു. ബാബിലോണിയാക്കാരുടെ എഴുത്തു വളരെക്കാലത്തേയ്ക്കു ആർക്കും മനസ്സിലാക്കുവാൻ സാധിക്കാതെയാണിരുന്നതു്. കഴിഞ്ഞ ഒരു ശതാബ്ദക്കാലത്തിനിടയ്ക്കു അതു ഏതാണ്ടു ഗ്രഹിക്കുവാൻ സാധിച്ചിട്ടുള്ളു.

അവർ അക്കങ്ങളെഴുതിവന്നതു ഇപ്രകാരമായിരുന്നു:




(▽ എന്നതിനുപകരം V എന്ന ചിഹ്നമാണ് അവർ ഉപയോഗിച്ചുവന്നതെന്നും അഭിപ്രായമുണ്ട്) ആദ്യകാലങ്ങളിൽ അവർക്കു പൂജ്യത്തിനു ഒരു ചിഹ്നം ഉണ്ടായിരുന്നില്ല. വളരെ ശതാബ്ദങ്ങൾക്കുശേഷം പൂജ്യത്തെ  എന്ന ചിഹ്നംകൊണ്ടു കുറിച്ചുവന്നതായിക്കാണുന്നു.

ഇതുകൂടാതെ അറുപതു് എന്ന സംഖ്യയ്ക്കു അവർ ഒരു പ്രത്യേക ചിഹ്നം സ്വീകരിച്ചിരുന്നു.  എന്നതാണതു്. അതോടുകൂടി, സ്ഥാനവലിപ്പത്തെക്കുറിച്ചും അവർക്കു ശരിയായ ബോധമുണ്ടായിരുന്നതായിക്കാണുന്നു. സ്ഥാനവലിപ്പമെന്നാൽ എന്താണെന്നു നിങ്ങൾ അറിയില്ലേ? നാം ഒരു സംഖ്യ എഴുതുമ്പോൾ, വലതുവശത്തുനിന്നും ഇടത്തോട്ട് ഒന്നാം അക്കത്തെ ഒന്നാം സ്ഥാനമെന്നും, രണ്ടാം അക്കത്തെ പത്താം സ്ഥാനമെന്നും, മൂന്നാം അക്കത്തെ നൂറാംസ്ഥാനമെന്നും മുറയ്ക്കു പറഞ്ഞുപോരുന്നു. ഈ സമ്പ്രദായത്തെയാണു സ്ഥാനവലിപ്പക്രമമെന്നു പറയുന്നതു്. അറുപതു് എന്ന സംഖ്യയ്ക്കു ഒരു പ്രത്യേകചിഹ്നം കണ്ടുപിടിച്ചതോടെ അവർ സംഖ്യകളുടെ സ്ഥാനവലിപ്പത്തിനും ഒരു വ്യത്യസ്തരീതി അവലംബിച്ചു അതിപ്രകാരമാണ്. വലതുവശത്തുനിന്നും ഇടത്തോട്ടുള്ള സ്ഥാനങ്ങളെ അറുപതിൻെറ ഗുണങ്ങളായിക്കരുതിപ്പോന്നു. നാം ഒന്ന്, പത്തു്, നൂറ് എന്നുപറയുന്നതുപോലെ അവർ ആ സ്ഥാനങ്ങളെ ഒന്ന്, അറുപതു്, മൂവായിരത്തി അറുനൂറ് (60x60) എന്നിവയുടെ ഗുണങ്ങളായി വ്യാഖ്യാനിച്ചു. ഉദാഹരണംകൊണ്ടു വ്യക്തമാക്കാം.




$$71=60+11$$

അറുപതിൽകാഞ്ഞ സംഖ്യകൾ ഒരക്കമുള്ളവയാകയാൽ 71 രണ്ടക്കമുള്ള സംഖ്യയാണ്.

$$160=2\times(60)+40$$



160 രണ്ടക്കമുള്ള സംഖ്യയാണ്.

$$17,280,001=60^4+20(60)^3+1$$

അതിനാൽ 17,280,001 എന്ന സംഖ്യ അഞ്ചക്കമുള്ളതാകുന്നു.

അതെഴുതുന്നവിധം—



[ എന്ന വരകൾകൊണ്ടു സ്ഥാനങ്ങളെ തിരിച്ചിരിക്കുകയാണ്.]

ഇങ്ങനെയൊക്കെയാണു ബാബിലോണിയാക്കാർ എഴുതിവന്നതെന്നു ഇന്നത്തെ ആളുകൾ എങ്ങനെ അറിഞ്ഞു എന്നൊരു ചോദ്യം ന്യായമായി ഉദിക്കാവുന്നതാണ്. അവർ എഴുതിവന്ന രേഖകൾ മാഞ്ഞുപോകാതെ കഴിഞ്ഞ ശതാബ്ദംവരെ എങ്ങനെ അവശേഷിച്ചു? ഇക്കാര്യമൊന്നു വിശദമാക്കാം.

നിങ്ങൾ സാധാരണമായി എഴുതിപ്പോരുന്നതു സ്ലേറ്റിലും കടലാസിലുമാണല്ലോ. മാച്ചുകളയാവുന്ന സംഗതികൾ സ്ലേറ്റിലെഴുതുന്നു; സൂക്ഷിച്ചുവയ്ക്കേണ്ടവ കടലാസിലും. കടലാസു കണ്ടുപിടിച്ചതു ഈയിടെ മാത്രമാണ്; അഥവാ ബാബിലോണിയാക്കാരുടെ കാലത്തു കടലാസുണ്ടായിരുന്നാൽത്തന്നെ വിശേഷമൊന്നുമില്ലതന്നെ. എന്തെന്നാൽ ഇത്രയധികം സംവത്സരങ്ങൾക്കുശേഷവും നിലനില്ക്കുവാൻ അന്നുണ്ടാക്കിയ കടലാസ്സിനു സാധിക്കുകയില്ല. നല്ല കളിമണ്ണു പരത്തീട്ടു അതിന്മേലാണ് ബാബിലോണിയാക്കാർ എഴുതിവന്നതു്. സ്റ്റൈലസ് എന്ന ഒരുതരം കോലുകൊണ്ടാണ് അവർ എഴുതിവന്നതെന്നു മുമ്പു പറഞ്ഞുകഴിഞ്ഞുവല്ലോ. കളിമണ്ണിലെഴുതിയാൽ സ്ലേറ്റിലെന്നപോലെ തുടച്ചുകളയാവുന്നതാണ്. സൂക്ഷിച്ചുവയ്ക്കേണ്ട രേഖകൾ എഴുതീട്ട് ആ ഭാഗം ഇഷ്ടിക (തറയോടു) പോലെ അറുത്തെടുക്കുന്നു. പിന്നീടു ആ കട്ടകളെ ചൂളയിൽവച്ചു ചുട്ടെടുക്കും. അപ്പോൾ ആ രേഖകൾ ആ കട്ടകളിൽ സ്ഥിരമായി പതിഞ്ഞു കിട്ടുന്നു. ഈ രേഖകളെങ്ങനെയിരിക്കുമെന്നോ? നിങ്ങളുടെ വീട്ടിലെ മേൽക്കൂര ഒന്നു നോക്കുക. അവിടെമേഞ്ഞിട്ടുള്ള ഓടുകളെ നിങ്ങൾ ശ്രദ്ധിച്ചുനോക്കീട്ടുണ്ടോ? അവയിൽ ചില കമ്പനികളുടെ പേരു എഴുതിയിരിക്കും. കാലം കുറെ കഴിഞ്ഞാലും അതു മാഞ്ഞുപോകാതെയിരിക്കുന്നു. ഇതുപോലെയുള്ള രേഖകളാണ് ബാബിലോണിയായിൽനിന്നു ലഭിച്ചിട്ടുള്ളവ. ഇത്തരം എഴുത്തിനെ 'ഇഷ്ടികഎഴുത്തു്' എന്നും പറയാവുന്നതാണ്.

1854-ൽ ഇത്തരം ഇഷ്ടികകൾ യൂഫ്രാറ്റീസ് നദീതീരത്തുനിന്നു ഖനനം ചെയ്തെടുക്കുകയുണ്ടായി. ലാഫ്റാസ് എന്ന ആളാണു അവ കണ്ടെടുത്തതു്. അവ 'സാംക്രെയിലെ രേഖകൾ' എന്ന പേരിൽ അറിയപ്പെടുന്നു.

തൂക്ക (ഘനമാന)ങ്ങളെക്കുറിച്ചും, അളവുകോലുകളെക്കുറിച്ചും ബാബിലോണിയാക്കാർക്കു നല്ലബോധംസിദ്ധിച്ചിരുന്നു. ബാബിലോണിയായിൽനിന്നു കിട്ടിയിട്ടുള്ള രേഖകളിൽനിന്നു അവരുടെ വിജ്ഞാനസമ്പത്തു മാത്രമല്ല നമുക്കു മനസ്സിലാകുന്നതു്; പിന്നെയോ അവരുടെ ജീവിതത്തോതിനെക്കുറിച്ചും ശരിയായ ബോധം ലഭിക്കുന്നുണ്ട്.

## III
### ഈജിപ്തുകാർ

ആഫ്രിക്കാഖണ്ഡത്തിൻെറ ഭൂപടം നോക്കുമ്പോൾ നമ്മെ തുറിച്ചുനോക്കുന്ന ഒന്നാണല്ലോ സഹാറാ മരുഭൂമി. അതിൻെറ കിഴക്കുഭാഗത്തുകൂടി ഒരു വലിയ നദിഒഴുകുന്നതുകാണാം. നീലനദി എന്നാണ് അതിൻെറപേരു്. ആ നദി നിമിത്തം വളരെ വിസ്താരമുള്ള ഒരു ഭൂഭാഗം കൃഷിയ്ക്കു യോജിച്ചതായിത്തീർന്നിട്ടുണ്ട്. ആ പ്രദേശമാണ് ഈജിപ്തു എന്നപേരിൽ അറിയപ്പെടുന്ന രാജ്യം. കൃഷിക്കു സൌകര്യമുള്ള സ്ഥലങ്ങളിൽ ജനങ്ങൾ കുടിയേറിപ്പാർക്കുന്നതു് സാധാരണമല്ലേ. നാലയ്യായിരം കൊല്ലങ്ങൾക്കു മുമ്പുതന്നെ ഈജിപ്തിൽ ഒട്ടേറെ ജനങ്ങൾ താമസിക്കുന്നുണ്ടായിരുന്നു. അവരുടെ ഇടയിൽ ഒരു സംസ്കാരവും വളർന്നുവന്നിരുന്നു. അവർ ഒരുതരം എഴുത്തും വശമാക്കിയിരുന്നു. അക്ഷരങ്ങൾക്കും വാക്കുകൾക്കും പകരം അവർ ചിത്രങ്ങളാണ് എഴുതിപ്പോന്നതു്. അത്തരം എഴുത്തിനു് 'ചിത്രമെഴുത്തു്' അഥവാ ഹീറോഗ്ലിഫിക്സ് എന്നാകുന്നു പേരു്.

സംഖ്യകളെയും ചിത്രങ്ങളെക്കൊണ്ടാണ് അവർ എഴുതിവന്നതു്. അവരുടെ ഇടയിൽ പൂജ്യത്തിനു ഒരു ചിഹ്നമുണ്ടായിരുന്നില്ല. പൂജ്യത്തെക്കുറിച്ചു് അവർക്കു ബോധമുണ്ടായിരുന്നില്ല എന്നുതന്നെ പറയാം. 'സ്ഥാനവലിപ്പം' എന്ന ആശയം അവർക്കില്ലായിരുന്നു. അവർ അക്കങ്ങളെഴുതിപ്പോന്നതു് ഇപ്രകാരമായിരുന്നു.







നീഗ്രോനർത്തകൻെറ ചരമം—ലൂതർറോബിൻസൺ ("ബിൽ" "ബോജാംഗിൾസ്" റോബിൻസൺ എന്നും അറിയപ്പെട്ടിരുന്നു) എന്ന നീഗ്രോ നർത്തകൻെറ മൃതശരീരം സംസ്കാരത്തിനു ന്യൂയോർക്കിലെ വീഥികളിൽകൂടി വഹിച്ചുകൊണ്ടുപോയപ്പോൾ അഞ്ചുലക്ഷത്തോളം ജനങ്ങൾ അതിൽ സംബന്ധിക്കുന്നതിനായി കൂടിയിരുന്നു. പള്ളിയിലെ ചടങ്ങുകളിൽ പല പ്രശസ്ത നേതാക്കന്മാരും പങ്കെടുത്തു. ന്യൂയോർക്കുമേയർ വില്യം ഒഡ്വയർ ആണു പ്രസംഗം നടത്തിയതു്. ൫൦ കാറുകളടങ്ങിയ ശവസംസ്കാരയാത്രയുടെ ചിത്രമാണു മുകളിൽ കാണുന്നതു്.

ആയിരത്തെക്കുറിക്കുന്ന രൂപം ഒരു താമരപ്പൂവിൻേറതാണ്. പതിനായിരത്തെക്കുറിക്കുന്നതു് ചൂണ്ടിക്കാണിക്കുന്ന ഒരു വിരലിൻെറ ചിത്രംകൊണ്ടാകുന്നു. ലക്ഷം എന്ന സംഖ്യയെ ഒരു മത്സ്യത്തിൻെറ ചിത്രംകൊണ്ടാണ് രേഖപ്പെടുത്തിവന്നതു്. പത്തുലക്ഷത്തിനു് അവർ സ്വീകരിച്ചിരുന്ന ചിഹ്നം രണ്ടുകൈയും മലർത്തിക്കൊണ്ടുള്ള ഒരു മനുഷ്യൻെറ ചിത്രമായിരുന്നു. നാം എപ്പോഴാണു രണ്ടുകൈയും മലർത്തുന്നതു? വല്ല അത്ഭുതവും കാണുമ്പോളല്ലേ? പത്തുലക്ഷം! ഇത്രവലിയ സംഖ്യയുടെ ആവശ്യമെന്തു് എന്ന അത്ഭുതമായിരിക്കാം ഇങ്ങനെയുള്ള ഒരു ചിഹ്നം സ്വീകരിക്കുവാൻ അവരെ പ്രേരിപ്പിച്ചതു്.

നമുക്കുലഭിച്ചിട്ടുള്ള രേഖകളിൽവച്ചു് ഏറ്റവും പഴക്കംചെന്നവ ഈജിപ്തിൽനിന്നു ലഭിച്ച ചില ഗണിതലിഖിതങ്ങളാണ്. അങ്ങനെ ഇന്നത്തെ ലോകത്തിനു് ഏറ്റവും പഴയ രേഖകൾ നൽകിയ സമുദായമെന്നു് ഈജിപ്തുകാർക്ക് ന്യായമായി അഭിമാനിക്കാവുന്നതാണ്. ഈ രേഖകൾ പപ്പൈറി എന്ന പേരിലാണ് അറിയപ്പെട്ടുപോരുന്നതു്. ഒരുവക പുല്ലിൽനിന്നു നിർമ്മിച്ചതും, കടലാസ്സുപോലെയുള്ളതുമാണ് പപ്പൈറസ്സ്. അതിനെ 'പുല്ക്കടലാസ്സ്' എന്നും പറയാവുന്നതാണ്. ഈജിപ്തിലെ ഗണിതശാസ്ത്രസംബന്ധമായ പ്രമാണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാകുന്നു റിൻഡ് പപ്പൈറസ്സ്. പതിമൂന്നിഞ്ചുവീതിയും പതിനെട്ടരഅടി നീളവുമുള്ള ഒരൊററച്ചുരുളാണിതു്. ഉദ്ദേശം ഒരു നൂറ്റാണ്ടുകൊല്ലംമുമ്പു ഈജിപ്തുരാജ്യത്തുള്ള 'തെബ്സ്' എന്ന സ്ഥലത്തുനിന്നും കണ്ടെടുത്തതാകുന്നു ഈ പപ്പൈറസ്സ്. ഇന്നു അതിനെ ബ്രിട്ടീഷ്മ്യൂസിയത്തിൽ സൂക്ഷിച്ചുവച്ചിരിക്കുകയാണ്. ബി. സി. മൂന്നാംശതാബ്ദത്തിൽ പ്രചാരത്തിലിരുന്ന ശാസ്ത്രലേഖനങ്ങളെ ആസ്പദമാക്കി രചിച്ചതാണത്രെ ഈ പപ്പൈറസ്സ്. ബി. സി. ഇരുപതു്; പതിനേഴ് ഈ ശതകങ്ങൾക്കിടയ്ക്കു പ്രചരിച്ചിരുന്ന ഭാഷയിലാണ് ഈ ലിഖിതം രചിക്കപ്പെട്ടിരിക്കുന്നതു്. 'ആംസ്' എന്ന ഒരു വിദ്വാനാണ് ഇതിൻെറ രചയിതാവു്. ആംസിൻെറ ജീവിതകാലം ബി. സി. ആയിരത്തി അഞ്ഞൂറിഅൻപതിനടുപ്പിച്ചായിരിക്കണമെന്നു ഊഹിക്കുന്നതിൽ തെററില്ല എന്നാണ് നാളതുവരെ ലഭിച്ചിട്ടുള്ള തെളിവുകളിൽനിന്നു മനസ്സിലാകുന്നതു്. ഈ പപ്പൈറസ്സിനെ 'ഗണനമാർഗ്ഗങ്ങൾക്കു ഒരു മാർഗ്ഗദർശി'യായിട്ടാണ് കരുതിപ്പോന്നതു്.

റിൻഡുപപ്പൈറസ്സിനെ രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. ഒന്നാംഭാഗത്തിൽ ഭിന്നസംഖ്യകളെക്കുറിച്ചും ഗുണനക്രിയയെപ്പററിയും പ്രതിപാദിച്ചിട്ടുണ്ട്. ഭിന്നസംഖ്യകളെക്കുറിച്ചു് ചർച്ചചെയ്യുന്നിടത്തു് $\frac{2}{21}=\frac{1}{14}+\frac{1}{42}$ എന്നപോലെയുള്ള ഫലങ്ങൾ കാണാം. പക്ഷെ എഴുതിയിരിക്കുന്നതു് ഈ രൂപത്തിലല്ലെന്നുമാത്രം. ചിത്രങ്ങളെക്കൊണ്ടാണ് ഈ ഫലത്തിലുള്ള സംഖ്യകളെല്ലാം രേഖപ്പെടുത്തിയിരിക്കുന്നതു്. അവർ ചെയ്തുപോന്ന ഗുണനക്രിയ നാം ഇന്നുചെയ്യുന്നവിധത്തിലല്ലായിരുന്നു. അവരുടെ ഗുണനരീതി ഏകദേശം ഇന്നത്തെ നമ്മുടെ "പ്രാക്ടീസ്‌വഴി" (കണക്കു ചെയ്യുന്നതു,പോലെയാണ്. ഒരു ഉദാഹരണംകൊണ്ട് അവരുടെ ഗുണനസമ്പ്രദായം വിവരിക്കാം. 13x37 എന്ന ചോദ്യംതന്നെയാകട്ടെ.

ഈ ക്രിയചെയ്യുവാൻ അവർ സ്വീകരിച്ചിരുന്നമാർഗ്ഗം ഇപ്രകാരമായിരുന്നു :-

$$\surd\ 1\times13=13\ \surd$$
$$2\times13=26$$
$$\surd\ 4\times13=52\ \surd$$
$$8\times13=104$$
$$16\times13=208$$
$$\surd\ 32\times13=412\ \surd$$
$$37\times13=(32+4+1)\times13=412+52+13=481$$

ഈ ചോദ്യം മറെറാരു വിധത്തിൽക്കൂടി ചെയ്യാവുന്നതാണ്. അതിങ്ങനെയാണ്:-

$$\surd\ 1\times37=37\ \surd$$
$$2\times37=74$$
$$\surd\ 4\times37=148\ \surd$$
$$\surd\ 8\times37=296\ \surd$$
$$13\times37=(8+4+1)\times37=296+148+37=\underline{481}$$

ഇനി റിൻഡുപപ്പൈറസ്സിലെ രണ്ടാംഭാഗത്തിലേയ്ക്കു കടക്കാം. അതിൽ, ദൈനന്ദിനജീവിതത്തിലുദിക്കുന്ന ഗണിതപ്രശ്നങ്ങളെക്കുറിച്ചു ചിന്തിച്ചിരിക്കുന്നു. ലാഭനഷ്ടം വേലക്കൂലി ഇവയെ ആസ്പദമാക്കിയുള്ള പ്രശ്നങ്ങൾ ഇക്കൂട്ടത്തിലുൾപ്പെടും. കൂടാതെ പിരമിഡിനെക്കുറിച്ചു ചർച്ചചെയ്തിട്ടുണ്ട്. അതിനുംപുറമെ ബീജഗണിതസംബന്ധമായ ചില തത്വങ്ങളെക്കുറിച്ചും പ്രതിപാദിച്ചുകാണുന്നു. ബീജഗണിതത്തിൽ, അജ്ഞാതസംഖ്യയെ 'x' എന്ന അക്ഷരംകൊണ്ടാണല്ലോ ഇംഗ്ലീഷിൽ കുറിച്ചുപോരുന്നതു്. അവർ 'x' എന്ന അക്ഷരത്തിനു പകരം 'ഹാ' (hau) എന്ന പദമാണു ഉപയോഗിച്ചുവന്നതു്. 'hau' എന്ന പദത്തിനു heap അഥവാ സമൂഹം എന്നാണ് അർത്ഥം. അജ്ഞാതസംഖ്യയുൾക്കൊള്ളുന്ന ഒരു ചോദ്യം

# ഗ്രന്ഥവിഹാരം

## ആർ. എസ്സ്. എസ്സ്.

പ്രതാപ് പ്രസിദ്ധീകരണശാല, മട്ടാഞ്ചേരി, കൊച്ചി.
വി: അഞ്ചണ.

യുഗങ്ങളെത്തന്നെ കടന്നുപോന്നിട്ടുള്ള ഒരു സംസ്കാരപാരമ്പര്യം ഭാരതത്തിനുണ്ട്. അതു ലോകത്തിനു ചെയ്തിട്ടുള്ള സംഭാവനകൾ നിരവധിയാണ്. ഏ. ഡി. ബി. സി. എന്നുള്ള കാലത്തിന്റെ തലപ്പുകൾകൊണ്ടു അളന്നുതള്ളിയാലും അവശേഷിക്കുന്ന ആ പാരമ്പര്യം സനാതനമെന്നു വിശ്വസിച്ചുപോന്നതിലും അബദ്ധമില്ല. ഈ സനാതനവിശ്വാസം അന്ധതയിലേക്കും അലസതയിലേക്കും നമ്മെ വഴി തെളിപ്പിക്കുകയാണു ചെയ്തിട്ടുള്ളതു്. ഈ ചരിത്രസത്യത്തെ നിർവിശങ്കം തുറന്നുകാട്ടി നമ്മെ കർത്തവ്യപ്രേരിതരാക്കുകയാണു ആർ. എസ്സ്. എസ്സിന്റെ പ്രഖ്യാപിതലക്ഷ്യം.

ഏഷ്യാഖണ്ഡത്തിലേകാഭരം ഏകഛത്രാധിപത്യം നേടിയിരുന്ന ഭാരതീയസംസ്കാരത്തിന്റെ ഇന്നത്തെ നില എന്തെന്നു കണ്ണുതുറന്നു നോക്കുവാൻ ആർ. എസ്സ്. എസ്സ്. നമ്മോടു പറയുന്നു. ഇന്ത്യൻ സംസ്കാരവും ഹിന്ദുമതവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നു ആർ. എസ്സ്. എസ്സ്. കാർ നിഷേധിക്കുന്നില്ല. അതുകൊണ്ടു ഈ നവീന പ്രബുദ്ധതയിൽ വിമതസ്ഥർ സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും ഒരു ഭീകരപ്രവർത്തനം എന്നു അതിനെ മുദ്രയടിക്കാൻ ശ്രമിക്കുകയും ആണു ഇന്നു ചെയ്തുവരുന്നതു്. രാഷ്ട്രീയസ്വയംസേവക് സംഘത്തിന്റെ പ്രവർത്തനവിധാനങ്ങളെ സംബന്ധിച്ചു അന്യമതസ്ഥർ അടിച്ചുവിടുന്ന അവാസ്തവ പ്രസ്താവങ്ങളല്ലാതെ അതിന്റെ യഥാർത്ഥസ്ഥിതിയെസംബന്ധിച്ചു കാര്യമായ യാതൊരുപ്രസ്താവനകളും ആ സംഘപ്രവർത്തകന്മാർ നമുക്കു ഇതുവരെ സംഭാവനചെയ്തിരുന്നില്ല. മഹാത്മജിയുടെ വധത്തിൽ ആർ. എസ്. എസ്സ്. കാർക്കു പങ്കുണ്ടെന്നുള്ള ദുഷ്പ്രചരണവും ഗവമ്മെൻറ് അതിന്റെപേരിൽ കൈക്കൊണ്ട നിരോധനനടപടികളും അപ്രതീക്ഷിതമായ അശനിപാതമായും തീർന്നു. ഈ ദുഷ്കാലശക്തികളെ എല്ലാം അതിജീവിച്ചു ഇന്ത്യയിലെ ഒരു പ്രമുഖസംഘടനയായി പ്രത്യക്ഷപ്പെട്ടിരിക്കുന്ന ആർ. എസ്. എസ്സിന്റെ നയപ്രഖ്യാപനം ഈ ഗ്രന്ഥത്തിൽ വിശദസ്ഫുടാക്ഷരങ്ങളിൽ നമുക്കു കാട്ടിത്തരുന്നു. മഹാത്മജി, ജവഹർലാൽ, ദേവദാസ് ഗാന്ധി, കേളപ്പൻ തുടങ്ങിയ പ്രശസ്ത വ്യക്തികൾ ഈ സംഘടനയെ സംബന്ധിച്ചു ചെയ്തിട്ടുള്ള അഭിപ്രായപ്രകടനങ്ങൾ ഈ മഹൽസേവനത്തിന്റെ ഉത്തമസാക്ഷ്യപത്രങ്ങളായി പരിഗണിക്കാവുന്നതാണ്. മറ്റെല്ലാമതങ്ങളേയും മതതത്വങ്ങളേയും സമനിലയിൽവീക്ഷിക്കാനും മററു മതങ്ങളിൽക്കൂടെ ഈശ്വരനെ പ്രാപിക്കാൻ കഴിയുമെന്നു വിശ്വസിക്കാനും സാധിക്കുന്ന ആർ. എസ്സ്. എസ്സി-ന്റെ വിശ്വാസപ്രമാണത്തിൽ മററു മതക്കാർ വെകിളിപ്പിടിക്കുന്നതെന്തിനാണാവോ? ഹിന്ദുക്കൾ സംഘടിക്കുന്നതിലും കാലോചിതമായി ആചാരങ്ങളെ പരിഷ്കരിക്കുന്നതിലും വ്യായാമമുറകൾ പരിശീലിക്കുന്നതിലും അങ്കലാപ്പ്കൊള്ളേണ്ട ആവശ്യം മററുള്ളവർക്കില്ലതന്നെ. മഹത്തായ ഇന്ത്യൻദേശീയത്വത്തിന്റെ സംരക്ഷണത്തിനുള്ള മുൻകരുതലെന്നല്ലാതെ ഇതിൽ നിഗൂഢമായ യാതൊരു ഭീകരപ്രവർത്തനത്തിന്റെയും നിഴലാട്ടമില്ലെന്നു നിശ്ചയമായും പറയാൻ സാധിക്കും. ഇന്ത്യൻ സംസ്കാരത്തിലും ഇന്ത്യൻ ദേശീയത്വത്തിലും വിശ്വാസാദരങ്ങൾ ഉണ്ടാവണം. ഉണ്ടായേതീരൂ. ഇതാണു ആർ എസ്സ്. എസ്സി-ന്റെ ദേശീയത്വം. ഈ ദേശീയത്വം മതപരമല്ലെന്നു ഇതുകൊണ്ടു വ്യക്തമാകുന്നില്ലേ.

(സി. എം. പി.)

---

നോക്കുക. "ഒരു സമൂഹവും അതിന്റെ ഏഴിലൊന്നും കൂടിയാൽ 19 ആകുന്നു. അപ്പോൾ സമൂഹത്തിന്റെ വില നിർണ്ണയിക്കുക?" നമ്മുടെ ബീജഗണിതഭാഷയിൽ എഴുതുകയാണെങ്കിൽ ഈ ചോദ്യം ഇങ്ങനെയാകും.–

$$x+\frac{1}{7}x=19$$

അപ്പോൾ 'x' ന്റെ വിലയെത്ര?

വൃത്തപരിധിക്കും വ്യാസത്തിനുംതമ്മിൽ ഒരനന്തബന്ധമുള്ളതായി നിങ്ങൾ മനസ്സിലാക്കിയിരിക്കുമല്ലോ. വ്യാസത്തെ '$\pi$' എന്ന സംഖ്യകൊണ്ടു ഗുണിച്ചാൽ കിട്ടുന്നതാണ് വൃത്തപരിധി. 'ആംസ്' എന്ന വിദ്വാൻ $\pi$ യുടെ വില നിർണ്ണയിക്കുകയുണ്ടായി.
($(\frac{16}{9})^2=3{\cdot}1604$ എന്നതാണതു്. ഇതു സൂക്ഷ്മമല്ല. എന്നാലും മൂവായിരത്തിഅഞ്ഞൂറു കൊല്ലം മുമ്പുതന്നെ ഇങ്ങനെ ഒരു വില കണ്ടുപിടിക്കാൻ സാധിച്ചതു് അഭിനന്ദനാർഹമല്ലേ!

—§*§—

## സുഭാഷ്

ഗ്രന്ഥകർത്താ.
ശ്രീ: വി. ഗോപാലപിള്ള B. A. L. T.
വില രൂപാ ൧

നമ്മുടെ സാഹിത്യത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഏതു പ്രസ്ഥാനമെടുത്തുനോക്കിയാലും വെളിപ്പെടുന്ന ഒരു പരമാർത്ഥമാണ് അതിനു് ആംഗലസാഹിത്യത്തോടുള്ള കടപ്പാടിന്റെ കാര്യം. ചെറുകഥകളും നാടകങ്ങളും നോവലും ഗണ്യമായനിലയിലുയർന്നിട്ടുള്ളതിനു കാരണം നാം വെള്ളക്കാരെപ്പററി മററെന്തെല്ലാം കാവ്യകൾ പറഞ്ഞിരുന്നാലും അവരുടെ ഭാഷ കൂടിയാണെന്നുള്ളതു നിർവ്വിവാദമാണ്. ഇംഗ്ലീഷിന്റെ ഉത്തേജനംകൊണ്ടു മലയാളത്തിൽ ഉടലെടുത്തിട്ടുള്ള ഒരു നോവൽപ്രസ്ഥാനശാഖയാണ് ഡിറ്റക്ടീവുനോവലുകൾ. ശ്രീ അപ്പൻ തമ്പുരാൻതിരുമേനി ആണെന്നുതോന്നുന്നു മലയാളത്തിലെ ആദ്യത്തെ അപസർപ്പകനോവൽ രചയിതാവു്. അദ്ദേഹത്തിന്റെ ഭാസ്കരമേനോൻ തെളിച്ചിട്ട വഴിയിൽക്കൂടി ഒട്ടനവധി ഡിറ്റക്ററീവുനോവലുകളുണ്ടായിട്ടുണ്ടു്. പക്ഷെ കഥാഘടനയുടെ രസികതയും പാത്രസംവിധാനത്തിന്റെ രമ്യതയിലും അവയൊക്കെ പിന്നിലായിട്ടാണ് പലതിലും കാണുക. കാരണമുണ്ടു്. മിക്ക ഗ്രന്ഥകാരന്മാരും ഒന്നുകിൽ പരിണാമഗുപ്തിക്കു് അല്ലങ്കിൽ ആശ്ചര്യരസോല്പാദനത്തിനുവേണ്ടി "പ്ലോട്ടി"നെ കൃത്രിമമാക്കിയിട്ടുണ്ടു്. അല്ലങ്കിൽ കഥാനായകനെ ഒരലൗകികജീവിയാക്കി ഉയർത്തിയിട്ടുണ്ടു്. ഇതവിടെനില്ക്കട്ടെ. ഈ പരമാർത്ഥങ്ങളെ മനസ്സിൽവച്ചുകൊണ്ടു ഈ പുതിയ ഡിററക്റീവു നോവലിനെ നമുക്കൊന്നു മറിച്ചുനോക്കുക.

പ്രസിദ്ധിയിലേക്കു കുതിച്ചുയരുന്ന വക്കീൽ സുഭാഷ്. അദ്ദേഹത്തിനു ഒരർദ്ധരാത്രി ലഭിക്കുന്ന അജ്ഞാതലിഖിതം—അതാണീനോവലിലെ കഥയെ മറച്ചുവയ്ക്കുന്ന മൂടൽമഞ്ഞു്. അതോടുകൂടി അദ്ദേഹം അപ്രത്യക്ഷനാകുന്നു. സുഭാഷിന്റെ പ്രണയഭാജനമാണ് ഇന്ദിര. കല്ക്കട്ടയിലെ പ്രസിദ്ധപണക്കാരിൽ ഒരാളായ ഭുവനേന്ദ്രന്റെ ജ്യേഷ്ഠപുത്രി. ഭുവനേന്ദ്രൻ ഒരു ഘാതകസംഘത്തലവൻകൂടിയാണെന്ന വിവരം—വലിയ ഒച്ചപ്പാടുണ്ടാക്കിയ ചമൻലാൽകേസ്സിൽ സുപ്രധാനമായ പങ്കുവഹിച്ചിരുന്ന നേതാവായിരുന്നു എന്ന പരമാർത്ഥം—വക്കീലിന്റെ അന്തർദ്ധാനവുമായി അതു കെട്ടുപിണഞ്ഞുകിടക്കുകയാണ്. ചമൻലാൽ വാദിഭാഗം കേസ്സു തയാറാക്കിക്കൊണ്ടിരിക്കുന്ന രാത്രിയിൽ വക്കീൽ അപ്രത്യക്ഷനായതു് അന്ത്യംവരെ ഒരു ചോദ്യച്ഛിഹ്നമായി ഗ്രമസ്തൻ ബാബുവിനെ അലട്ടുന്നു. ബാബുവിനും വക്കീലിന്റെ അനുജൻ ഡാ: ഭൂപേന്ദ്രനും സഹായകമായിട്ടാണ് ഈ കഥയിലെ ഡാ: രാജൻ രംഗത്തുവരുന്നതു്. സംഭവങ്ങൾ പലതും നടക്കുന്നു. രാജന്റെ സൂക്ഷ്മനിരീക്ഷണം പല ഉള്ളാകളേയും സൂര്യപ്രകാശം കാട്ടുന്നു. ഒടുവിൽ പാവം ഇന്ദിര: പിതൃവ്യന്റെ ചതിയുടെ ഉള്ളുകള്ളികൾ അവൾക്കും ബോദ്ധ്യപ്പെടുന്നു. ഇങ്ങനെ ഒരഗ്നിപർവ്വതംകിടന്നു തിളയ്ക്കുമ്പോൾ ഘാതകനായ ഭുവനേന്ദ്രനും കൂട്ടരും രാജന്റെ സാമർത്ഥ്യത്താൽ ബന്ധനസ്ഥരാക്കപ്പെടുന്നു. അങ്ങനെ കഥയുമവസാനിക്കുന്നു. സുഭാഷു്, നിരപരാധിയായി ജയിലിലടയ്ക്കപ്പെട്ട ചമൻലാലിന്റെ പുത്രനാണെന്ന പരമാർത്ഥം കാറൊഴിഞ്ഞ നഭസ്സിലെ വെള്ളിനക്ഷത്രംപോലെ ദൃശ്യമാകുന്നു.

ഇതാണ് 'സുഭാഷി'ന്റെ നൂററിനാല്പതിരണ്ടുപേജുകൾക്കുള്ളിൽ നടക്കുന്ന സംഭവങ്ങൾ! കഥ നടക്കുന്നതു കല്ക്കട്ടാനഗരത്തിൽവച്ചാണ് ഇത്തരം സംഭവങ്ങൾക്കു പററിയ പട്ടണം. ജനാധിക്യംകൊണ്ടും അവിടെ നടന്നുകേട്ടിട്ടുള്ള ഭീകരപ്രവർത്തനചരിത്രംകൊണ്ടും പററിയൊരു പശ്ചാത്തലമായി തീർന്നിട്ടുണ്ടതു്.

ഇന്ദിരയെയാണ് ഗ്രന്ഥകാരൻ ആദ്യമായി നമുക്കു പരിചയപ്പെടുത്തിത്തരുന്നതു്. കമിതാവിന്റെ അഭാവത്തിൽ ക്ഷീണചിത്തയായിക്കിടക്കുന്ന ആ കാമുകിയുടെ ഭാവോന്മീലനത്തെ ഉയർത്തുവാൻ ഘടിപ്പിച്ചിരിക്കുന്ന "എഡ്വിൻ—ഏൻജലീനാ" കഥയും 'ലൈലാമജ്നു' കഥയും വളരെ പററിയിട്ടുണ്ടു്. കെട്ടുപിണഞ്ഞുകിടക്കുന്ന ഒരു അപസർപ്പകകഥയോടൊപ്പം അതിന്റെ ഏകതാനതയെ മാററത്തക്കവിധം വൈശദ്യംനിറഞ്ഞ ഇന്ദിരാ–സുഭാഷ്പ്രണയകഥ ഘടിപ്പിച്ചിരിക്കുന്നതിന്റെ ഔചിത്യവും പ്രശംസനീയമാണ്. ഇന്ദിരയുടെ പ്രേമത്തിന്റെ അഗാധതയാണ് ഒടുവിലുള്ള സുഭാഷിന്റെ മോചനത്തിനും നോവലിന്റെ ശുഭാവസാനത്തിനും കാരണവും. എന്നാൽ മററു ചിലർ ചെയ്തിട്ടുള്ളതുപോലെ ഒരസാധാരണശക്തിയോ വൈഭവമോ ഒന്നും അദ്ദേഹം ഇന്ദിരയ്ക്കു നല്കിയിട്ടില്ല. പ്രേമത്തിന്റെ തിരത്തള്ളലിൽ കേവലം ഒരു യുവതി എന്തു പ്രവർത്തിക്കുമോ അതിൽക്കൂടുതലായൊന്നും ചെയ്യിച്ചിട്ടില്ല. ഈ ഒരു പ്രത്യേകത ഇന്ദിരയുടെ ചിത്രീകരണത്തിൽ മാത്രമല്ല, എല്ലാ പാത്രസൃഷ്ടിയിലും തെളിഞ്ഞുകാണുന്നതാണ്,

സുഭാഷിനെ നാം സ്നേഹിച്ചുപോകും—പിതൃസ്നേഹത്താൽ ഉജ്ജൃംഭിതനായി അദ്ദേഹം അപ്രത്യക്ഷനാവുകയാണ്. മഹത്തായ ആ ഉദ്ദേശത്തിന്റെ ശുദ്ധിയിൽ അനീതികൾ അഥവാ വലിഞ്ഞുകേറിയിട്ടുണ്ടെങ്കിൽതന്നെ അവയെല്ലാം ക്ഷന്തവ്യങ്ങളാണു. ബാബു മറെറാരു മറക്കാനാവാത്ത പാത്രമാണ്. യജമാനസ്നേഹം ഉടലുപൂണ്ടതാണാവ്വലാൻ! ആ സ്നേഹത്തിന്റെ ബഹിർപ്രകാശനമാണ് അടിയേററുവീണു് പോലീസുകാരന്റെ ചോദ്യങ്ങൾക്കിരയായപ്പോൾ അയാളെ കള്ളംപറയാൻ പ്രചോദിപ്പിച്ച ചോദനാവികാരവും.

ഗ്രന്ഥകാരൻ പറയുംപോലെ ഡാ. രാജൻ "പ്രസിദ്ധനായ ഒരു സാധാരണക്കാരനാണ്." അദ്ദേഹമാണ് ഈ രഹസ്യങ്ങൾ വെളിച്ചത്തുകൊണ്ടുവരുന്നതു; യഥാർത്ഥകുററവാളികളെ കഴുകിൽ കയററുന്നതു്. ഫലിതപ്രിയനും സൂക്ഷ്മബുദ്ധിയും, സ്നേഹസമ്പന്നനുമായ രാജൻ ഗ്രന്ഥകാരന്റെ തൂലികാവിലാസംകൊണ്ടു് അനുവാചകഹൃദയങ്ങളിൽ ശാശ്വതപ്രതിഷ്ഠ സമ്പാദിക്കും; തീർച്ച. അദ്ദേഹത്തിന്റെ കുശാഗ്രബുദ്ധി! അമ്മേ! എത്ര എത്ര ഇടങ്ങളിൽ എത്ര നിസ്സാരങ്ങളായ തെളിവുകൾവച്ചുകൊണ്ടാണദ്ദേഹം നിഗമനങ്ങളിലെത്തിച്ചേരുന്നതു്. നരൻ സ്വാമിക്കുപററിയ ഒരു ശിഷ്യനായിട്ടുണ്ടു്. അതികായനായ അയാളിലും സ്വാമിയുടെ ഫലിതവാസന ഓളംവെട്ടിയിട്ടുണ്ടു്. നരൻ രാജനോളം ബുദ്ധിസമ്പന്നനല്ലെങ്കിലും യജമാനസ്നേഹത്തിൽ അയാൾ ആരെയും ജയിക്കും.

ഒടുവിലത്തെ അദ്ധ്യായത്തിൽ "ഭുവനേന്ദ്രൻതുടങ്ങിയ ഘാതകന്മാർ തൂക്കുമരത്തിൽ അവസാനിച്ചശേഷം" സുഭാഷും ഇന്ദിരയും രാജനും, നരനും തമ്മിലുള്ള കൂടിക്കാഴ്ച ഓജസ്സുനിറഞ്ഞ ഒരു രംഗമാണ്. അവസാനം ഡാക്ടർ സകല മംഗളങ്ങളും ആശംസിച്ചു പിരിയുമ്പോൾ—കഥ സുഖപര്യവസായി ആണെങ്കിലും നമ്മുടെ ഹൃദയംശോകത്തിന്റെ നേരിയച്ഛായ ദർശിക്കും. കാരണം അതിനിടെ അത്രകണ്ടു നാമവരെ സ്നേഹിച്ചുകഴിഞ്ഞിരിക്കും.

ഇനി ഇതിലെ പ്രതിപാദനരീതികളേയും മററുംപററിക്കൂടി രണ്ടുവാക്കു്. സരളവും ഋജുവുമായ വാക്യങ്ങൾ. കുറിക്കുകൊള്ളുന്ന ചെറിയചെറിയ വർണ്ണനകൾ—ഇവ എടുത്തുപറയേണ്ട പ്രത്യേകതകളാണ്. സംഭാഷണങ്ങളിൽ ഗ്രന്ഥകാരൻ പ്രദർശിപ്പിച്ചിരിക്കുന്ന ചാതുര്യം അഭിനന്ദനാർഹമാണ്. അച്ചിട്ട വാചകങ്ങളിൽ എല്ലാ പാത്രങ്ങളേയുംകൊണ്ടു് സംസാരിപ്പിച്ചിട്ടില്ല എന്നുമാത്രമല്ല രസകരങ്ങളാകുന്നുകൂടിയുണ്ടു് മിക്കപ്പോഴും. ഇവയ്ക്കൊക്കെ പുറമേ മറാധികം നോവലുകളിൽ കടന്നുകൂടിയിട്ടില്ലാത്തതരത്തിൽ മറെറാരു പ്രത്യേകതകൂടിയുണ്ടിതിൽ. ചില സാമാന്യതത്വങ്ങൾ ഉപപാദിച്ചുകൊണ്ടു് കഥ തുടരുക. വളരെ സ്ഥാനനിഷ്ഠമായിട്ടുണ്ടവയിൽ പലതും. ഉദാഹരണമിതാ— "കഥയുടെ പരിണാമം നേരത്തെ ഗ്രഹിച്ചിട്ടുള്ള സന്ദർശകർക്കു് സിനിമയിലെസ്ക്രീനിൽകാണുന്ന ഭയങ്കരരംഗങ്ങൾ കൗതുകമാണുണ്ടാക്കാറു്. ത്രികാലജ്ഞരായ മഹത്തുക്കൾക്കു പ്രകൃതി ഒരു വിനോദരംഗമാണ്........"

### അദ്ധ്യായം ൨

ചുരുക്കത്തിൽ ഒരപസർപ്പകകഥയെന്നുള്ളതിൽ കവിഞ്ഞു് എണ്ണത്തക്ക നിലയിലുള്ള ഒരു നോവൽകൂടിയാണിതെന്നുതോന്നും — ഇതിലെ പ്രതിപാദനം കണ്ടാൽ.

കുററങ്ങൾ? അതെ നല്ല ചോററിൽ കല്ലുകടിച്ചാൽ ഉള്ള അനുഭവം ഇതിലെ ചില രസകരങ്ങളായ ഭാഗങ്ങൾ വായിക്കുമ്പോഴുള്ള അച്ചടിത്തെററുകൾ നൽകാറുണ്ടു്. ശുദ്ധിപത്രത്തിനും നികത്താൻകഴിയാത്ത ആ തെററുകൾ ഈ ഗ്രന്ഥത്തിനു് ഭൂഷണങ്ങളല്ലതന്നെ. അടുത്തപതിപ്പിലെങ്കിലും ഈ കുററങ്ങൾ പരിഹരിക്കപ്പെടുമെന്നു ന്യായമായി പ്രതീക്ഷിക്കാം.

എസ്സ്.

---

ബാലപംക്തി

# ഗോപിയും രവിയും

**കെ. ജി. ഇന്ദ്രസേനകുറുപ്പ് (വിദ്യാർത്ഥി)**

ഗോപിയും രവിയും സതീർത്ഥ്യന്മാരാണ്. അവർ ഒരുക്ലാസിലാണു പഠിക്കുന്നതു്. എന്നും രവി സ്കൂളിൽപോകുന്നതു് ഗോപിയുടെ വീട്ടിൽകയറിയാണ്. രവി വരുന്നതുവരെ ഗോപി കാത്തുനില്ക്കും. അവർക്കു വഴിയിൽ പല സംഗതികളുംപറയാനുണ്ടു്. ഓരോദിവസവും ഓരോ പുതിയകാര്യങ്ങളായിരിക്കും അവരുടെ സംസാരവിഷയം.

എന്റെ രവീ ഇന്നലെ അച്ഛൻ എന്നെ ഒന്നു തോല്പിച്ചു.

എങ്ങിനെയാണു തോല്പിച്ചതു് രവി ചോദിച്ചു.

ഗോപി—അതൊരു വലിയ തോൽവിയാണ്. അച്ഛൻ പറഞ്ഞു. പള്ളിക്കൂടത്തിൽ പഠിക്കുന്ന പിള്ളേർക്കു് അശേഷം ബുദ്ധിയില്ലെന്നു്. തത്തയെക്കൊണ്ടു ഭാഷപറയിക്കുംപോലെ വാദ്ധ്യാന്മാർ പറഞ്ഞുകൊടുക്കുന്നതുമാത്രം പറയും. എന്താക്കെ പറയേണ്ടതായി വന്നു.

രവി—കാര്യംപറയൂ ഗോപി.

ഗോപി—കാര്യം പറഞ്ഞാൽ ബഹുരസമാണ്.

രവി—എന്താണാ മഹാകാര്യം?

ഗോപി—അതോ! ഞങ്ങളുടെ പശുവുണ്ടല്ലോ, ആ കറുത്ത പശു—അതിനെ കറന്നാൽ രണ്ടിടങ്ങഴിപാൽ കാണും. അതൊഴിക്കാൻ രണ്ടിടങ്ങഴികൊള്ളുന്ന ഒരു പിച്ചളത്തമലയുണ്ടു്. കൂടാതെ രണ്ടുചെറിയ തമലകളും ഉണ്ടു്. ഒന്നിൽ ഒന്നേകാലിടങ്ങഴിയും മററതിൽ മുക്കാലിടങ്ങഴിയും കൊള്ളും. അച്ഛൻ പറഞ്ഞു, എടാ ഗോപീ ഇവിടെ ഒഴിഞ്ഞിരിക്കുന്ന ഒന്നേകാലിടങ്ങഴികൊള്ളുന്ന തമലയിൽ മുക്കാലിടങ്ങഴികൊള്ളുന്ന തമല ഉപയോഗിച്ചു് ഇടങ്ങഴി പാൽ അളന്നുവയ്ക്കണം, അല്പംപോലും തെററു വരരുതു്. എന്റെ രവീ ഞാൻ പലതരത്തിൽ ആലോചിച്ചിട്ടും സാധിച്ചില്ല. അച്ഛനു ദേഷ്യം വന്നു. അച്ഛൻ എന്നെ ശകാരിക്കുകൂടിചെയ്തു. എന്തുചെയ്യാം! മുക്കാലിടങ്ങഴികൊള്ളുന്ന പാത്രംകൊണ്ടു് ഒരു പ്രാവശ്യം പാൽമുക്കി ഒന്നേകാൽ ഇടങ്ങഴിപാത്രത്തിൽ ഒഴിച്ചപ്പോൾ രണ്ടിടങ്ങഴിപാത്രത്തിൽ ഒന്നേകാലിടങ്ങഴിയുണ്ടു്. വേറെ യാതൊരളവുപാത്രങ്ങളും ഉപയോഗിച്ചുപോകരുതെന്നാണുചട്ടം. ഞാനെന്തുചെയ്യും?

രവി—ഗോപിയുടെ അച്ഛനളന്നുകാണിച്ചോ?

ഗോപി—ഹോഹോ—അച്ഛനളന്നുകാണിച്ചപ്പോളതിനു് ഒരു പ്രയാസവുമില്ലായിരുന്നു. കൊളംബസ് മേശപ്പുറത്തു മുട്ടകുത്തിയപോലെ അത്ര നിസാരം.

രവി—എങ്ങിനെയാണ് ഗോപിയുടെ അച്ഛനളന്നതു്?

ഗോപി—അതോ! ആദ്യം മുക്കാലിടങ്ങഴികൊള്ളുന്ന തമലകൊണ്ടു് ഒരു പ്രാവശ്യം രണ്ടിടങ്ങഴിപ്പാൽപാത്രത്തിൽനിന്നും ഒരുതമലപാലെടുത്തു് ഒന്നേകാലിടങ്ങഴി പാത്രത്തിലൊഴിച്ചു. വീണ്ടും രണ്ടിടങ്ങഴിപ്പാത്രത്തിൽനിന്നും മുക്കാലിടങ്ങഴിപാത്രംകൊണ്ടു് ഒരു പാത്രംകൂടി എടുത്തു് ഒന്നേകാലിടങ്ങഴി പാത്രം നിറച്ചൊഴിച്ചു. അപ്പോൾ കാലിടങ്ങഴി പാൽ മുക്കാലിടങ്ങഴി പാത്രത്തിൽ അധികംവന്നു. അപ്പോൾ ഒന്നേകാലിടങ്ങഴി പാത്രത്തിൽ ഇരുന്നപാൽ രണ്ടിടങ്ങഴിപാത്രത്തിൽ ഒഴിച്ചു. വീണ്ടും മുക്കാലിടങ്ങഴിപാത്രത്തിലിരുന്ന കാലിടങ്ങഴിപാൽ ഒന്നേകാലിടങ്ങഴി പാത്രത്തിൽ ഒഴിച്ചിട്ടു് മുക്കാലിടങ്ങഴിപാത്രംകൊണ്ടു് ഒരുതമലപാൽക്കൂടി രണ്ടിടങ്ങഴി പാത്രത്തിൽനിന്നും എടുത്തു് ഒന്നേകാലിടങ്ങഴിപാത്രത്തിൽ ഒഴിച്ചു. അപ്പോൾ ഒന്നേകാലിടങ്ങഴി പാത്രത്തിൽ പാൽ എത്രയായി?

രവി—ഭേഷ്, ഇതു നല്ല ഒരു സൂത്രമാണല്ലോ. ഇന്നു നമുക്കു് സ്കൂളിൽചെന്നു് മററു കുട്ടികളോടുചോദിയ്ക്കണം. അവർ ഉത്തരം പറയുമോ ഇല്ലയോ എന്നറിയാമല്ലോ.

---

## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | മനുഷ്യത്വവും പുരോഗതിയും — വക്കം അബ്ദുൽഖാദർ | 2 |
| 2. | മി: ഗോപിനാഥനും പാർട്ടിയും — കല്ക്കത്തയിൽ | 3 |
| 3. | തക്ഷശില — പി. സി. എം. രാജ ബി. എ. എൽ. ടി. | 4 |
| 4. | ബ്രിട്ടനിലെ തെരഞ്ഞെടുപ്പ് | 5 |
| 5. | ഒരു രാഗരംഗം — ചെങ്ങന്നൂർ ശങ്കരവാര്യർ | 6 |
| 6. | മോചനം (കവിത)—എൻ. ഭാർഗ്ഗവി | 7 |
| 7. | അച്ഛന്റെ ശ്രാദ്ധം (കവിത) — പട്ടം എൻ. ഗോപാലൻനായർ | ,, |
| 8. | ചിത്രങ്ങൾ | 8—9 |
| 9. | ഗണിതവിഹാരം — എസ്. പരമേശ്വരൻ | 10 |
| 10. | ഗ്രന്ഥവിഹാരം | 11 |
| 11. | ബാലപംക്തി | ,, |
| 12. | ഇന്ത്യയുടെ വിദേശവാണിജ്യം — ടി. ആർ. ചന്ദ്രശേഖരൻനായർ ബി. ഏ. | 12 |
| 13. | അനുശോചനത്തിന്റെവില (ചെറുകഥ) — അമ്പാടി ഇക്കാവമ്മ | 13 |
| 14. | വ്യാഖ്യാതൃവൈദഗ്ദ്ധ്യം — കൊട്ടപ്പുറ | 14 |
| 15. | ചോദ്യവും ഉത്തരവും — വിവ: എസ്. ചന്ദ്രശേഖരൻനായർ | 15 |
| 16. | വിനോദപംക്തി | ,, |
| 17. | ഈ ആഴ്ചയിലെ നക്ഷത്രഫലം — തകഴി രാമവാര്യർ | 16 |

# ഇൻഡ്യയുടെ വിദേശവാണിജ്യം

റി. ആർ. ചന്ദ്രശേഖരൻനായർ ബി. ഏ. തിരുവല്ല

ഒരു സ്വതന്ത്രറിപ്പബ്ലിക്കായി രൂപം പ്രാപിച്ചിരിക്കുന്ന ഇൻഡ്യായൂണിയന്റെ സർവ്വവിധമായ സാമ്പത്തികപുരോഗതിക്കും അടിസ്ഥാനമായിരിക്കുന്നതു വാണിജ്യവും കൃഷിയുമാകുന്നു. ആധുനികങ്ങളായ കൃഷിസമ്പ്രദായങ്ങൾ സ്വീകരിച്ചു ശാസ്ത്രീയമായ രീതിയിൽ കൃഷിനടത്തിയാൽ നമ്മുടെനാട്ടിൽ ആവശ്യമുള്ള ആഹാരസാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ സാധിക്കും. ആഹാരസാധനങ്ങളുടെകാര്യത്തിൽ ഇൻഡ്യ ൧൯൫൧-നകം സ്വയംപര്യാപ്തമാകേണ്ടതുകൊണ്ടു കർഷകരുടെ സ്ഥിതി അഭിവൃദ്ധിപ്പെടുത്തുകയും നവീനകൃഷിസമ്പ്രദായങ്ങൾ പ്രയോഗത്തിൽവരുത്തുകയും ചെയ്യേണ്ടതാണ്. കൂട്ടുകൃഷി, നെടുംകൃഷി എന്നീ കൃഷിസമ്പ്രദായങ്ങളും വിളവുകളുടെ പരിവൃത്തിയും (Rotation of Crops) പ്രയോഗത്തിൽ വരുത്തിയാൽ നമ്മുടെ ആഹാരപ്രശ്നത്തിനു ഒരു പരിഹാരമുണ്ടാക്കാവുന്നതാണ്. കൃഷി അഭിവൃദ്ധിയെ പ്രാപിക്കുന്നതുകൊണ്ടു ഒരു രാജ്യത്തിലെ ആഹാരപ്രശ്നംമാത്രമേ പരിഹരിക്കപ്പെടുന്നുള്ളു. സാമ്പത്തികപുരോഗതിക്കു വാണിജ്യാഭിവൃദ്ധിയാണ് അത്യാവശ്യമായിട്ടുള്ളതു്. വാണിജ്യാഭിവൃദ്ധിക്കുവേണ്ട മിക്ക ഘടകങ്ങളും ഇൻഡ്യയ്ക്കനുകൂലമാകയാൽ വേണ്ട നേതൃത്വവും മൂലധനവും കൂടി ലഭിക്കുന്നപക്ഷം ഇൻഡ്യ അസൂയാർഹമാംവിധം സാമ്പത്തികപുരോഗതിയേ പ്രാപിക്കുന്നതാണ്. സാമ്പത്തികപ്രയത്നങ്ങൾ പ്രയോജനപ്പെടണമെങ്കിൽ വിദേശങ്ങളുമായുള്ള വാണിജ്യബന്ധം ദൃഢതരമായിരിക്കേണ്ടതുണ്ട്.

വിദേശവാണിജ്യമെന്നാൽ മററുള്ളരാജ്യങ്ങളുമായി നടത്തുന്ന കച്ചവടമെന്നാണർത്ഥം. ഒരു രാജ്യത്തിന്റെ വിദേശവാണിജ്യത്തെ പല ഘടകങ്ങൾ നിയന്ത്രിക്കുന്നു. ഭൂപ്രകൃതി, കാലാവസ്ഥ, വിവിധ സ്ഥലങ്ങളിൽ വിവിധരീതിയിലുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കത്തക്കവിധത്തിലുള്ള പ്രകൃതിസൌകര്യങ്ങൾ എന്നിവ വാണിജ്യത്തെ നിയന്ത്രിക്കുന്നു. വിഭവസമൃദ്ധമായ നമ്മുടെ രാജ്യത്തു വാണിജ്യത്തെ പുരോഗമിപ്പിക്കുവാനുള്ള സകല സാദ്ധ്യതകളുമുണ്ട്. കഴിഞ്ഞ ഏതാനും സംവത്സരങ്ങളിലെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ നമ്മുടെ വിദേശവാണിജ്യത്തിൽ വർദ്ധമാനമായ ഒരു പുരോഗതിയുണ്ടായിട്ടുള്ളതായി കാണാവുന്നതാണ്.

മാനവസമുദായത്തിന്റെ നിലനില്പിനു വാണിജ്യം അത്യന്താപേക്ഷിതമാണ്. പരസ്പരസൌകര്യത്തിനുവേണ്ടി പലവിധ സാധനങ്ങൾ കൈവശമുള്ള ആളുകൾ അവയെ തമ്മിൽ വിനിമയംചെയ്യുന്നു. ഇങ്ങനെ വ്യക്തികൾതമ്മിൽ നടത്തുന്ന വിനിമയത്തിന്റെ ഒരു വിശദമായ രൂപമാണ് രാജ്യങ്ങൾതമ്മിൽ സാധനങ്ങൾ കൈമാറുകയെന്നുള്ളതു്. ഒരു രാജ്യത്തിൽ ഉല്പാദിപ്പിക്കുന്ന പ്രത്യേകതരത്തിലുള്ള സാധനങ്ങൾ മറെറാരുരാജ്യത്തുല്പാദിപ്പിക്കുവാനുള്ള പ്രകൃതിസൌകര്യങ്ങൾ കണ്ടില്ലെന്നുവരാം. അങ്ങനെ വരുമ്പോൾ ആ സാധനം ഉല്പാദിപ്പിക്കുന്ന രാജ്യക്കാർ ആവശ്യമുള്ള ഇതരരാജ്യക്കാർക്കുകൂടി നൽകേണ്ടിവരും. ഇതുകൊണ്ടു് എല്ലാം രാജ്യങ്ങൾക്കും ഒരുപോലെ ഉപകാരമുണ്ടാകുകയും ചെയ്യും. മനുഷ്യന്റെ ജീവിതത്തോതുയർത്തുന്നതിനും, ജീവിതസമരത്തിന്റെ കാഠിന്യം ലഘൂകരിക്കുന്നതിനും വാണിജ്യം അത്യന്താപേക്ഷിതമാണ്.

വാണിജ്യം പ്രധാനമായി രണ്ടുവിധത്തിലുണ്ട്. ഒന്നു് ആഭ്യന്തരവാണിജ്യവും മററതു വിദേശവാണിജ്യവുമാണ്. ഒരു പ്രത്യേക രാജ്യാതിർത്തിക്കുള്ളിൽ അവിടത്തെ സാധനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്നതാണ ആഭ്യന്തരവാണിജ്യം. ഒരു രാജ്യത്തിലുള്ള സാധനങ്ങൾ വിദേശങ്ങളിലേക്കയയ്ക്കുകയും, വിദേശങ്ങളിൽനിന്നും ആ രാജ്യത്തേക്കാവശ്യമുള്ള സാധനങ്ങൾ ഇറക്കുമതി ചെയ്യുകയുംചെയ്യുന്നതാണ് വിദേശവാണിജ്യം. ഈ രണ്ടു തരത്തിലുള്ള വാണിജ്യവും ഒരു രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്കു അനപേക്ഷണീയമാണ്.

വിദേശവാണിജ്യം ഒരു രാജ്യത്തിനു അനുകൂലമോ പ്രതികൂലമോ ആയിരിക്കാവുന്നതാണ്. വിദേശവാണിജ്യം, ഒരു രാജ്യത്തെ കയററുമതിയുടെ ആകെവില ഇറക്കുമതിയുടെ ആകെവിലയിൽ കൂടിയിരുന്നാൽ ആ രാജ്യത്തിനു അനുകൂലവും കുറഞ്ഞിരുന്നാൽ പ്രതികൂലവുമാണ്. കയററുമതിയുടെ വിലയും ഇറക്കുമതിയുടെ വിലയും തമ്മിലുള്ള വ്യത്യാസത്തിനു വാണിജ്യാവശിഷ്ടം (Balance of Trade) എന്നുപറയുന്നു. വാണിജ്യാവശിഷ്ടം അനുകൂലമായിരുന്നാൽ സാമ്പത്തികപുരോഗതിയും പ്രതികൂലമായിരുന്നാൽ സാമ്പത്തികാധഃപതനവും ഉണ്ടാകുന്നതാണ്. ഒരു രാജ്യത്തിലെ വിദേശവാണിജ്യത്തിനു പല കാരണങ്ങളാലും പ്രാധാന്യമുണ്ട്. ഒന്നാമത്തെ പ്രയോജനം ഒരു രാജ്യത്തിലേക്കാവശ്യംകഴിഞ്ഞു അവശേഷിക്കുന്ന സാധനങ്ങൾ ലാഭകരമായ രീതിയിൽ വിദേശവിപണികളിൽ വിററഴിക്കാമെന്നുള്ളതാണ്. രണ്ടാമത്തെ പ്രയോജനം ഒരു രാജ്യത്തില്ലാത്തതും എന്നാൽ അത്യാവശ്യമാതുമായ സാധനങ്ങൾ വാണിജ്യബന്ധാധിഷ്ഠാനത്തിന്മേൽ വിദേശങ്ങളിൽനിന്നും വാങ്ങാൻ സാധിക്കുന്നവെന്നുള്ളതാണ്. ഉദാഹരണമായി ഇൻഡ്യയിൽ കൂടുതലായി ഇറക്കുമതിചെയ്യുന്ന യന്ത്രോപകരണങ്ങൾ നമുക്കു ആവശ്യാനുസരണംലഭിക്കണമെങ്കിൽ അവയെ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളുമായി നാം വാണിജ്യബന്ധത്തിലേർപ്പെട്ടിരിക്കുകയാണെങ്കിൽ കൂടുതൽ സൌകര്യങ്ങളുണ്ട്.

ഇൻഡ്യയുടെ വിദേശവാണിജ്യത്തിനു ചില പ്രത്യേകതകളുണ്ട്. ഒരു പ്രത്യേകതയും, സാരമായ ദൂഷ്യവും കയററുമതികളിൽ ഭൂരിഭാഗവും അസംസ്കൃതസാധനങ്ങളും ഇറക്കുമതികളിലധികവും ഉല്പാദിതസാധനങ്ങളുമാണെന്നുള്ളതാണ്. എന്നാൽ കുറച്ചുകാലങ്ങളായി ഈ രീതി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. അസംസ്കൃതസാധനങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തി വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തേണ്ടതു അത്യാവശ്യമായിരിക്കുന്നതിനാൽ അവയേ കഴിയുന്നതും കുറച്ചുമാത്രമേ കയററുമതിചെയ്യുവാൻ പാടുള്ളു. മുൻകാലങ്ങളെ അപേക്ഷിച്ചു പിൽക്കാലങ്ങളിൽ അസംസ്കൃതസാധനങ്ങളുടെ കയററുമതിയിലുണ്ടായിട്ടുള്ള വ്യത്യാസം താഴെകൊടുത്തിരിക്കുന്ന പട്ടികയിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

### കയററുമതി

| | അസംസ്കൃതസാധനങ്ങൾ |
|---|---|
| ൧൯൩൭-൩൮ | ൭൨% |
| ൧൯൪൮-൪൯ | ൩൬% |

### ഇറക്കുമതി

| | ഉല്പാദിതസാധനങ്ങൾ | അസംസ്കൃതസാധനങ്ങൾ |
|---|---|---|
| ൧൯൩൭-൩൮ | ൪൦% | ൧൯% |
| ൧൯൪൮-൪൯ | ൪൦% | ൪൩% |

വാണിജ്യം പ്രധാനമായി രണ്ടുവിധത്തിലുണ്ട്. ഒന്നു് ആഭ്യന്തരവാണിജ്യവും മററതു് വിദേശവാണിജ്യവുമാണ്. ഒരു പ്രത്യേക രാജ്യാതിർത്തിക്കുള്ളിൽ അവിടത്തെ സാധനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്നതാണ് ആഭ്യന്തരവാണിജ്യം. ഒരു രാജ്യത്തിലുള്ള സാധനങ്ങൾ വിദേശങ്ങളിലേക്കയയ്ക്കുകയും, വിദേശങ്ങളിൽനിന്നും ആ രാജ്യത്തേക്കാവശ്യമുള്ള സാധനങ്ങൾ ഇറക്കുമതിചെയ്യുകയും ചെയ്യുന്നതാണ് വിദേശവാണിജ്യം. ഈ രണ്ടുതരത്തിലുള്ള വാണിജ്യവും ഒരു രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്കു് അനപേക്ഷണീയമാണ്.

വിവിധരാജ്യങ്ങളുമായുള്ള ഋണബാദ്ധ്യതകൾ സൌകര്യമായി തീർക്കുന്നതിനും വിദേശവാണിജ്യം അഭിവൃദ്ധിയെ പ്രാപിച്ചിരിക്കേണ്ടതാണ്.

ഇൻഡ്യയുടെ വിദേശവാണിജ്യം അതിവിപുലമായതോതിൽ നടക്കുന്നുണ്ട്. അതിപുരാതനകാലങ്ങളിൽപോലും ഇൻഡ്യ വിദേശങ്ങളുമായി വാണിജ്യം നടത്തിയിരുന്നു. ഈജിപ്ത്, മെസപ്പൊട്ടോമിയാ, മുതലായ രാജ്യങ്ങളിലെ ഭവനങ്ങളും മററും ഇതിനു സാക്ഷ്യംവഹിക്കുന്നു. ഈ പാരമ്പര്യം ഇൻഡ്യ ഇന്നും നിലനിർത്തിപ്പോരുന്നുണ്ട്. ൧൯൩൮-൩൯-ലെ കണക്കുകൾ പരിശോധിക്കുന്നപക്ഷം വിദേശവാണിജ്യത്തിൽ ഇൻഡ്യയ്ക്കു ലോകത്തിലെ അഞ്ചാമത്തെസ്ഥാനം ലഭിച്ചിരുന്നതായികാണാം. അന്നു് ഒന്നാംസ്ഥാനം യുണൈറഡു് കിംഗ്ഡമിനും, രണ്ടാംസ്ഥാനം ഐക്യനാടുകൾക്കും, മൂന്നാംസ്ഥാനം ജർമ്മനിക്കും നാലാംസ്ഥാനം ഫ്രാൻസിനും, അഞ്ചാംസ്ഥാനം ഇൻഡ്യയ്ക്കുമായിരുന്നു. ഇൻഡ്യയുടെ വിദേശവാണിജ്യത്തിൽ ബഹുഭൂരിഭാഗവും ഇംഗ്ലണ്ടും കോമൺവെൽത്തു രാജ്യങ്ങളുമായാണ് നടത്തിവന്നിരുന്നതു്. എന്നാൽ ഇനിയും ഇൻഡ്യയ്ക്കു സ്വതന്ത്രമായ ഒരു വാണിജ്യനയം പിൻതുടരാവുന്നതാണ്. അഭിവൃദ്ധ്യുന്മുഖമായഏതൊരുനയവും സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം ഇന്നു് ഇന്ത്യയ്ക്കുകൈവന്നിട്ടുണ്ടല്ലോ.

൧൯൩൭-൩൮-ൽ ൭൨% അസംസ്കൃതസാധനങ്ങൾ നാം കയററുമതിചെയ്തു. എന്നാൽ ൧൯൪൮-൪൯ ആയപ്പോഴേക്കു അതു ൩൬% ആയി കുറഞ്ഞു. അതുപോലെതന്നെ ൧൯൩൭-൩൮-ൽ ൧൯% അസംസ്കൃതസാധനങ്ങൾ നാം ഇറക്കുമതിചെയ്തു. ൧൯൪൮-൪൯ ആയപ്പോഴേക്കും അതു് ൪൩% ആയി വർദ്ധിച്ചു. ഈക്കാലങ്ങളിലെങ്ങും ഉല്പാദിതസാധനങ്ങളുടെ കയററുമതിയിലും ഇറക്കുമതിയിലും വലിയ വ്യത്യാസങ്ങളൊന്നും അനുഭവപ്പെട്ടില്ല. ഇതിൽനിന്നും നമുക്കു മനസ്സിലാകുന്നതു് നമ്മുടെ വിദേശവാണിജ്യം അനുകൂലമാംവിധം അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുന്നുവെന്നാണ്.

ഇൻഡ്യയുടെ വിഭജനത്തിനുശേഷം നമ്മുടെ വിദേശവാണിജ്യത്തിൽ സാരമായ വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. ഉദാഹരണമായി മൂന്നുവർഷംമുമ്പു് ചണം കയററുമതി ചെയ്തുകൊണ്ടിരുന്ന ഏകരാജ്യം ഇൻഡ്യയായിരുന്നു. എന്നാൽ ഇപ്പോൾ 'പാകിസ്ഥാനിൽനിന്നും ചണം കയററുമതിചെയ്യുന്നതിനാൽ കൂടുതൽ ചണം കയററുമതിചെയ്യുന്നതിൽ ഒന്നാംസ്ഥാനം മാത്രമേ ഇൻഡ്യയ്ക്കു ലഭിച്ചിട്ടുള്ളു. ഇതുകൊണ്ടുള്ള ഒരു ദൂഷ്യം ഇൻഡ്യയുടെ കയററുമതിയിൽ പൊതുവേ ഒരു കുറവുവരികയും പ്രതികൂലവാണിജ്യാവശിഷ്ടം വർദ്ധിക്കുകയും ചെയ്യുവെന്നുള്ളതാണ്. വിഭജനത്തിനുശേഷം ഇൻഡ്യയുടെ കയററുമതികളിൽ തേയില, തുണിത്തരങ്ങൾ ഇവയുടെ പ്രാധാന്യം വർദ്ധിക്കുകയും അസംസ്കൃതരൂപത്തിലുള്ള പഞ്ഞി, ചണം മുതലായവയുടെ കയററുമതിയിൽ സാരമായ കുറവു സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

൧൯൪൮-൪൯-ൽ ഇന്ത്യയ്ക്കു ൧൧൯-കോടിരൂപ പ്രതികൂലവാണിജ്യാവശിഷ്ടമുണ്ട്. ഇതിന്റെ കാരണം ഇന്ത്യയുടെ കയററുമതികൾ വർദ്ധിപ്പിക്കുന്നതിനുവന്നുചേന്ന തടസ്സങ്ങളാണ്. ഐക്യനാടുകളിലെ ആളുകൾ തേയിലയ്ക്കു് വിലകൂടിയതിനാൽ അവയ്ക്കുപകരം മററുസാധനങ്ങളുപയോഗിച്ചു തുടങ്ങുകയും അതിനാൽ നമ്മുടെ കയററുമതിയിൽ ഒരു കുറവു സംഭവിക്കുകയുംചെയ്തു. ഇന്ത്യയിലെ സാധുക്കളുടെ വരവുവർദ്ധിച്ചതിനാൽ വാങ്ങുവാനുള്ള കഴിവു് (Purchasing Power) കൂടുകയും സാധനങ്ങൾ കൂടുതൽ ആഭ്യന്തരവാണിജ്യത്തിനുവേണ്ടിവരികയും അതിനാൽ കയററുമതിക്കു് കുറച്ചു സാധനങ്ങൾമാത്രം അവശേഷിക്കുകയും ചെയ്തു. കയററുമതിചെയ്യപ്പെട്ടിരുന്ന സാധനങ്ങളുടെ ഗുണക്കുറവും നമ്മുടെ കയററുമതിയിൽ ഗണ്യമായ ഒരു ഇടിവുണ്ടാക്കുവാൻ കാരണമായിത്തീന്നു.

വാണിജ്യപരമായ ഉൽക്കർഷംകൊണ്ടുമാത്രമേ സാമ്പത്തികഭദ്രതയിൽ എത്തിച്ചേരുവാൻ സാധിക്കുകയുള്ളു. മനുഷ്യന്റെ ജീവിതത്തോതുയരുകയും ദാരിദ്ര്യം നീങ്ങുകയും ചെയ്യേണ്ടങ്കിൽ മാത്രമേ പ്രവൎത്തനശേഷിയും കാര്യക്ഷമതയും വർദ്ധിക്കുകയുള്ളു. കൃഷി, വാണിജ്യം ഇവ രണ്ടും അതിപ്രധാനങ്ങളാകയാൽ ശരിയായ നിഷ്കർഷയോടുകൂടി അവയെ അഭിവൃദ്ധിപ്പെടുത്തേണ്ടിയിരിക്കുന്നു. കാലദൈർഘ്യം കൂടാതെതന്നെ സ്വതന്ത്രഇന്ത്യൻറിപ്പബ്ലിക്കു് എല്ലാകാര്യങ്ങളിലും സ്വയംപര്യാപ്തമാകുമെന്നും, സാമ്പത്തികഭദ്രതയിലെത്തിച്ചേരുമെന്നും നമുക്കു നിസ്സംശയം പ്രവചിക്കാവുന്നതാണ്:

—o—


# നാരായണീയം

സവ്യാഖ്യാനം

വ്യാഖ്യാതാക്കൾ } മഹോപാദ്ധ്യായ എൻ. രാമൻപിള്ള, കാവുങ്ങൽ നീലകണ്ഠപ്പിള്ള

കവികുലകൂടസ്ഥനായ മേൽപുത്തൂരിന്റെ നാരായണീയത്തെപ്പററി വിവരിക്കേണ്ട ആവശ്യമേയില്ല. എല്ലാ പദ്യങ്ങൾക്കും സാരവും അതിഗഹനങ്ങളായ പ്രയോഗങ്ങളുടെ ഗൂഢാർത്ഥങ്ങളും ഇതിൽ സംഗ്രഹമായി ലളിതഭാഷയിൽ ചേർത്തിട്ടുണ്ട്. വില രൂ: 1 ണ 8.

മാനേജർ, ശ്രീരാമവിലാസംപ്രസ്സ് കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ.



RAINBOW COMPETITIONS

KEY S. NO. 19 *30 TO 45=150

| | | | |
|---|---|---|---|
| 39 | 34 | 37 | 40 |
| 44 | 33 | 30 | 43 |
| 32 | 45 | 42 | 31 |
| 35 | 38 | 41 | 36 |

We hereby certify that the above is the solution in original deposited with us by Rainbow Competitions No. 19 on 9.1.50 in a sealed cover which was opened in our presence to-day and that a copy of the above solution has been lodged with the Bank.

For The Premier Bank of India Ltd.

V. Ramaswamy 28-1-50

Agent, Madras.



## രൂ: 25,000 നേടുക.

ഗവ: രജി: നമ്പർ 249. പ്രശ്നം നമ്പർ 21.

മുദ്രവച്ച ശരിഉത്തരം പ്രീമിയർ ബാങ്ക് ഓഫ് ഇൻഡ്യ ലിമിററഡിൽ സൂക്ഷിച്ചിരിക്കുന്നതും അവരുടെ അനുമതിയോടുകൂടി അതു പ്രസിദ്ധപ്പെടുത്തുന്നതുമാണ്. ഒന്നാംസമ്മാനം ശരിഉത്തരം രൂ: 12,000/- രണ്ടാംസമ്മാനം—ആദ്യരണ്ടുവരി ശരിയായതിന്—രൂ: 7,000/- മൂന്നാംസമ്മാനം—ഒരു വരി ശരിയായതിന്—രൂ: 3,000/- നാലാംസമ്മാനം—ആദ്യത്തെ മൂന്നക്കം ശരിയായതിന്—രൂ: 2,000/- അഞ്ചാംസമ്മാനം—ആദ്യത്തെ രണ്ടക്കം ശരിയായതിന്—രൂ: 1,000/-

അവസാനതീയതി: 27-2-50. ഉത്തരം പ്രസിദ്ധപ്പെടുത്തുന്നതു്: 13-3-50.

പ്രവേശനഫീസ്:- ഒരുത്തരത്തിനു്: രൂ: 1 0 0 * 6-ഉത്തരങ്ങൾക്കു്: രൂ: 5 0 0

158

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |

പൂരിപ്പിക്കേണ്ട വിധം:—32-മുതൽ 47-വരെയുള്ള അക്കങ്ങൾ ഉപയോഗിച്ചു് നേരെയും കുറുക്കേയും കോണോടുകോണും കൂട്ടിയാൽ ആകെത്തുക 158 കിട്ടത്തക്കവണ്ണം പൂരിപ്പിക്കുക. ഒരക്കം ഒരുപ്രാവശ്യംമാത്രമേ ഉപയോഗിക്കാവൂ. ഓരോ ഉത്തരത്തിനടിയിലും പേരും മേൽവിലാസവും ഇംഗ്ലീഷിൽ വൃത്തിയായി എഴുതിയിരിക്കണം. ഇൻഡ്യൻ പോസ്റ്റൽ ആർഡറായോ മണിയാർഡറായോ തുക അയയ്ക്കണം. മണിയാർഡർകൂപ്പണിൽ പേരും മേൽവിലാസവും എഴുതിയിരിക്കേണ്ടതും, മണിയാർഡർരസീതു് ഉത്തരത്തോടൊപ്പം അയയ്ക്കേണ്ടതുമാണ്. പിരിവനുസരിച്ചു സമ്മാനത്തുക ഭേദപ്പെടുത്തുന്നതായിരിക്കും. മാനേജരുടെ തീരുമാനം അവസാനവും നിയമാനുസൃതവുമായിരിക്കും. ഉത്തരം "റെയിൻബോ" എന്ന പ്രതിപക്ഷപത്രികയിൽ പ്രസിദ്ധപ്പെടുത്തും. ൪-അണസ്റ്റാമ്പയച്ചാൽ തപാൽവഴി അയയ്ക്കുന്നതായിരിക്കും.

ഉത്തരങ്ങൾ അയയ്ക്കേണ്ടും മേൽവിലാസം:-

THE RAINBOW COMPETITIONS, No. 21.

306 (A) Mint Street, MADRAS 1.

# അനുശോചനത്തിന്റെ വില

മദ്ധ്യകേരളത്തിലെ എല്ലാം ദിനപ്പത്രങ്ങളിലും പണിക്കരാശാന്റെ മരണവാർത്ത പ്രസിദ്ധപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ കുടുംബമഹിമ, സമുദായസ്നേഹം, പരോപകാരതല്പരത, പൊതുക്കാര്യപ്രസക്തി ഇങ്ങിനെയുള്ള ഗുണങ്ങളും പത്രങ്ങൾ പ്രത്യേകം പുകഴ്ത്തിയിരുന്നു. ധനസ്ഥിതിയും ഉദ്യോഗപദവിയും അർഹിക്കുന്നതിൽ കവിഞ്ഞ ഒരു മതിപ്പ് ജനങ്ങൾക്കു അദ്ദേഹത്തെപ്പറ്റി ഉണ്ടായിരുന്നു എന്നു ആ പ്രസ്താവനകളിൽ വ്യക്തമായിരുന്നു.

തറയ്ക്കൽ കൃഷ്ണപ്പണിക്കരാശാനെ അറിയാത്തവർ ആ നാട്ടിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല: പൊക്കംകുറഞ്ഞ് വെളുത്തുതടിച്ച ഒരാളായിരുന്നു പണിക്കരാശാൻ. ചെറുപ്പത്തിൽ അദ്ദേഹം ഒരു സുഭഗനായിരുന്നു എന്ന് ആ വയസ്സുകാലത്തും കാണാൻ പ്രയാസമുണ്ടായിരുന്നില്ല. നീണ്ട മൂക്കും തടിച്ച പുരികങ്ങളും, പ്രായാധിക്യത്തിൽപോലും യാതൊരിളക്കവും തട്ടാത്ത ദന്താവലിയും അദ്ദേഹത്തിന്റെ മുഖത്തിനു നല്ലൊരു പൌരുഷം നൽകി. മദ്ധ്യവയസ്സ് കഴിഞ്ഞപ്പോൾ വന്നുചേർന്ന കഷണ്ടിയും കുടവയറും അദ്ദേഹത്തെ കൂടുതൽ ബഹുമാന്യനാക്കിത്തീർക്കുകയാണുണ്ടായതു്. വാക്കിലും നോക്കിലും എന്നല്ല ഓരോ ചേഷ്ടയിലും അദ്ദേഹത്തിന്റെ തറവാടിത്തവും ആജ്ഞാശക്തിയും പ്രത്യക്ഷമായിരുന്നു. കൃഷ്ണപ്പണിക്കർക്കു മുമ്പുണ്ടായിരുന്ന രണ്ടു കാരണവന്മാരുടെ ധാരാളിത്തംകൊണ്ട് തറയ്ക്കലെ ധനസ്ഥിതിക്കു വലിയ കോട്ടം സംഭവിച്ചു. എന്നാൽ ധനസ്ഥിതിക്കു വന്ന മാററം പണിക്കരുടെ മനഃസ്ഥിതിയെ തീരെ ബാധിച്ചില്ല. കുടുംബത്തിലെ പദവിക്കു വലിയ ഇടിവുവന്നെങ്കിലും ആഭിജാത്യവും അന്തസ്സും വിട്ടു പെരുമാറുവാൻ ആ കുടുംബക്കാർക്കു ഒരിക്കലും സാദ്ധ്യമായിരുന്നില്ല. ചുരുങ്ങിയതോതിൽ ജീവിക്കേണ്ടിവന്നുവെങ്കിലും പണ്ടത്തെ മാന്യത നിലനിർത്തുവാൻ പണിക്കരുടെ സഹോദരി മാതുഅമ്മയുടെ വിവേകവും നയവും സഹായിച്ചു. സാമ്പത്തികമായ കാരണങ്ങൾകൊണ്ടായിരിക്കണം ആശാൻ അവിവാഹിതനായി ജീവിച്ചതു്. അദ്ദേഹത്തിന്റെ

ചെറുകഥ

വാത്സല്യം മുഴുവൻ മാതുഅമ്മയുടെ അച്ഛനില്ലാത്ത കുട്ടികളിലാണ് അദ്ദേഹം അർപ്പിച്ചതു്. ആ കുട്ടികൾ തറവാടിന്റെ പഴയ പെരുമ പുനരുദ്ധരിക്കുമെന്നൊരു വിശ്വാസം പണിക്കർക്കും മാതുഅമ്മയ്ക്കും ഉണ്ടായിരുന്നു. അതുകൊണ്ട് തൽക്കാലത്തെ മോശസ്ഥിതിയിൽ അവർക്കു വലിയ അവസാദമുണ്ടായില്ല. കടം തീർത്തു ശുദ്ധമായി കിട്ടിയ ചില്ലറ സ്വത്തുക്കളും പാരമ്പര്യവകാശമായി പണിക്കർക്കു കോവിലകത്തുണ്ടായിരുന്ന ഒരു ചെറിയ ഉദ്യോഗവും മാത്രമായിരുന്നു ദൈനംദിനജീവിതത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും അവലംബം.

'നിലയ്ക്കുനിന്നാൽ മലയ്ക്കുസമം' എന്ന് ആശാനെപ്പററി നാട്ടുകാർ സാധാരണ പറയാറുണ്ടായിരുന്നു. ഒരുകാലത്തു തറയ്ക്കൽകാരെ ആശ്രയിച്ച് ജീവിച്ച പലരും ആ പ്രദേശത്തുണ്ടായിരുന്നു. കാലംകൊണ്ടുവന്ന മാററത്താൽ പഴയ ചിട്ടഅനുസരിച്ച് ദാനധർമ്മങ്ങൾചെയ്യുവാൻ സാധിക്കയില്ലെന്നായി; എന്നാൽ ദുരഭിമാനംകൊണ്ട് കഴിവിൽ കവിഞ്ഞ ഔദാര്യം പ്രദർശിപ്പിക്കുവാൻ അവർ ശ്രമിച്ചില്ല. പഴയ പെരുമകൾ വർണ്ണിച്ച് പാറിക്കൂടാൻവന്നവരെ മാതുഅമ്മ നയത്തിൽ അകററിയതു ആശാനു വലിയ ആശ്വാസമായി. തറയ്ക്കൽ നടത്താറുള്ള വലിയ ആണ്ടുസദ്യകൾ കഴിക്കുന്നതിനു നിവൃത്തിയില്ലാതെവന്നപ്പോൾ, ആ കാലങ്ങളിൽ മാതുഅമ്മ അടുത്തക്ഷേത്രത്തിൽ ഭജനമിരിക്കുന്നതു ഒരു പതിവാക്കി. ഇങ്ങനെ ബുദ്ധിപൂർവമായി പ്രവർത്തിച്ചതുകൊണ്ട് മാതുഅമ്മയെപ്പററിയും എല്ലാവർക്കും വലിയ ബഹുമാനമായിരുന്നു.

ആ പ്രദേശത്ത് ആ കാലത്തു കച്ചവടംകൊണ്ടും ഉദ്യോഗംകൊണ്ടും പലരും പണക്കാരായിത്തീർന്നിരുന്നു. എന്നാലും സമുദായത്തിലെ പൊതുക്കാര്യങ്ങളിൽ ആശാന്റെ നേതൃത്വംതന്നെയാണ് എല്ലാവർക്കും സമ്മതമായിരുന്നതു്. പണവും പദവിയും നോക്കാതെ സമുദായസേവനംചെയ്യുവാൻ കൃഷ്ണപ്പണിക്കർക്കു ജന്മനാ ഉണ്ടായിരുന്ന സന്നദ്ധത അദ്ദേഹത്തെ എല്ലാവരുടേയും സുഹൃത്താക്കിത്തീർത്തു. ഇതുനിമിത്തം സാധുക്കളുടെ ചില്ലറഇടപാടുകളിലായാലും വലിയ തറവാട്ടുഭാഗങ്ങളിലായാലും പണിക്കരുടെ തീരുമാനം ആരും ചോദ്യംചെയ്തില്ല. അതുപോലെതന്നെ ധാരാളം ധനവ്യയംചെയ്യുന്ന കല്യാണങ്ങളും മററടിയന്തിരങ്ങളും നടത്തുവാൻ പണിക്കരെ ഏല്പിക്കുന്നതു ആ ദിക്കിലെ ഒരു സാധാരണ പതിവായിരുന്നു. ആ സന്ദർഭങ്ങളിൽ ആശാന്റെ കർമ്മകുശലതയും ആജ്ഞാശക്തിയും, നിസ്വാർത്ഥതയും കണ്ട് ജനങ്ങൾ അത്ഭുതപ്പെട്ടിരുന്നു. "മാനവും മര്യാദയും തറയ്ക്കലെ നശിക്കാത്ത സ്വത്താണെ"ന്നുള്ള ഒരു പേരു് ആശാനു സമ്പാദിക്കാൻ സാധിച്ചു.

വാർദ്ധക്യത്തിലും ആശാന്റെ ആരോഗ്യത്തിനു ഉടവുതട്ടിയിരുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ മരണം തീരെ അവിചാരിതമായിരുന്നു. ഗൃഹത്തിലെ പലവിധകുഴപ്പങ്ങളോടു് അദ്ദേഹം മല്ലിട്ടുനിന്നിരുന്നതു് ആരും അറിഞ്ഞിരുന്നില്ല. മാതുഅമ്മയെ ഇടയ്ക്കിടയ്ക്കു ഉപദ്രവിച്ചിരുന്ന വാതരോഗം, ചികിത്സ പോരാഞ്ഞിട്ടോ, എന്തോ, വല്ലാതെ മൂർച്ഛിച്ച്, അവർ മിക്കവാറും കിടപ്പായി. ഇതിനിടെ അദ്ദേഹത്തിന്റെ മൂത്തമരുമകൻ രാമൻകുട്ടിക്ക് ഒരുപനി കലശലായി. രാമുവിനെ രാപ്പകൽ ശുശ്രൂഷിച്ചതു് ആശാൻ തന്നെയായിരുന്നു. തറയ്ക്കലെ തറവാട്ടിന്റെ ആശയും ആദർശവും രാമൻകുട്ടിയിലാണ് ആശാൻ പ്രതിഷ്ഠിച്ചിരുന്നതു്. അതുകൊണ്ട് രാമുവിന്റെ രോഗം ആശാന് വളരെഅധികം ഉൽക്കണ്ഠയുണ്ടാക്കി. മനസ്സിനും ശരീരത്തിനും സ്വാസ്ഥതയില്ലാതെ രാപ്പകൽ അദ്ധ്വാനിച്ചതുകൊണ്ട് ആശാന്റെ ആരോഗ്യത്തിന് വല്ലാത്ത ഉടവുതട്ടി. ഒരു ചെറിയപനിയും ശ്വാസംമുട്ടുമായി അദ്ദേഹം കിടപ്പിലായി. അശ്രദ്ധകൊണ്ട് അതുക്രമേണ വർദ്ധിച്ചു. നാട്ടുകാരിൽ പലരും അദ്ദേഹത്തെവന്നുകണ്ട് ആശ്വസിപ്പിച്ചിരുന്നു. ആശാന്റെ ഗൃഹസ്ഥിതിയും ഒരുപക്ഷേ ഗ്രഹസ്ഥിതിയും പിഴച്ചാണിരിക്കുന്നതെന്നു മനസ്സിലാക്കിയ ചില സ്നേഹിതന്മാർ, അദ്ദേഹത്തെ ആസ്പത്രിയ്ക്കയക്കുന്നതാണു നല്ലതെന്ന് അഭിപ്രായപ്പെട്ടു. ഗത്യന്തരമില്ലാതെ മാതുഅമ്മ അതിനു സമ്മതിച്ചു. രാമൻകുട്ടിയുടെ ചെറിയ അനുജൻ കൃഷ്ണനുണ്ണിയും, തറയ്ക്കലെ കാര്യസ്ഥനും കലവറക്കാരനുമായ 'അച്ചുമ്മാനും' മാത്രമേ ആശാനു അടുത്തു ശുശ്രൂഷക്കുണ്ടായിരുന്നുള്ളു. ആശാനോടു പല വിധത്തിലും കടപ്പെട്ടിരുന്ന നാട്ടുകാർ ഈ സന്ദർഭത്തിൽ അദ്ദേഹത്തെ ഉപേക്ഷിക്കയില്ലെന്ന് മാതുഅമ്മ വിശ്വസിച്ചു. എന്നാൽ 'ഏതാനു മുണ്ടെങ്കിലേ ആരാനുമുള്ളു' എന്നുള്ള ക്രൂരമായവാസ്തവം അവർക്ക് അപ്പോൾ അനുഭവമായി. ആസ്പത്രിയിലെ ഡോക്ടർമാർ ആശാനെ പരിശോധിച്ച് ഇംഗ്ലീഷിലും മലയാളത്തിലും ഓരോ അഭിപ്രായങ്ങൾ പറഞ്ഞ് അവരുടെ പ്രദക്ഷിണപരിപാടിമാത്രം നടത്തിയിരുന്നു.

ആശാന്റെ സ്നേഹിതന്മാരിൽ പലരും കൃത്യാന്തരങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ രോഗസ്ഥിതി അന്വേഷിച്ച് ചില സമാധാനവാക്കുകൾ പറഞ്ഞുപോകപതിവായി. രണ്ടുപേർകണ്ടുമുട്ടിയാൽ സംഭാഷണവിഷയം ആശാന്റെ കഷ്ടസ്ഥിതിയായിരുന്നു. "ഇതുപെട്ടെന്ന് വീണല്ലോ. ആശാന്റെ കാലംകഴിഞ്ഞാൽ തറയ്ക്കലെ കാര്യം കുറേ പരുങ്ങലിലാണ്. രാമുവിന്റെ പഠിപ്പു കഴിഞ്ഞിരുന്നെങ്കിൽ പലതും ആശിക്കാമായിരുന്നു. കഷ്ടിച്ചു കൃത്യം കഴിയുന്നവർ എങ്ങിനെ പഠിപ്പിക്കും. ആശാന്റെ മിടുക്കുകൊണ്ട് എല്ലാം അങ്ങനെ നടന്നിരുന്നു. കാര്യം കഷ്ടമായി. ഇങ്ങനെയുള്ള സഹതാപപ്രകടനംകൊണ്ട് തങ്ങളുടെ ചുമതല തീർന്നു എന്നപോലെയായിരുന്നു ജനങ്ങളുടെ പെരുമാററം—രോഗം അപകടനിലയിലായി. അവസാനദിവസം രണ്ടു ഡോക്ടർമാർ മുറിയിൽ വന്ന് നർസിനോടു ചിലതൊക്കെ മന്ത്രിച്ചു; പരിഭ്രമിച്ചുനിന്നിരുന്ന കൃഷ്ണനുണ്ണിയെ അല്പം അനുകമ്പയോടെ ഒന്നു കടാക്ഷിച്ചു, ഗൌരവം വിടാതെ അടുത്ത മുറിയിലേക്കുപോയി.

ആശാന്റെ രോഗസ്ഥിതിയുടെ ഗൌരവം കൃഷ്ണനുണ്ണിക്ക് മനസ്സിലാകാഞ്ഞതുകൊണ്ടു അവസാന കാലത്ത് മാതുഅമ്മയ്ക്കുപോലും അദ്ദേഹത്തെ വന്നുകാണാൻ കഴിഞ്ഞില്ല. ഒരു നർസും കൃഷ്ണനുണ്ണിയും അച്ചുമ്മാനും മാത്രമേ അരികത്തുണ്ടായിരുന്നുള്ളു. കൃഷ്ണനുണ്ണിയെ കണ്ണെടുക്കാതെനോക്കി ചിലതൊക്കെ പറയാൻ ശ്രമിച്ചുകൊണ്ട് ആശാൻ അന്ത്യശ്വാസം വലിച്ചു.

ആശാന്റെ മരണവാർത്ത നാട്ടുകാരുടെ ഇടയിൽ ഒരിളക്കമുണ്ടാക്കി. സംസ്കാരം മുതലായതു് നാട്ടുകാരിൽചിലരുടെ ഉത്സാഹത്തിൽ ശരിയായി നടത്തപ്പെട്ടു. മാതുഅമ്മയെ സമാധാനിപ്പിക്കാൻ അയൽവാസികളായ ചില സ്ത്രീകളുംവന്നുകൂടി. അതോടുകൂടി തറയ്ക്കലെ ചരിത്രത്തിലെ ആ അദ്ധ്യായം അവസാനിച്ചു. മാതുഅമ്മയും കുട്ടികളും ശൂന്യമായ ഭാവിയുടെ ഒരു ചോദ്യചിഹ്നത്തിന്റെ മുമ്പിൽ നില്പായി.

അടിയന്തിരദിവസം വൈകുന്നേരംതന്നെ ആശാന്റെ നിര്യാണത്തിൽ അനുശോചനം പ്രദർശിപ്പിക്കുന്നതിനു് കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗംകൂടി. പെൻഷ്യൻജഡ്ജി ഭാസ്കരമേനോൻ ആദ്ധ്യക്ഷംവഹിച്ചു. കരയോഗാംഗങ്ങളും അല്ലാത്തവരും ഏകദേശം ഇരുനൂറ് ആളുകൾ—സ്ത്രീകളും പുരുഷന്മാരും—യോഗത്തിൽ സന്നിഹിതരായിരുന്നു.

"എന്റെ മക്കളുടെ കല്യാണത്തിനു് ആശാൻ എത്രബുദ്ധിമുട്ടി;" അച്ഛൻ ദീനംപിടിച്ചു കിടന്നപ്പോഴും മരിച്ചപ്പോഴും ആശാന്റെ സഹായം പറഞ്ഞാൽ ആവില്ല; "ഞങ്ങളുടെ തറവാട്ടുപൊളിഞ്ഞുപോയേനെ ആശാൻ അന്നത്തെ ഭാഗത്തിൽ ഏടപെട്ടില്ലെങ്കിൽ—" ഇങ്ങനെ അവിടെകൂടിയിരുന്ന സ്ത്രീകൾ പരേതന്റെ സൽപ്രവൃത്തികളെപ്പററി പലതും മന്ദസ്വരത്തിൽ പറഞ്ഞുകൊണ്ടിരുന്നു.

ശ്രീ: ഭാസ്കരമേനോൻ യോഗത്തിൽ അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കാൻ, തന്റെ ദേഹാസ്വാസ്ഥ്യം വകവെയ്ക്കാതെ സമ്മതിച്ചതിനെപ്പററിയും കരയോഗത്തോടു് അദ്ദേഹത്തിനുള്ള പ്രത്യേകതാല്പര്യത്തെപ്പററിയും കരയോഗം കാര്യദർശി പ്രസംഗിച്ചു. അഭിപ്രായപ്പെടലും പിൻതാങ്ങലും കഴിഞ്ഞു് അദ്ധ്യക്ഷൻ ഔപചാരികമായി വരിക്കപ്പെട്ടു.

അദ്ധ്യക്ഷൻ യോഗത്തിന്റെ ഉദ്ദേശത്തെപ്പററിയും പരേതന്റെ സ്വഭാവഗുണങ്ങളെപ്പററിയും, തനിക്കുതന്നെ പല അവസരങ്ങളിലും ഉണ്ടായിട്ടുള്ള ഉപകാരങ്ങളെപ്പററിയും സാമാന്യം ദീർഘമായി ഒരു പ്രസംഗംചെയ്തു. ഒരു അനുശോചനപ്രമേയം അവതരിപ്പിക്കുവാൻ കരയോഗം പ്രസിഡന്റ് ശ്രീ: രാമക്കുറുപ്പിനോടു് ആവശ്യപ്പെട്ടു.

ശ്രീ: കുറുപ്പ്, ആശാനും കരയോഗവുമായുള്ള ദീർഘകാലബന്ധത്തെ അനുസ്മരിപ്പിച്ചു. "കരയോഗത്തിൽ അംഗങ്ങളെ ചേർക്കാനും, കെട്ടിടത്തിനു പണം പിരിക്കാനും, മഹാസമാജത്തിന്റെ വാർഷികയോഗം കൊണ്ടാടുവാനും" ആശാൻ ചെയ്ത മഹനീയപ്രയത്നങ്ങൾ സുവർണ്ണലിപികളിൽ കരയോഗം രേഖപ്പെടുത്തിട്ടുണ്ടു്. ആ കർമ്മയോഗിയെ ഞങ്ങൾ ഹൃദയംകൊണ്ടു് എന്നും ആരാധിക്കും." എന്നൽ ഘോഷിച്ചുകൊണ്ടു് താഴെപ്പറയുന്ന പ്രമേയം അദ്ദേഹം അവതരിപ്പിച്ചു:—

"തറയ്ക്കൽ തറവാട്ടിലെ കാരണവരും ഒരു ഉത്തമസമുദായസേവകനും, ഈ കരയോഗത്തിലെ ഒരു പ്രമുഖഅംഗവും, നായർസമുദായത്തിനുവേണ്ടി പൊതുവിലും ഈ കരയോഗത്തിനുവേണ്ടി പ്രത്യേകിച്ചും സർവാത്മനാ പ്രയത്നിച്ചിട്ടുള്ള ആളുമായ ശ്രീമാൻ തറയ്ക്കൽ കൃഷ്ണപ്പണിക്കർ അവർകളുടെ അകാലനിര്യാണത്തിൽ ഈ കരയോഗാംഗങ്ങൾക്കുള്ള തീവ്രമായ ദുഃഖം രേഖപ്പെടുത്തുകയും പരേതന്റെ ആത്മാവിന് നിത്യശാന്തിപ്രാർത്ഥിക്കുകയും ചെയ്യുന്നു."

ശ്രീ: ശേഖർ—ഞാൻ ഒരു ഭേദഗതി അഭിപ്രായപ്പെടുന്നു. 'ആളും' എന്നതിനുപകരം 'മാന്യനും' എന്നാക്കണം.

ശ്രീ: ഗോപാലമേനോൻ—മറെറാരുഭേദഗതി—'കരയോഗത്തിനുള്ള' എന്നുമാററി 'ഈ ദിക്കിലെ പൊതുജനങ്ങൾക്കുള്ള' എന്നാക്കണം. കരയോഗാംഗങ്ങൾക്കു പുറമെ പലരും ഇവിടെ ഉണ്ടു്.

ശ്രീ: ബാലൻ—'പൊതുജനങ്ങൾ' എന്നു ശരിയല്ല, നായന്മാർ എന്നുമതി.

ഗോ: മേ:—ആശാൻ എല്ലാവർക്കും ഉപകാരിയായിരുന്നു.

ശ്രീ. ദീനദാസർ—'ആത്മാവിന് നിത്യശാന്തി' എന്നഭാഗം ആവശ്യമില്ല. ആത്മാവു് എന്നൊന്നില്ല എന്നാണ് എന്നെപ്പോലെയുള്ള യുവജനങ്ങളുടെ അഭിപ്രായം. പ്രമേയം വെറും മനുഷ്യത്വത്തിന്റെ പേരിൽമതി.

ഇങ്ങിനെ ഭേദഗതിയും ഭേദഗതിക്കു ഭേദഗതിയും അതിനെപ്പററിവാദവും പ്രതിവാദവും അവിടെ വലിയശബ്ദകോലാഹലമുണ്ടാക്കി. അദ്ധ്യക്ഷൻ 'ഓർഡർ ഓർഡർ' എന്നു ഉച്ചത്തിൽ വിളിച്ച് മേശപ്പുറത്തു് ഇടിച്ചു. എന്നിട്ടും ലഹള ശമിച്ചില്ല. അദ്ദേഹം ക്ഷോഭിച്ചു എഴുന്നേററ് സ്ഥാനത്തുനിന്ന് ഒന്നുമാറിനിന്നു ഉറക്കെ വിളിച്ചുപറഞ്ഞു. "നിങ്ങളെല്ലാവരും ഇരിക്കുവിൻ. ഇതെന്തൊരാഭാസമാണ്. മാന്യരെ, ഇരിക്കുവിൻ. ഇനിയും ഇങ്ങനെ തുടരു

അമ്പാടി ഇക്കാവമ്മ

കയാണെങ്കിൽ യോഗം പിരിയേണ്ടിവരും."

സഭ അല്പം ശാന്തമായി. അദ്ധ്യക്ഷൻ ഭേദഗതികൾ ഓരോന്നായി ഉന്നയിക്കുവാൻ ആവശ്യപ്പെട്ടു. വാദങ്ങൾ പിന്നെയും ഉണ്ടായി. "ഈ യോഗത്തിൽ ശാന്തത പ്രത്യേകം വേണ്ടതാണ്" എന്ന് അദ്ധ്യക്ഷൻ ഇടയ്ക്കിടയ്ക്കു് ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു.

ഒടുവിൽ 'മാന്യ'നെന്നും, 'പൊതുജനങ്ങൾ' എന്നുംതിരുത്തിയും, 'ആത്മാവിന്റെ നിത്യശാന്തി' തള്ളിയുംപ്രമേയം അവതരിപ്പിച്ചു. പ്രമേയത്തെ പിൻതാങ്ങി പലരും പ്രസംഗിച്ചു. ചിലരുടെ തൊണ്ടയിടറി. ചിലരുടെ കണ്ണിൽ വെള്ളംനിറഞ്ഞു. പലരും ആശാൻ അവർക്കുചെയ്തിട്ടുള്ള ഉപകാരങ്ങളെ പുകഴ്ത്തി അളവററ കൃതജ്ഞതപ്രദർശിപ്പിച്ചു. പ്രമേയം എല്ലാവരും എഴുന്നേററു കണ്ണടച്ചുനിന്ന് ഐകകണ്ഠ്യേന പാസ്സാക്കി.

തുടന്ന്, പരേതന്റെ ഒരു ഛായാപടം കരയോഗത്തിൽ വെയ്ക്കേണ്ടതാണെന്ന് ഒരഭിപ്രായം ഒരാൾ കൊണ്ടുവന്നു.

ചോദ്യം—ആരുടെ ചെലവിന്മേൽ?

ഉത്തരം—കരയോഗംചെലവിൽ.

ചോദ്യം—അപ്പോൾ ഇതിനുമുമ്പു അന്തരിച്ച പലരുടേയും ഛായാപടം വേണമെന്ന അഭിപ്രായം വരുന്നക്കും.

കാര്യദർശി—ഏതായാലും ഈ വർഷത്തെ ബഡ്ജററിൽ അതിനു പണം അനുവദിച്ചിട്ടില്ലാത്തതുകൊണ്ടും, ഈ വിഷയം കരയോഗത്തിന്റെ കാര്യവിചാരയോഗത്തിൽ തീരുമാനിക്കേണ്ടതാകകൊണ്ടും, വരുന്ന വാർഷികയോഗംവരെ ഇതു മാററിവെയ്ക്കേണ്ടതാണ്—എന്നു പറഞ്ഞു. അതെല്ലാവരും സമ്മതിച്ചു.

അദ്ധ്യക്ഷൻ ഉപസംഹാരപ്രസംഗത്തിനു എഴുന്നേല്ക്കാൻഭാവിച്ചു. അപ്പോൾ പിന്നിലെ വരിയിൽനിന്നു ശ്രീ: ചന്ദ്രചൂഡൻ എഴുന്നേററുനിന്ന് 'സർ, എനിക്കു രണ്ടു വാക്കു പറയാനുണ്ട്' എന്നു പറഞ്ഞു.

അദ്ധ്യക്ഷൻ—പറയാമല്ലോ.

ച:—മാന്യജനങ്ങളേ! എനിക്കു പണിക്കരാശാനുമായി നേരിട്ടു പരിചയപ്പെടാൻ ഇടവന്നില്ല. ഇത്രത്തോളം മഹാമനസ്കതയുള്ള ഒരാളുടെ സംസർഗ്ഗത്തിനു സംഗതിവന്നില്ലല്ലോ എന്നു ഞാൻ വ്യസനിക്കുന്നു. അതിരിക്കട്ടെ; പഠിപ്പും പണവും പദവിയുമുള്ള പലരും ഇവിടെ പ്രസംഗിച്ചു. ചിലർ അദ്ദേഹത്തിന്റെ കാര്യശേഷിയും ശേമുഷിയും പുകഴ്ത്തി. ചിലർ



നർത്തകികൾക്കു സ്വീകരണം—സാഡ്ലേഴ്സ് വെൽസ് ബാല്ലററു അംഗങ്ങൾ അമേരിക്കൻ പര്യടനം കഴിഞ്ഞു തിരിച്ചെത്തിയപ്പോൾ റായൽ ഓപ്പറാഹൗസിൽവച്ചു അവർക്കു ഒരു സൽക്കാരം നൽകപ്പെടുകയുണ്ടായി. ബാല്ലററു കമ്പനിയിലെ ഒരംഗമായ മോയ്റാ ഷീറെമായി ധനകാര്യസെക്രട്ടറി സർ സ്റ്റാഫോർഡ്ക്രിപ്സ് അമേരിക്കൻ പര്യടനത്തെപ്പററിയും—അവിടെനിന്നും ലഭിച്ച ഡാളറിന്റെ തുകയെപ്പററിയും സംഭാഷണം നടത്തുന്നു.

സത്യസന്ധതയും സദാചാരത്തേയും സ്തുതിച്ചു. ചിലർ കാന്തിയും ശാന്തതയും വാഴ്ത്തി. പലരും അദ്ദേഹത്തിന്റെ കടപ്പാടിന്റെ കണക്കുകൂട്ടി. ചിലർ തൊണ്ടയിടറി. ചിലർ കണ്ണുതുടച്ചു. ഇതുകൊണ്ടെല്ലാം ഇനി എന്തു പ്രയോജനം? ആ പുണ്യവാന്റെ ദേഹം ഭസ്മമായി. ഇനി നമുക്ക് അദ്ദേഹത്തിനായി ഒന്നും ചെയ്യാനില്ല; ചെയ്വാൻ സാധിക്കയുമില്ല. എന്നാൽ അദ്ദേഹം സ്നേഹിക്കുകയും പുലത്തുകയും ചെയ്തിരുന്ന ഒരു സഹോദരിയും രണ്ടു കുട്ടികളും ഇന്നുമുണ്ട്. അവരെപ്പററി ആരും ഒരു വാക്കുപോലും പറഞ്ഞുകേട്ടില്ല. അവരുടെ ഗതി ഇനിമേൽ എന്താണെന്ന് ആരെങ്കിലും ആലോചിച്ചുവോ? ആശാനും അവരും, അവരുടെ കഷ്ടസ്ഥിതി ആഭിജാത്യംകൊണ്ടു മാച്ചുവച്ച് ഇത്രകാലം കഴിച്ചുകൂട്ടി. ആശാന്റെ മൂത്ത ഭാഗിനേയൻ, കോളേജുവിദ്യാർത്ഥി, എന്റെ ഒരു ആപ്തമിത്രമാണ്. അതുകൊണ്ട് അവരുടെ ഉള്ളുകള്ളികൾ എന്താണെന്നൊക്കെ എനിക്കറിയാം. അതു തുറന്നു പറയുന്നതിൽ അവർക്കു പരിഭവമുണ്ടെങ്കിൽ അവരോടു ഞാൻ മാപ്പപേക്ഷിക്കുന്നു. അവർ ഇന്ന് അനാഥരാണെന്നുള്ളതു വെറും വാസ്തവമാണ്. ഇന്ന് ആശാന്റെ അടിയന്തിരം—ശേഷക്രിയമാത്രം—എങ്ങനെ കഴിഞ്ഞുവെന്ന് ആരെങ്കിലും അന്വേഷിച്ചുവോ? അദ്ദേഹത്തിന്റെ ആത്മാവിന് ചിലർ ഇവിടെ നിത്യശാന്തി പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ സ്നേഹഭാജനങ്ങൾ ഇങ്ങനെ ദുഃഖമനുഭവിക്കുമ്പോൾ അദ്ദേഹത്തിന്റെ ആത്മാവിനു ശാന്തിയുണ്ടാകുമെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അദ്ദേഹം ആസ്പത്രിയിൽ കിടന്നപ്പോൾ ഭക്ഷണംകൊടുക്കാനും മരുന്നുവാങ്ങാനും ആ കുട്ടികൾ കിടന്നു കഷ്ടപ്പെട്ടതു് എനിക്കറിയാം. എത്ര രോഗികളെ ആശാൻ മരണംവരെ ശുശ്രൂഷിച്ചു. എത്ര പതിനാറടിയന്തരം അദ്ദേഹം നടത്തിക്കൊടുത്തു. ഇന്ന് അദ്ദേഹത്തിന്റെ പ്രിയസഹോദരി തന്റെ ഇരുളടഞ്ഞ ഭാവിയെ ഓർത്തു് ഇടഞ്ഞു് പൊട്ടിക്കരയുന്നതും, ആശാന്റെ ആശയും അഭിമാനവും ആനന്ദവുമായ ആ രണ്ടു ഭാഗിനേയന്മാർ—നിസ്സഹായരായ വിദ്യാർത്ഥികൾ—എന്തു ചെയ്യേണ്ടു എന്നറിയാതെ അമ്പരന്നുനിൽക്കുന്നതും മനക്കണ്ണുകൊണ്ടു നിങ്ങൾക്കു കാണരുതോ! സുഹൃത്തുക്കളേ, നിങ്ങളുടെ ഹൃദയം പിടയ്ക്കുന്നില്ലേ?, തല പുകയുന്നില്ലേ?

മഹാജനങ്ങളേ—ഈ പൊള്ളപ്രസംഗങ്ങൾകൊണ്ട് ഒരു കാര്യവുമില്ല. അനുശോചനവും കൃതജ്ഞതയും പ്രവൃത്തിയിൽ കാണണം. ആശാന്റെ കുടുംബത്തെ രക്ഷിക്കേണ്ടതു നമ്മുടെ കടമയാണ്. നമുക്ക് ഒരു നല്ല സംഭാവന പിരിക്കണം. ഞാൻ ഒരു വെറും പത്രലേഖകനാണെന്നു നിങ്ങൾക്കറിയാം. 'ഇതാ എന്റെ വക ൫൦ ക യുടെ അനുശോചനം' എന്നു പറഞ്ഞു്, "ചന്ദ്രചൂഡൻ-൫൦ ക" എന്നെഴുതിയ ഒരു കടലാസും ൫൦ കയും അയാൾ അദ്ധ്യക്ഷന്റെ മേശമേൽവെച്ചു; പ്രസംഗം തുടർന്നു. ഇവിടെനടന്ന പ്രസംഗങ്ങളുടെ ദൈർഘ്യത്തിനനുസരിച്ചും കൃതജ്ഞതയുടെ വലുപ്പത്തിനനുസരിച്ചും എല്ലാവരും ഓരോ നല്ല സംഖ്യ ഇപ്പോൾതന്നെ ഈ കടലാസിൽ എഴുതിയാൺവാൻ ഞാൻ ആഗ്രഹിക്കുന്നു. പണം തൽക്കാലം ആരും കൊണ്ടുവന്നിരിക്കില്ലെന്നെനിക്കറിയാം. അതുകൊണ്ടു തരക്കേടില്ല. ലിസ്റ്റിൽ എഴുതിയാൽ മതി. പിരിക്കുന്ന കാര്യം ഞാൻ ഏററു. സംഭാവന തന്നവരുടേയും തരാത്തവരുടേയും പേരുകൾ 'കേരളകാഹളത്തിൽ' പ്രസിദ്ധപ്പെടുത്തിക്കാണാം. ചന്ദ്രചൂഡൻ അല്പം മാറി അദ്ധ്യക്ഷന്റെ പിന്നിലായി നിന്നു.

രംഗം നിശ്ശബ്ദമായി. എല്ലാവരും മുഖത്തോടുമുഖം നോക്കി. അദ്ധ്യക്ഷൻ കരയോഗം പ്രസിഡണ്ടിനെ വിളിച്ചു് എന്തോ മന്ത്രിച്ചു. ചന്ദ്രചൂഡന്റെ പ്രസംഗം സഭാവാസികളുടെ മുഖങ്ങളിൽ പലവിധ ക്ഷോഭങ്ങളും ഉണ്ടാക്കി; ചിലർക്കൊക്കെ ഭയം- ചിലർക്കു ലജ്ജ, ചിലർക്കു വ്യസനം. അതിനിടയ്ക്കു സ്ത്രീകളുടെ ഇടയിൽനിന്നു ഒരു യുവതി സംഭ്രമംകൊണ്ട് കണ്ണുതുടച്ചു് എഴുന്നേററുവന്ന് ഒരു സ്വർണ്ണവള മേശപ്പുറത്തുവച്ചു. പിന്നാലെ രണ്ടു വളകളും, മൂന്നു മോതിരവും ഒരു ചങ്ങലയും മേശമേൽ എത്തി. പുരുഷന്മാർ ഒന്ന് അന്യോന്യം നോക്കി. അവർ ആയിരത്തിഅഞ്ഞൂറും അൻപതും ആയി വരിയിട്ടു. ആകെ ൧൫൦൦ ക കടലാസിലായി.

ആഭരണങ്ങൾ അപ്പോൾതന്നെ ലിസ്റ്റോടുകൂടി പരസ്പരസഹായസംഘം ബാങ്കുമാനേജരെ അദ്ധ്യക്ഷൻ ഏല്പിച്ചു.

ഉപസംഹാരപ്രസംഗവും അതിനെത്തുടർന്നുള്ള കൃതജ്ഞതാപ്രകടനവും അരമിനിറ്റിൽ കഴിഞ്ഞു.

സഭ നിശ്ശബ്ദമായി പിരിഞ്ഞു. ചന്ദ്രചൂഡൻ കൃതാർത്ഥതയോടെ ഇറങ്ങിപ്പോയി.

പിറേറദിവസത്തെ കേരളകാഹളത്തിൽ "അനുശോചനത്തിന്റെ വില" എന്നൊരു ലേഖനമുണ്ടായിരുന്നു.

# വ്യാഖ്യാതൃവൈദഗ്ധ്യം

കൊട്ടപ്പുന്ന

"കവിതാരസചാതുര്യം
വ്യാഖ്യാതാവേത്തിനോ കവി"

കവിതാരസചാതുര്യം വേണ്ടവണ്ണം ഗ്രഹിക്കുന്നതു് വ്യാഖ്യാതാവാണത്രേ! സൃഷ്ടിമാത്രൈകതാനമായ കവിഹൃദയം സൃഷ്ടിസ്ഥിതിസംഹാരസമർത്ഥമായ വ്യാഖ്യാതൃബുദ്ധിയുടെ മുമ്പാകെ ചേടനിവിശേഷം നിലകൊള്ളുകയാണത്രേ!!

ചിലപ്പോൾ ബോധവാനായും, പലപ്പോൾ അബോധവാനായും, കാവ്യസൃഷ്ടിയിൽ വ്യാപൃതനാകുന്ന കവിക്കു് "അധീതി ബോധാചരണ പ്രചരണ" ക്ഷമമായ വ്യാഖ്യാതൃ പാണ്ഡിത്യത്തെ പ്രദക്ഷിണം വയ്ക്കാതെ കടന്നുപോവാനാവില്ലെന്നർത്ഥം. അഥവാ, സ്വാഖ്യാപരങ്ങൾ പ്രയോജനശൂന്യങ്ങളായിത്തീരുകയാവും ഫലം. കവിയുടെ കരണപ്രതികരണങ്ങളെ അഗാധതലത്തോളം ശാസ്ത്രീയ സഹൃദയതയോടെ ബോധിച്ചു്, ആ ബോധത്തെ വികിരണം ചെയ്യുക എന്നതാണ് വ്യാഖ്യാതാവിന്റെ ആദ്യവസാനകൃത്യം. അതു് എത്രയോ ദുഷ്കരമായൊരു നിർവ്വഹണമാണ്!

കവി ഗോചരീഭൂതങ്ങളാകുന്ന പദവാക്യങ്ങളെ എടുത്തെടുത്തു് ഏതെങ്കിലുമൊരു ആർത്ഥികലക്ഷ്യത്തിലേക്കു് കൊണ്ടുചെന്നെത്തുമ്പോൾ; വ്യാഖ്യാതാവാകട്ടെ തത്തൽ പദവാക്യാദികളെ പ്രമാണതേന്ന അപഗ്രഥിച്ചും, ഉദ്ഗ്രഥിച്ചും, അനുവാചകർക്കു് പാഠ്യങ്ങളും, രസ്യങ്ങളുമാക്കിത്തീർക്കുന്നു. അനേകധാ കവികാവ്യപരിവിതം അവിടെ അഭിവ്യഞ്ജിക്കുന്നു. ലൗകികങ്ങളും, അലൗകികങ്ങളുമായ നാനാവിഷയങ്ങളിൽ നിഷ്ണാതമായ ബുദ്ധിയും, കവിമർമ്മഗ്രാഹിയായ ഹൃദയവും, പരസ്പരം ആചരിക്കുന്ന സംവാദമാണ് യഥാർത്ഥവ്യാഖ്യാനം.

പക്ഷേ; വിമർശവർജ്ജമായ ഗുണപക്ഷപാതിത്വംകൊണ്ടാവണം വ്യാഖ്യാനം ഒരു "സൃഷ്ടി" എന്നപദത്തെ അധിരോഹിക്കുന്നില്ല. തന്മൂലം അതിന് സ്വതന്ത്രമായ സത്തയും, ലഭിക്കുന്നില്ല. സർവ്വോപരി കവിമതിയെപ്പോലെത്തവണ്ണം കാവ്യത്തെ അനുസരിക്കുകമാത്രമേ ചെയ്യുന്നുള്ളു വ്യാഖ്യാനകാരൻ. ഈ പാണ്ഡിത്യപ്രകടനസമ്പ്രദായം ഏറെക്കുറെ അപലപനീയമെങ്കിലും സംസ്കൃതസാഹിത്യത്തിൽ വ്യാഖ്യാനത്തിന് അനന്യദുർല്ലഭമായൊരു സ്ഥാനം സ്വാധീനപ്പെട്ടിട്ടുണ്ട്. പോരാ; അതൊരു സാഹിത്യശാഖയെന്ന നിലയോളം ഉയർന്നിട്ടുണ്ട്. സ്രഷ്ടാവായ കവിയേക്കാൾ അഹർന്നിശം പരസ്കാരകനായ വ്യാഖ്യാതാവിന് കൈവരിക അത്ഭുതം തന്നെ.

സംസ്കൃതഭാഷയിലെ എണ്ണപ്പെട്ട പല കൃതികളും ജീവിക്കുവാൻ ഇടയായതുകൂടി വ്യാഖ്യാതാക്കളുടെ കൈമിടുക്കുകൊണ്ടാണ്. കാളിദാസകൃതികൾക്ക് നിപുണനിപുണം വ്യാഖ്യാനം ചമച്ച കോലാചലമല്ലിനാഥൻ പ്രസ്താവിക്കുന്നു:- ആ കവിസാർവ്വഭൌമന്റെ കൃതികൾ "ദുർവ്യാഖ്യാവിഷമൂർച്ഛിതകൾ" ആയിരുന്നു എന്ന്. അപണ്ഡിതത്വംകൊണ്ട് കാവ്യഗതത്തെ അറിയാതെ രചിക്കപ്പെട്ടന്ന വ്യാഖ്യാനങ്ങളാണല്ലോ ദുർവ്യാഖ്യാനങ്ങൾ. അപ്പോൾ കാളിദാസപുനരുജ്ജീവനത്തിന് മല്ലിനാഥന്റെ വ്യാഖ്യാനങ്ങൾ സഹായകങ്ങളായി എന്നുവരുന്നു. പഠിതാക്കൾക്ക് കാവ്യഭാവം സുഗ്രഹമായി, ഉപസ്ഥിതമായെങ്കിലല്ലേ കവിയും, കാവ്യവും ശാശ്വതപ്രതിഷ്ഠ നേടുകയുള്ളൂ. പ്രത്യുത, വ്യാഖ്യാനം ലഭിക്കാതെ പല കൃതികളും നഷ്ടപ്രായങ്ങളായിട്ടുണ്ടെന്നഗവേഷകമതം വ്യാഖ്യാനമഹത്വത്തെ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു.

സംസ്കൃതഭാഷയുടേയും, സാഹിത്യത്തിന്റേയും ചരിത്രത്തിൽ വ്യാഖ്യാതാക്കൾ ഇല്ലാതിരുന്ന ഘട്ടങ്ങൾ ദർശിക്കുവാൻ സാധിക്കും. കാളിദാസൻ പൂർവ്വവും പരവുമായ കാലങ്ങൾ പ്രത്യേകം പ്രസ്താവ്യങ്ങളുമാണ്. സംസ്കൃതഭാഷയ്ക്കും, തൽസാഹിത്യത്തിനും, സംഭവിച്ച സ്തംഭനം കാളിദാസന് മുമ്പും പിമ്പുമായിട്ടാണല്ലോ നീണ്ടറിയുന്നതു്. ചുരുക്കിപ്പറഞ്ഞാൽ കാളിദാസീയകൃതികൾക്കും, സമകാലീനകൃതികൾക്കും മാത്രമേ സമുചിതമായ വ്യാഖ്യാനം സിദ്ധിച്ചിട്ടുള്ളു. "പദവാക്യപ്രമാണപാരാവാരപാരീണനായ മല്ലിനാഥസൂരിയുടെ സേവനമാണ് അവിടെ ദ്രഷ്ടവ്യം. തത്താദൃശപാണ്ഡിത്യം സമ്പാദിച്ച പ്രഗത്ഭന്മാരുടെ അഭാവം ആനന്തരികകൃതികൾക്കൊക്കെ അപമൃതിവരുത്തിയിട്ടുണ്ട്. "നാമൂലം ലിഖ്യതേകിഞ്ചിൽ—നാനപേക്ഷിതമുച്യതേ." എന്ന വ്യാഖ്യാതൃനിഷ്ഠ പാലിക്കണമെങ്കിൽ വിവിധശാഖാവികസിതമായ പാണ്ഡിത്യം അത്യന്താപേക്ഷിതമാണല്ലോ.

കാളിദാസനെപോലും പ്രാതഃസ്മരണീയനായ ഭാസമഹാകവിയുടെ കൃതികൾ അപ്രഥിതങ്ങളും, നിരുദ്ധഗുണങ്ങളുമായിത്തീരാനുണ്ടായ കാരണം വ്യാഖ്യാതൃലാളനം തൽകൃതികൾക്കു് ലബ്ധമായില്ലെന്നുള്ളതാണ്. ചിലേടങ്ങളിൽ മാത്രമല്ല; പലേടങ്ങളിലും കാളിദാസനാടകങ്ങളെക്കാൾ സമുന്നതങ്ങളാണ് ഭാസനാടകങ്ങൾ എന്ന വസ്തുത നിസ്തർക്കമാണല്ലോ. എന്നാൽ, ശാരീനോല്ലേഖനസൗകര്യം നേടാനാവാതെ അവ ജീർണ്ണാകരങ്ങളിലങ്ങനെ വീണടിയേണ്ടിവന്നു. വേദനാകരമായ ആ അവസ്ഥയ്ക്കു് ഭിന്ദ്മാത്രഭഞ്ജനം സംഭവിച്ചതു് കേരളത്തിൽ വച്ചാണെന്നപരമാർത്ഥം കേരളീയർക്ക് അഭിമാനാവഹമാകുന്നു. കേരളത്തിന്റേയും, കേരളീയരുടേയും, സംസ്കൃതഭാഷാപ്രതിപത്തിയും, പാണ്ഡിത്യധാർഷ്ട്യവും സർവ്വാദിതവുമാണല്ലോ.

"ഭാസനാടകചക്ര"മെന്ന് പ്രസിദ്ധമായ നാടകപംക്തിയിലെ പല നാടകങ്ങളും കേരളത്തിന്റെ സപര്യമൂലം പുനരുജ്ജീവനം പ്രാപിച്ചിട്ടുണ്ട്. അതേവ്യാഖ്യാനവും, പ്രസാധനവുംകൊണ്ട് ആലോകസുന്ദരമായിട്ടുണ്ട്. സംസ്കൃതഗ്രന്ഥങ്ങൾക്ക് വ്യാഖ്യാനം രചിക്കുന്നതിൽ പാണ്ഡിത്യപ്രഭാവത്തെ ഫലപുഷ്ടമാക്കിത്തീർത്ത തിരുവനന്തപുരം ഗ്രന്ഥശേഖരശാലാധികൃതർ തദ്വാരാ മഹത്തരമായൊരു സാഹിത്യസേവനം സാധിച്ചുകഴിഞ്ഞു.

മററൊരു മല്ലിനാഥനായ ടി. ഗണപതിശാസ്ത്രികളെക്കുറിച്ചാണിവിടെ സൂച്യവും, സൂചിതവും. ആ പണ്ഡിതസാർവ്വഭൗമന്റെ വ്യാഖ്യാനവൈദഗ്ദ്ധ്യവും പാണ്ഡിത്യവൈഭവവും, എത്രമാത്രമെന്ന് നാം അറിഞ്ഞിരിക്കയില്ല. അഥവാ; അതിനുതക്ക അഭ്യാസസംസ്കാരം നാം ആർജ്ജിച്ചിട്ടില്ല. അല്ലെങ്കിൽ, വിശപ്രശസ്തരായ സംസ്കൃതപണ്ഡിതന്മാർക്കാകെ ശാസ്ത്രികൾ ആരാദ്ധ്യനായിരുന്നു എന്ന മാനദണ്ഡമേ നമുക്ക് അംഗീകരിക്കേണ്ടു. ശാസ്ത്രികളുടെ ഛായാചിത്രം അനാച്ഛാദനം ചെയ്തുകൊണ്ട് ശ്രീ: രാധാകൃഷ്ണൻ നടത്തിയ പ്രസംഗത്തിൽ ആ സത്യാംശം വളരെ പ്രകടമായിരുന്നു.

ഭാസകൃതികളുടെ വ്യാഖ്യാനത്തിലൂടെയാണ് കേരളീയഹൃദയങ്ങളിൽ അദ്ദേഹം ലബ്ധപ്രതിഷ്ഠനായതു്. ഭാസന്റെ പല നാടകങ്ങൾക്കും, ആ പാണ്ഡിത്യം വ്യാഖ്യാനസംഭാവന നൽകിയിട്ടുണ്ടെങ്കിലും, സ്വപ്നവാസവദത്തത്തിന്റെ വ്യാഖ്യാനമാണ് സർവ്വോൽകൃഷ്ടം എന്നു ഞാൻ വിചാരിക്കുന്നു, കാരണമുണ്ട്. മല്ലിനാഥന്റെ രീതി അതിലാണ് തികച്ചും വിജയം നേടിയിരിക്കുന്നതു്.

കവിഗതത്തെ വേണ്ടവിധം മനസ്സിലാക്കിയ സ്വപ്നവാസവദത്തവ്യാഖ്യാനം "നാമൂലം ലിഖ്യതേ കിഞ്ചിൽ—നാനപേക്ഷിതമുച്യതേ" എന്ന മല്ലിനാഥമുദ്രയെ അനുപദം അനുഷ്ഠിക്കുന്നു. ഇതരവ്യാഖ്യാനങ്ങളുമായി ഇടതട്ടിച്ചു് കാണേണ്ടതാണെങ്കിലും, ആ ബൃഹത്പ്രയത്നത്തിന് ഉദ്യമമില്ലിവിടെ. ഗ്രന്ഥവിസ്തരത്തിന് അർഹമാണ് ആ ഉദ്യമം. കാവ്യവ്യാഖ്യാനത്തെക്കാളേറെ ദുഷ്കരമായ നാടകവ്യാഖ്യാനത്തിൽ വിജയം വരിക്കുക നിസ്സാരകാര്യമല്ല. ശാകുന്തളത്തിനു മാറും വ്യാഖ്യാനം രചിച്ചിട്ടുള്ള രാഘവഭട്ടപ്രഭൃതികൾ ഗണപതിശാസ്ത്രികളുടെ വ്യാഖ്യാനത്തിനു മുമ്പാകെ ബദ്ധാഞ്ജലികളാവാതെവരില്ല. നാട്യശാസ്ത്രസംബന്ധിയായ അഗാധപാണ്ഡിത്യവും, സാങ്കേതികപരിജ്ഞാനവും. സർവ്വോപരി പ്രാകൃതാർത്ഥബോധവും നാടകവ്യാഖ്യാതാവിന് അത്യന്താപേക്ഷിതമാണ്. ഒരു കാവ്യത്തിനോ, മഹാകാവ്യത്തിനോ, വ്യാഖ്യാനംചമച്ച എന്ന മാനദണ്ഡം നാടകത്തെ സംബന്ധിച്ചിടത്തോളം ദൂരാൽസ്പൃഷ്ടംപോലും ആവുകയില്ല.

ഗണപതിശാസ്ത്രികൾ സ്വപ്നവാസവദത്തത്തിൽ അദ്ഭുതപൂർവമാംവിധം വിജയിക്കാൻ തക്ക ഒരു കാരണം ആ നാടകഗ്രന്ഥം സഹൃദയത്തെ മറെറന്തിലുംമീതെ സ്പർശിക്കയുണ്ടായി എന്നതാവണം. കേവലം വ്യാഖ്യാനത്തിനുവേണ്ടി വ്യാഖ്യാനമല്ലാതാകണമെങ്കിൽ സ്വീകൃതം വ്യാഖ്യാതാവിനെ ആകർഷിച്ചിരിക്കണമല്ലോ. ആ സൗഭാഗ്യം സ്വപ്നവാസവദത്തത്തിന് സിദ്ധിച്ചു എന്നഭിമാനിക്കുക.

അതിനാൽ, സംസ്കൃതസാഹിത്യവും, തദ്വാരാ മലയാളവും, ശാസ്ത്രികളോടു് ഋണബദ്ധങ്ങളായിരിക്കുന്നു. ഭാസമഹാകവിയെ ജീവിപ്പിക്കാൻ പല ശതാബ്ദങ്ങൾക്കുശേഷം ദാക്ഷിണാത്യനായൊരു ഗണപതിശാസ്ത്രികൾ വേണ്ടിവന്നു. അതേ, വേണ്ടിവന്നു. സ്വപ്നവാസവദത്തവ്യാഖ്യാനത്തിന്റെ ഗുണോത്തരതയെ സ്പഷ്ടീകരിക്കുവാൻ കാളിദാസൻ, ഭവഭൂതി മുരാരി തുടങ്ങിയ പ്രശസ്തകവികളുടെ നാടകങ്ങൾക്കുണ്ടായ വ്യാഖ്യാനങ്ങൾ എടുത്തുവച്ചു് താരതമ്യംചെയ്യേണ്ടതു് അനുപേക്ഷ്യമാകുന്നു. പക്ഷേ, അതു് മറെറാരു ഉപന്യാസത്തോളം നീങ്ങിനില്ക്കട്ടെ.

ഒരുകാര്യംകൂടി പറഞ്ഞീലേഖനം അവസാനിപ്പിക്കുകയാണ്. എന്താണെന്നോ? സംസ്കൃതഭാഷാപോഷണത്തിന് ആപ്തകങ്കണരായ കേരളീയപാരമ്പര ഗണപതിശാസ്ത്രികളുടെ വ്യാഖ്യാനങ്ങൾ ശരിയ്ക്കുശരി കേരളഭാഷയിലേക്ക് വിവർത്തനം ചെയ്യേണ്ടതാണ്. വ്യാഖ്യാനമില്ലാത്ത മലയാളഭാഷയ്ക്കു് അതു് ഒരു സൌഭാഗ്യമായിരിക്കും.



# *ചോദ്യവും ഉത്തരവും

വിവർത്തകൻ എസ്. ചന്ദ്രശേഖരൻനായർ, അഖിലഭാരതചർക്കാസംഘപ്രവർത്തകൻ

(വാർധായിൽവച്ചു നടന്ന നൂൽപ്പു ഉപകരണസമ്മേളനത്തിൽ നിർമ്മാണപ്രവർത്തകന്മാർ ശ്രീ: വിനോബായോട് ചോദിച്ച ചോദ്യങ്ങളും, അതിനുള്ള അദ്ദേഹത്തിന്റെ മറുപടിയും.)

ചോദ്യം—ഫ. യു. പി-യുടെ പശ്ചിമപ്രാന്തങ്ങളിലുള്ള ഗ്രാമങ്ങളിൽ വിദ്യുച്ഛക്തി വിതരണം ഏർപ്പെട്ടുകഴിഞ്ഞിരിക്കുന്നതിനാൽ അവിടങ്ങളിലെ ചെറിയ ചെറിയ കൈത്തൊഴിലുകൾപോലും വിദ്യുച്ഛക്തിയുടെ സഹായത്തോടുകൂടിയാണ് നടന്നുവരുന്നതു്. അവിടങ്ങളിലുള്ള നൂൽപ്പുകാർ വിദ്യുച്ഛക്തി ഘടിപ്പിക്കപ്പെട്ടിട്ടുള്ള യന്ത്രങ്ങളുടെ സഹായത്തോടുകൂടി പഞ്ഞി അടിച്ചു് നൂല്ക്കുന്നതിന് ആവശ്യമായ പഞ്ഞിത്തിരി തയ്യാറാക്കുവരുന്നു. ഈ യന്ത്രങ്ങളിലൂടെ വർഷകാലമെന്നും, വേനൽക്കാലമെന്നും ഉള്ള ഭേദമില്ലാതെ എല്ലായ്പോഴും ഒരേവിധത്തിലുള്ള പഞ്ഞിത്തിരി തയ്യാറാക്കാൻ സാധിക്കുന്നതിനും പുറമേ അവ കൈവശംകൊണ്ടു തയ്യാറാക്കി എടുക്കുന്ന പഞ്ഞിത്തിരിയെ അപേക്ഷിച്ചു് ഗുണപ്രദമായും കാണുന്നുണ്ടു്. കൂലിയും വളരെ കുറവാണ്. ഇപ്രകാരമുള്ള സൗകര്യങ്ങളെല്ലാം ഉണ്ടായിട്ടും, പഞ്ഞി വെട്ടുന്നതിന് വിദ്യുച്ഛക്തിയെ ആശ്രയിക്കുന്നതു തെറ്റാണെന്നാണോ അങ്ങയുടെ അഭിപ്രായം?

ഉത്തരം—ഞാൻ വിദ്യുച്ഛക്തിയുടെ വിരോധിയല്ല. സൂര്യനെപ്പോലെ വിദ്യുച്ഛക്തിയും ഒരു പ്രകൃതിശക്തിയാകുന്നു. നമുക്കതിനെ ഉപയോഗപ്പെടുത്താവുന്നതാണ്. പക്ഷേ അതിനെ ഉപയോഗിക്കേണ്ടതു എവിടെയാണെന്നും, ഉപയോഗിച്ചുകൂടാത്തതു എവിടെയാണെന്നും നാം മനസ്സിലാക്കേണ്ടതാണ്. വിദ്യുച്ഛക്തിയുടെ സഹായത്തോടുകൂടി പഞ്ഞിവെട്ടുന്നതുകൊണ്ടു് കൂലിക്കു ലാഭമുണ്ടെന്നു വരികിലും നൂൽപ്പുകാർ അതുമൂലം പരാശ്രയരായി ഭവിക്കുന്നു എന്നുള്ള വസ്തുതയെ ഞാൻ പ്രത്യേകം അനുസ്മരിപ്പിച്ചുകൊള്ളുന്നു. കൃഷിക്കാർ തങ്ങളുടെ നിലങ്ങളിൽ കൃഷിചെയ്തുണ്ടാക്കുന്ന കരുപ്പരുത്തി അവരവരുടെ വീടുകളിൽവച്ചുതന്നെ മണയിൽ അരച്ചു (മണ=പരുത്തിക്കുരു കളയുന്നതിന് മരംകൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ള ഒരു ഉപകരണം) കൈവില്ലുകൊണ്ടു അടിച്ചു തിരിയാക്കി നൂല്ക്കുകയാണെന്നുണ്ടെങ്കിൽ തങ്ങൾക്കു ആവശ്യമുള്ള വസ്ത്രത്തിനു മറ്റുള്ളവരെ ആശ്രയിക്കാതെ കഴിഞ്ഞുകൂടാം. എന്നു മാത്രമല്ല, വീട്ടിൽ ചെയ്തുതീർക്കാവുന്ന ഒരു സംഗതിക്കായി ഗ്രാമത്തെയോ, ഗ്രാമത്തിൽ ചെയ്തുതീർക്കാവുന്ന സംഗതിക്കായി നഗരത്തെയോ ആശ്രയിക്കാൻ പാടില്ലെന്നുള്ളതാണ് സ്വാവലംബനപദ്ധതിയുടെ മൂലതത്വം.

രണ്ടാമതായി നമ്മുടെ ലക്ഷ്യം സാധുജനസംരക്ഷണമാണല്ലോ? വിദ്യുച്ഛക്തി ഉപയോഗിക്കുന്നതുമൂലം വ്യയംചെയ്യുന്ന തുകയിൽ ഏറിയകൂറും വൻകിടമുതലാളിമാരുടെ പണപ്പെട്ടികളിലാണ് ചെന്നു പതിക്കുന്നതു്. എന്തുകൊണ്ടെന്നാൽ വൻതരം യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും, അതിൽനിന്നും വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനും ആവശ്യമായ ധനവും, കഴിവും അവർക്കു മാത്രമാണുള്ളതു്. ഗ്രാമങ്ങൾതോറും വിദ്യുച്ഛക്തിവിതരണം ചെയ്യപ്പെടുകയും, അതിനെ ആശ്രയിച്ചു ചെറിയ ചെറിയ യന്ത്രത്തൊഴിൽശാലകൾ ഏർപ്പെടുകയും ചെയ്തുവെന്നാൽ, അതിൽനിന്നും ലഭിക്കുന്ന ആദായം മുഴുവനും മദ്ധ്യമവർഗ്ഗങ്ങൾക്കാണ് ചെന്നുചേരുന്നതു്. അതായതു വിദ്യുച്ഛക്തി മുതലായ യന്ത്രങ്ങൾമുഖേന ഒന്നാമതായി ധനികവർഗ്ഗത്തിന്, രണ്ടാമതായി മദ്ധ്യമവർഗ്ഗത്തിനുമാണ ആദായം ഉണ്ടാകുന്നതു്. അവസാനമായി മാത്രമേ സാധുക്കൾക്കു വല്ല സഹായവും ഉണ്ടാകാൻ തരമുള്ളു. നമ്മുടെ ലക്ഷ്യം സാധുജനസംരക്ഷണമാകയാൽ പ്രചാരത്തിലുള്ള വില്ലു്, ചർക്ക, ഇവയിലൂടെമാത്രമേ അവർക്കു വല്ല സഹായവും ചെയ്യാൻ സാധിക്കയുള്ളു. ഒരുകാലത്തു് വിദ്യുച്ഛക്തി എല്ലാ വീടുകളിലും നടപ്പിൽ വരുന്നതായിരിക്കുമെന്ന് അഭിപ്രായമുള്ളപക്ഷം അതിലേക്കുള്ള മറുപടി പുനരാലോചന ചെയ്തു പിന്നീട് ഞാൻ നൽകുന്നതാണ്. എന്നാൽ ഇപ്പോഴാകട്ടെ പഞ്ഞിവെട്ടുന്നതിലേക്കു വിദ്യുച്ഛക്തി ഉപയോഗപ്പെടുത്തുന്നതിൽ എനിക്കു തികച്ചും പ്രതികൂലാഭിപ്രായമാണുള്ളതു്.

ചോദ്യം II—ചില ഉപകരണോല്പത്തി കേന്ദ്രങ്ങളിൽ വിദ്യുച്ഛക്തി ഉപയോഗപ്പെടുത്തിവരുന്നുണ്ടല്ലോ? ഇതിനെ അവിടുന്ന് അനുകൂലിക്കുന്നുണ്ടോ?

ഉത്തരം—ഉപകരണോല്പത്തികേന്ദ്രങ്ങൾ നഗരങ്ങളിൽ സ്ഥിതിചെയ്യുന്നപക്ഷം വിദ്യുച്ഛക്തി ഉപയോഗപ്പെടുത്തുന്നതിൽ തെറ്റില്ല. പക്ഷേ മനുഷ്യപ്രയത്നംകൊണ്ടു് നിർവഹിക്കാൻ സാധിക്കാത്ത കാര്യങ്ങൾക്കായിമാത്രമേ വിദ്യുച്ഛക്തിയെ ആശ്രയിക്കാവൂ. വ്യവസ്ഥീകരണത്തെ ഉദ്ദേശിച്ചുമാത്രം വിദ്യുച്ഛക്തി ഉപയോഗപ്പെടുത്തുവാൻ അഭിലഷിക്കുന്നതു് ക്ഷന്തവ്യമല്ല. ആദ്യമായി അതിലേക്കു് ഒരു പരിധി നിർണ്ണയിക്കുകയും, ആ പരിധിക്കു് അധീനമായി വിദ്യുച്ഛക്തി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിൽ തെറ്റില്ല.

ചോദ്യം III—ഉപകരണോല്പത്തികേന്ദ്രങ്ങളിലെ മാനേജർമാരും കൂലിവേലക്കാരുടെ ജോലികളിൽ പങ്കുകൊള്ളേണ്ടതാണെന്ന് അങ്ങ് അഭിപ്രായപ്പെടുകയുണ്ടായല്ലോ? ആ സംഗതിയിൽ എനിക്കു വിപരീതമായ അഭിപ്രായമാണ് അനുഭവംമൂലം ഉണ്ടായിട്ടുള്ളതു്? ഞാൻ ഒരു കേന്ദ്രത്തിലെ മാനേജരാണ്. മററു ജോലിക്കാരോടൊപ്പം തുല്യനിലയിൽ ജോലിയിൽ പങ്കെടുക്കുക സാധാരണയാണ്. ഇക്കാരണത്താൽ അവർ, ഞാൻ ഒരു മൂഢനാണെന്ന് സങ്കല്പിക്കുകയും തദനുസരണമായ മനോഭാവത്തോടുകൂടി എന്നോട് പെരുമാറിവരികയും ചെയ്യുന്നു. ഇത്തരത്തിലുള്ളവരുമായി സഹകരിക്കണമെന്നാണോ അങ്ങയുടെ അഭിപ്രായം?

ഉത്തരം—അവർ നിങ്ങളെ മൂഢനാണെന്ന് സങ്കല്പിച്ചാലും, നിങ്ങൾ, നിങ്ങളെ അപ്രകാരം സങ്കല്പിക്കുന്നില്ലല്ലോ? നാം കൂലിക്കാരുടെ ജോലിയിൽ പങ്കെടുക്കുമ്പോൾ, ആ ജോലിയിൽ ബുദ്ധിചാതുര്യവും, കഴിവും പ്രദർശിപ്പിക്കേണ്ടതാണ്. എന്നുമാത്രമല്ല നമ്മുടെ സഹകരണം അവർക്കു പ്രയോജനീഭവിക്കേണ്ടതുമാണ്.

ചോദ്യം IV—വസ്ത്രസ്വാവലംബനപദ്ധതി പരുത്തികൃഷിമുതൽ ആരംഭിക്കേണ്ടതാണെന്ന് പറയുന്നുണ്ടല്ലോ? ബീഹാറിലെ പൂർവ്വപ്രദേശങ്ങളിൽ പരുത്തി വിളവുണ്ടാകുന്നില്ല. അവിടങ്ങളിലെ നൂൽപ്പുകാർക്കു് വാർധായിൽനിന്നും പരുത്തി അയച്ചുകൊടുക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നതു്. ഇതിനെ യഥാർത്ഥത്തിലുള്ള സ്വാവലംബനപദ്ധതിയായി ഗണിക്കാൻ തരമുണ്ടോ?

ഉത്തരം—പരുത്തി എല്ലാപ്രാവിൻസുകളിലും ഉല്പാദിപ്പിക്കാൻ സാധിക്കുന്നതാണ്. മുൻകാലങ്ങളിൽ ഉല്പാദിപ്പിച്ചുവന്നിരുന്നു താനും. കാലാന്തരത്തിൽ കൃഷിപ്പണിയിൽ വ്യാപാരനയം കടന്നുകൂടി. തന്നിമിത്തം ചില പ്രദേശങ്ങളിൽ ആ കൃഷിയിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും, അതേ അവസരത്തിൽ മററു ചില പ്രദേശങ്ങളിൽ ആ കൃഷി പാടേ ഉപേക്ഷിക്കുകയും ചെയ്തുതുടങ്ങി. നമ്മുടെ ദൈനംദിനാവശ്യങ്ങൾക്കു് അത്യന്താപേക്ഷിതങ്ങളായ സാധനങ്ങൾക്കു വേണ്ടി മററുള്ളവരെ ആശ്രയിച്ചു ജീവിക്കുക എന്നതു് അഭിലഷണീയമല്ല. നാം ഓരോരുത്തരും നമ്മുടെ വസ്ത്രത്തിനുവേണ്ടിവരുന്ന പരുത്തി നമ്മുടെ വീട്ടിനു ചുററും കൃഷിചെയ്തുണ്ടാക്കേണ്ടതാണ്. കഴിഞ്ഞ ഇരുപത്തഞ്ചു കൊല്ലങ്ങളായി നടന്ന ഖാദിഉല്പാദനം മുഴുവനും പഞ്ഞിയെ ആശ്രയിച്ചുമാത്രമായിരുന്നു. പരുത്തി കൃഷിചെയ്യാതെ എങ്ങനെയാണ് നാം ഖാദിപ്രവർത്തനം നടത്തിവന്നതു് എന്നു നമ്മുടെ ഭാവിസന്തതികൾ അത്ഭുതപ്പെടുവാൻ ഇടയുണ്ടു്. "വിത്തുപാകാതെ വിളവെടുക്കാൻ ആശിച്ചവരെന്നു" നമ്മെപ്പററി ഒരുപക്ഷേ വിധികല്പിക്കുവാൻ വഴിയുണ്ടു്. ജ്ഞാനദേവൻ പറഞ്ഞിട്ടുള്ളതുപോലെ വൃക്ഷത്തിന്റെ മുകൾശാഖയിൽനിന്നുകൊണ്ടു് അടിഭാഗം ഖണ്ഡിക്കുംപോലെയാണ് നമ്മുടെ ഇന്നത്തെ പ്രവൃത്തികളെല്ലാം കാണുന്നതു്. ഇതിലേയ്ക്കു് ഉടനടി ഒരു പരിവർത്തനം അത്യന്താപേക്ഷിതമാണ്. പരുത്തി ഉല്പാദനംമുതല്ക്കുള്ള എല്ലാ പദ്ധതികളും കൈക്കൊണ്ടാൽമാത്രമേ, ഖാദിപ്രവർത്തനം വിജയപ്രാപ്തിയിൽ എത്തുകയുള്ളു.

—:*:—

* ഖാദിജഗത്തിൽനിന്നും

# വിനോദപംക്തി

രണ്ടു സ്നേഹിതന്മാർ നിരത്തിൽവച്ചു കണ്ടുമുട്ടി.

ഒരാൾ:—'ഹേ മിസ്റ്റർ! വിവാഹമെല്ലാം കഴിഞ്ഞതിന്റെശേഷം പിന്നീടു കണ്ടില്ല. തമ്മിൽ കണ്ടു സംസാരിച്ചിട്ടു കുറെനാളായല്ലോ?'

മറേറയാൾ:—"ഓ—സംസാരം. ആദ്യകാലത്തു പാറ സംസാരിച്ചു. ഞാൻ കേട്ടുകൊണ്ടിരുന്നു. പിന്നീടു ഞാൻ സംസാരിച്ചുതുടങ്ങി. അവൾ കേട്ടു. ഇപ്പോൾ ഞങ്ങൾതമ്മിലുള്ള സംസാരം രണ്ടയലിനപ്പുറമുള്ളവർപോലും കേൾക്കുന്നു."

*          *          *

ഡാക്ടർ:—"നിങ്ങളുടെ സ്ഥിതി ആശങ്കാജനകമായിട്ടാണ് കാണുന്നതു്. നിങ്ങൾക്കു ആരെ എങ്കിലും കാണണമെന്നുണ്ടോ?"

രോഗി.—"വേറെ ഒരു ഡാക്ടരെ കാണണം."

*          *          *

"ഏയ് നാണക്കേടായി. അച്ഛന്റെ മുടി അവിടവിടെ നരച്ചുപോയല്ലോ. എന്താണച്ഛാ! മുടി ഇങ്ങനെ വെളുത്തുപോകുന്നേ?" വയസ്സുപ്രായമുള്ള കോമളൻ അന്വേഷിക്കുകയായി.

ചിരിച്ചുകൊണ്ടു് പിതാവു് മറുപടി പറഞ്ഞു.

"അതിനു കാരണക്കാരൻ നീതന്നെ. നീ ഒരു കുററം ചെയ്യുമ്പോൾ എന്റെ ഒരു മുടി നരയ്ക്കും. അങ്ങനെ കുട്ടികൾ ചെയ്യുന്ന കുററത്തിന്റെ കണക്കനുസരിച്ചു് പിതാവിന്റെ മുടിയും വെളുത്തുതുടങ്ങും."

കോമളൻ:—"അപ്പോൾ നാളെമുതൽ അച്ഛൻ ആഫീസിൽ പോകാതെ ഈശ്വരനെ പൂജിക്കാൻ പോകയാണോ?"

പിതാവു്:—"ഉം. അതെന്തു്?"

കോമളൻ:—"അപ്പൂപ്പന്റെ തല പഞ്ഞിക്കെട്ടുപോലെ നരയ്ക്കാൻ മുമ്പിൽ അച്ഛൻചെയ്ത കുററത്തിനു് അതിരു കാണുമോ?"

*          *          *

അദ്ധ്യാപകൻ വടിയുമോങ്ങിക്കൊണ്ടു്—

"എത്ര ചോദ്യംചോദിച്ചു? താനെന്താണ് വായുംപൊളിച്ചു് കണ്ണുംമിഴിച്ചു നില്ക്കുന്നതു്? എന്തുകൊണ്ടു പാഠം പഠിച്ചില്ല. പറയൂ വേഗം?"

കുട്ടി:—"ഞാൻ നല്ലവണ്ണം പഠിച്ചു സാർ."

അദ്ധ്യാ:—"എന്നിട്ടു്! മനസ്സിലായില്ലേ."

കുട്ടി:—"ഉവ്വ് നല്ലവണ്ണം മനസ്സിലായി.

അദ്ധ്യാപകൻ പല്ലുഞെരിച്ചുകൊണ്ടു്.

"പഠിച്ചു, മനസ്സിലായി. പിന്നെ അങ്ങു വിളമ്പാനിത്ര താമസം എന്തായിരുന്നു."

കുട്ടി:—"മൗനം വിദ്വാനു ഭൂഷണം" എന്നു സാർ ഇന്നലെ പഠിപ്പിച്ചു.

അദ്ധ്യാപകൻ—"അതു് മൂർഖന്മാരുടെ മുമ്പിലല്ലേ വേണ്ടതു്."

കുട്ടി:—"അതെ."

*          *          *

പൊടിവീണു് തിരുമ്മിയതിനാൽ മേനോന്റെ കണ്ണിൽക്കൂടി നയനജലം ധാരയായി പ്രവഹിച്ചുകൊണ്ടിരുന്നു. കണ്ണുനീർവാർക്കുന്ന പിതാവിന്റെ താടിയിൽ തടവിക്കൊണ്ടു കുഞ്ഞു് ചോദിക്കുകയാണ്:—

"അച്ഛാ! അച്ഛനെന്തിനു കരയുന്നേ? അമ്മ അടിച്ചോ?"

മേനോൻ:—"അതെന്തു്? കുഞ്ഞിനെ അമ്മ തല്ലാറുണ്ടോ?"

കുഞ്ഞു്:—"ഉവ്വ്."

*          *          *

ഫിലിപ്പ് ബി. എ-ക്കു് പഠിക്കുകയാണ്. അയാളുടെ കൊച്ചനുജൻ ചാർളി മലയാളം രണ്ടാംക്ലാസ്സിലും. പക്ഷേ ചാർളി ഒരു കുസൃതിക്കുട്ടനാണ്.

ചാർളി:—"ചേട്ടാ! ആകാശത്തു് ആകെ എത്ര നക്ഷത്രമുണ്ടു്?"

ഫിലിപ്പ്:—ധാരാളമുണ്ടു്. എണ്ണി കണക്കുകൂട്ടാൻ പ്രയാസമാണ്?'

ചാർളി:—ചേട്ടൻ തോററു. ഞാൻ പറഞ്ഞുതരാം, സമ്മതിച്ചോ?"

ഫിലിപ്പ്:—"ഉവ്വ്."

ചാർളി:—"നൂറെണ്ണം ശരി. അല്ലെങ്കിൽ ചേട്ടൻ എണ്ണിക്കാണിച്ചു തരൂ?"

*          *          *

സിഗററു പുകച്ചുകൊണ്ടു് ഡാക്ടർ പറഞ്ഞു.

"മിസ്റ്റർ. പൊടി ഉപയോഗിക്കുന്നതു് മൂക്കിനുമാത്രമല്ല തലയ്ക്കും ബുദ്ധിയ്ക്കും ഒരുപോലെ ദോഷമുണ്ടാക്കുന്നതാണ്."

കൂട്ടുകാരൻ:—"ഡാക്ടർ! ഇക്കാര്യത്തെക്കുറിച്ചു് ഞാൻ തലകാഞ്ഞു് പലനാൾ ആലോചിച്ചു. പക്ഷേ ഫലമുണ്ടായില്ല. മുറുക്കാനോ, ബീഡിയോ, സിഗറേറാ, ഒന്നുംതന്നെ മൂക്കിൽ കയറാത്തസ്ഥിതിക്കു് ഇപ്പോൾ പൊടികൊണ്ടു മാത്രം തൃപ്തിപ്പെടുകയാണ്."

—o—



സഹകരണം—അഗ്നിബാധയാൽ നശിച്ചുപോയ ഒരു ധാന്യസംഭരണശാലയ്ക്കുപകരം മറെറാന്നു പണിതീർക്കുന്നതിനു ഒഹയോയിലെ ഒരു കർഷകന്റെ അയൽവാസികളായ ൧൬൦ പേർ സഹകരണഹസ്തം നീട്ടുകയുണ്ടായി. ദുരിതാശ്വാസം, വിദ്യാഭ്യാസം മതപ്രചരണം എന്നീ കാര്യങ്ങളിൽ പ്രശസ്തപ്രവർത്തനം നടത്തിവരുന്ന അമീഷ് ക്രിസ്ത്യൻ വിഭാഗത്തിൽപെട്ടവരാണിവർ. രാവിലെ ജോലി തുടങ്ങുകയും ഒൻപതരമണിക്കു് 'ചട്ടക്കൂട്' മുഴുവൻ തീരുകയുംചെയ്തു. ഇന്നൻ പേർ ഒരുമിച്ചു പലഭാഗത്തും ജോലിചെയ്യുന്നതാണ് ചിത്രത്തിൽ കാണുന്നതു്. ഉച്ചഭക്ഷണം ഫ്വൻ സ്ത്രീകൾ പാകംചെയ്തു വിളമ്പിയതു കഴിച്ചശേഷം ജോലി തുടർന്നു വൈകുന്നേരമായപ്പോൾ ശേഷ്യം കതിര, പത്തു ഇവയ്ക്കു തൊഴുത്തു്, പുല്ലുകൂട്, കതകുകൾ, ജനാലകൾ മുതലായവ തീർത്തു. മുൻപറഞ്ഞ കർഷകനായ മി: വീവർ ചിലവിൽ നാലിലൊന്നും അയൽക്കാർ ബാക്കിയും ചിലവുവഹിച്ചു.

Reg: No. 2689 T. 19. Licence No. 427







൧൬

൧൧൧൨ തിരുവനന്തപുരത്തുവച്ച് ജനുവരി 24-ാംനു നടന്ന ഒളിമ്പിക്ക് സ്പോർട്ട്സ് മത്സരം:—മുകളിലത്തെ വരിയിൽ:-പോൾവാൾട്ടിൽ തിരുവനന്തപുരം പേട്ടയിലെ ശ്രീ. വാമദേവൻ ചാടിയ അവസരത്തിലെടുത്ത ചിത്രം. കൊച്ചിൻ ഇൻഫൻട്രിയും രണ്ടാം തിരുവിതാംകൂർ നായർപട്ടാളവും തമ്മിൽ നടന്ന വടംപിടിത്തമത്സരം. തിരുവിതാംകൂർ നായർപട്ടാളം വിജയികളായി.

രണ്ടാമത്തെ വരിയിൽ:-ഷാട്ട്പുട്ട് മത്സരത്തിൽ മി. ജെ. ഈ. ഡാനിയൽ (ക്യു. ഏ. ഏ.) ഗുണ്ടെറിയുന്നതു്. നൂറു മീററർ നീന്തൽമത്സരത്തിൽ റെക്കാർഡ് ഭേദിച്ചുകൊണ്ട് തിരു: നായർപട്ടാളത്തിലെ ശ്രീ. എൻ. ഗംഗാധരൻപിള്ള ഒന്നാംസമ്മാനം വാങ്ങുന്നു. സൈക്കിൾമത്സരത്തിൽ പങ്കെടുത്ത സൈക്കിൾവിദഗ്ദ്ധൻ. ലെഫ്: കേണൽ ഗോദവർമ്മരാജാ അവർകൾ വിജയികൾക്കു സമ്മാനദാനം നിർവ്വഹിച്ചു.





# ഈ ആഴ്ചയിലെ നക്ഷത്രഫലം

സാമാന്യമായുള്ള ഈ ഫലത്തിനു കാലം, പ്രായം, നില, സ്ഥാനം, ഇവ അനുസരിച്ച് ചില വ്യത്യാസങ്ങൾ സംഭവിക്കാം.

തകഴി കെ. രാമവാര്യർ

൫-൭-൧൧൧൨.—൧൧-൭-൧൧൧൨

അശ്വതി:—ആനുകൂല്യമായ വ്യതിയാനം സ്ഥാനലബ്ധി വ്യാപാരവൃദ്ധി, സ്ത്രീവർഗ്ഗഹേതുകമായ കലഹം, നിത്യനൈമിത്തികമായ കാര്യങ്ങൾക്ക് വരുമാനത്തിൽ കവിഞ്ഞ വ്യയം; പരിശ്രമത്തിനു വിപരീതഫലം.

ഭരണി:—പണക്കുഴപ്പത്താൽ കരാറുകൾ തകരാറിലാവുക. സഹായ സഹപ്രവർത്തകശല്യം, മനോവ്യഥാധിക്യം, സന്താനസംരക്ഷണത്തിനുള്ള തീവ്രശ്രമം, ധനധാന്യവിഭവനഷ്ടം, രാഷ്ട്രീയകാര്യങ്ങളിൽ രഞ്ജിപ്പിനുള്ള രതി. അതിഥികളിൽ സൽക്കാരം.

കാർത്തിക:—രക്തദോഷാദികളാൽ ഉളവാകുന്ന രോഗം, സന്താനാരിഷ്ട, കാർഷികതത്വവേണ്ടിയുള്ള അദ്ധ്വാനം, പത്രപാരായണാസക്തി, അധികാരികളുടെ അന്യായമായ പ്രവൃത്തികളിൽ വെറുപ്പ്, കളത്രപീഡ.

രോഹിണി:—ഗൃഹത്തിൽ അന്തഃഛിദ്രങ്ങൾ വളരും വിശ്രമക്കുറവ്, ചലനം ശരീരത്തിനു കൂട്ടതലായ ചൂട്. തനിച്ചു സഞ്ചരിക്കുന്നതിൽനിന്നു നഷ്ടം. പരികീയധനപരിവർത്തനം, അവിചാരിതമായ ധനവിനിയമനം, ക്രമത്തിലധികം യാത്രാക്ലേശം.

മകയിരം:—ധനപരമായ കാര്യങ്ങളാൽ മനസ്സ് വിഷമിക്കുക, ഔഷധസേവയിൽ വൈപരീത്യം. വ്യവഹാരങ്ങൾക്കിടവരുക, സഹപ്രവർത്തകരുടെ നീചമനോഭാവം, കഠിനാദ്ധ്വാനങ്ങൾക്ക പ്രേരിതനാവുക.

തിരുവാതിര:—സ്വന്തകാര്യങ്ങളിൽ അലസത, അർഹതാലഭ്യമായ ഗുണങ്ങൾ അലഭ്യമാകുക, പുതിയ സ്നേഹിതന്മാരെ ലഭിക്കുക, ചിരപ്രതീക്ഷിത വിഷയസാദ്ധ്യത, പ്രസംഗപാടവത്വം; സംഘടനാഗുണം—പല ഇനങ്ങളിൽ വ്യയം.

പുണർതം:—പൂർവ്വാപരവിരുദ്ധമായ പ്രവൃത്തികൾ, നയതന്ത്രമായ ഗൂഢാലോചനകളിൽ ഏർപ്പെടുക, വിദ്യാഭ്യാസവിഷയങ്ങളിൽ മന്ദത, സമാധാനപരിപാലകരിൽനിന്നുള്ള അസ്സമാധാനത, പൊതുജനസഹായപ്രതീക്ഷ, ക്ഷതം വ്രണപീഡ, ചില പുതിയ ബന്ധുതയ്ക്കുള്ള ആലോചന.

പൂയം:—വിജ്ഞന്മാരിൽ വിപ്രതിപത്തി രാഷ്ട്രീയവിഷയങ്ങളിൽ പിൻതിരിപ്പൻ മനോഭാവം. അസ്ഥാനനില, കർമ്മവിഹീനത, അർഹമായ ധനത്തിന് വിളംബം. വാഗ്ദത്തങ്ങൾ വിരുദ്ധങ്ങളാവുക, അയുക്തധനം കരഗതമാവുക, കളത്രപീഡ.

ആയില്യം:—ധനവിഷയങ്ങളിൽ വിഷമതവർദ്ധിച്ചിരുന്നാലും മുട്ടുകൂടാതെ കഴിച്ചു നടപ്പിലാകയും വന്ദ്യന്മാരുമായി വൈരം വളരുകയും സന്താനസമ്മേളനത്താൽ സന്തോഷവും ഭക്ഷണകാര്യത്തിൽ ഭിക്ഷുതയും കക്ഷിമത്സരങ്ങളിൽ ഭക്ഷതാവും ഫലം.

മകം:—പരാജയം, ശിരോരോഗം, സ്ഥാനഭ്രംശം, ധനക്ഷയം, അസ്വാസ്ഥ്യാധിക്യം, ദുഃഖം, ദുഷ്കീർത്തി.

പൂരം:—പതനഭയം, പതിതന്മാരിൽനിന്നുള്ള പണലാഭം, സക്കാരുമായുള്ള തർക്കങ്ങൾ, കച്ചവടക്കാരുമായുള്ള ചങ്ങാതിത്വം, സന്താനങ്ങളുമായുള്ള അസ്സമാധാനം, സദാ സ്വാസ്ഥ്യക്കുറവ്.

ഉത്രം:—മിത്രങ്ങളുടെ അമിത്രത്വം, ദാനധർമ്മങ്ങളിൽ ഇച്ഛ, പൊതുജനമദ്ധ്യത്തിൽ നേതൃത്വം നേടുന്നതിൽ നിപുണത, ആഭരണങ്ങളുടെ ക്രയവിക്രയം, ധാന്യങ്ങളുടെ നഷ്ടം തൊഴിലാളിവർഗ്ഗങ്ങളിൽനിന്നും ശല്യതകൾ പണിമുടക്കത്താൽ നഷ്ടം.

അത്തം:—വായുക്ഷോഭം, ഗൃഹാവശ്യങ്ങളുടെ വിഷമത, പ്രവൃത്തികളിൽനിന്നുള്ള പിരിവ്, വിവാഹവിഷയാന്വേഷണം, അമിതലാഭമെടുക്കുന്ന മുതലാളികളുടെ സഹായത്വം.

ചിത്തിര:—ഉൽക്കർഷം, ഉന്മേഷം, ലേഖനസാമർത്ഥ്യം, നിലവിട്ടുള്ള അഹങ്കാരം, വർഗ്ഗവിദ്വേഷം, ധനവിഷയമായ പുഷ്ടി, ഭരണാധിപന്മാരുടെ അടുക്കൽ വിരോധം.

ചോതി:—നിരുത്തരവാദിത്വമായ കാര്യങ്ങളിൽ ഏർപ്പെടുക, അന്യച്ചുമതലകൾ വഹിക്കുക. ഉപകാരസ്മരണയുടെ കുറവു, വിഷജന്തുക്കളിൽനിന്നുമുള്ള ശല്യം. കളത്രവിരഹം, അകൃത്രിമവാസന.

വിശാഖം:—അപഥ്യാചരണം രക്തംചൂടുപിടിക്കുക, ഭൃത്യവർഗ്ഗത്തോടു കലഹം, ലളിതകലകൾ കാണുന്നതിൽ സന്തോഷം നയനപീഡ സഞ്ചാരം, ത്രിദോഷകോപം.

അനിഴം—യാതനാഗുണങ്ങൾ അസംസ്കൃതഭക്ഷണപദാർത്ഥരതി, സ്വപ്രവൃത്തികളിൽ ഉദാസീനത, സുന്ദരമായ ഭാവികാര്യത്തെപ്പററിയുള്ള ശ്രദ്ധ, ധിവിധതരത്തിൽ ധനഗുണം.

തൃക്കേട്ട:—കഠിനപ്രവൃത്തികൾ ചെയ്ത് ആദായം ഉണ്ടാക്കുന്നതിന് മുതിരുക, ശത്രുവിജയം, അന്യകാര്യങ്ങളിൽ അനവരതം ഇടപെടുക, ഗൃഹസുഖം, സ്നേഹിതരുടെ വേർപാട്.

മൂലം:—ഇഷ്ടകാര്യസിദ്ധി, കുതന്ത്രപ്രവീണത, ഈശ്വരകാര്യങ്ങളിൽ ധനവ്യയം, മതവിഷയങ്ങളിൽ പ്രബുദ്ധത, മൈത്രീഗുണം.

പൂരാടം:—സ്വകർമ്മപതനം, സ്നേഹിതരേക്കൊണ്ടുള്ള ഉപകാരം, ആഭരണനഷ്ടം, വിദേശയാത്രയിൽ ഔൽസുക്യം, അഭിജാതം, അഭിമാനത്തിനുവേണ്ടിയുള്ള വ്യയം.

ഉത്രാടം:—സ്വജനങ്ങളാൽ ചിത്തശല്യം, വിനോദകാര്യങ്ങളിൽ ഇഷ്ടം, ശത്രുക്കൾ ചുററപാടും നിറയുക, ഏതെങ്കിലും വ്യാപാരം നടത്തണമെന്നുള്ള ആഗ്രഹം, സൽക്കാരപ്രിയം.

ഓണം:-സക്കാരുമായുള്ള കാര്യങ്ങളിൽ തലയിടുക, സ്വന്തംകാര്യങ്ങളിൽ അമാന്തം, ശത്രുക്കൾ നിറയുക, പൊതുക്കാര്യങ്ങളിൽ ഓരോരുത്തർവന്നു ക്ലേശിപ്പിക്കുക, ഗുരുജനവേർപാട്.

അവിട്ടം:—പുതിയ പ്രസ്ഥാനങ്ങളിൽ ഭാഗഭാക്കാവുക, ശരീരാസ്വാസ്ഥ്യം, പ്രവൃത്തികളിൽനിന്ന് ശരിയായ ആദായം നീചപന്മാവിൽക്കൂടി ലഭിക്കുക, സഹപ്രവർത്തകരാൽ വിഷമത.

ചതയം:—അന്യരിൽനിന്നും അപവാദം, ക്രൂരങ്ങളായ പ്രവൃത്തികളിൽ ഇടപെടേണ്ടതായിവരുക, പറയുന്നതുപോലെ പെരുമാറുന്നതിൽ ഉള്ള അവിചാരിതവിഷമത, സന്താനങ്ങൾക്ക് രോഗാദിപീഡ.

പൂരുരുട്ടാതി:—നീർവീഴ്ച, ജലദോഷം, ദാനധർമ്മനിരതത്വം, പുതിയ സുഹൃത്തുക്കളിൽനിന്നുള്ള സമ്മേളനസന്തോഷം, ക്ഷതങ്ങൾ, വിരഹം.

ഉത്തൃട്ടാതി:—സ്വജനങ്ങളുമായുള്ള സൈ്വരക്കുറവ്, പണക്കുഴപ്പം, തലവേദന, ഉഷ്ണാധിക്യം, കളത്രാരിഷ്ടം, നിരുന്മേഷം, ഉറക്കക്കുറവ്, പുസ്തകപാരായണാസക്തി, രുചിപ്രദമായ ഭക്ഷണസ്വഭാവം.

രേവതി:—പുതിയ പദ്ധതികൾ ആസൂത്രണംചെയ്യുക, മനഃക്ലേശം, സന്താനങ്ങളുടെ വിരുദ്ധമനോഭാവം, അന്യസഹായലഭ്യത, പൊതുക്കാര്യങ്ങളിൽ പ്രവേശിക്കുക, വാഹനഭയം.

—ഒ—

Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.